# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly

VEDAPRACHARA MADHYASTHAN

വാല്യം 96

ലക്കം 03

2023 സെപ്റ്റംബർ

Price Rs. 25/- Annual Subscription Rs. 300/-




The official organ of
the Archeparchy of Changanacherry

2023

സെപ്റ്റംബർ

# പ്രാർത്ഥനാശംസകൾ



**ഗോരഖ്പുർ രൂപതയുടെ നിയുക്ത മെത്രാൻ**

**മോൺ. മാത്യു നെല്ലിക്കുന്നേൽ CSTക്ക്**

**ചങ്ങനാശേരി അതിരൂപതാകുടുംബത്തിന്റെ**

**ആശംസകൾ**



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ


ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 96 ● ലക്കം 03 ● 2023 സെപ്റ്റംബർ

# ഉള്ളടക്കം


സിനഡനന്തര സർക്കുലർ (Prot. No. 0894/2023) .......................... 05
സംയുക്ത സർക്കുലർ (23 Ch. 290-371) ......................................10
കച്ചേരിക്കാര്യം.........................................................................14
റിപ്പോർട്ട് - ആഗോള യുവജനസമ്മേളനം 2023 (WYD)....................15
സന്ദേശനിലയം.........................................................................21
ചെറുപുഷ്പ മിഷൻലീഗ്.............................................................. 24
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ...................... 27
ഫാമിലി അപ്പോസ്തലേറ്റ്..............................................................33
യുവദീപ്തി - SMYM ....................................................................35
കെ.സി.എസ്.എൽ. .......................................................................36
CHASS..................................................................................... 37
ജീവകാരുണ്യനിധി ട്രസ്റ്റ്............................................................. 42
DFC......................................................................................... 43
ആതുരശുശ്രൂഷാമേഖല................................................................ 45
എൽഡേഴ്സ് ഫ്രറ്റേണിറ്റി............................................................. 48
പ്രവാസി അപ്പോസ്തലേറ്റ് ........................................................... 49
KLM ........................................................................................ 50
ആത്മതാകേന്ദ്രം ......................................................................... 52
DCMS .......................................................................................53
ലീജിയൻ ഓഫ് മേരി.................................................................... 55
SFO......................................................................................... 56
വിൻസെൻഷ്യൻ വേദി.................................................................. 57
കരിസ്മാറ്റിക് നവീകരണം........................................................... 58
പൗരോഹിത്യ ആദ്ധ്യാത്മികത....................................................... 60
അഭിവന്ദ്യ പിതാക്കന്മാരുടെ DIARY ............................................. 65
അഭിവന്ദ്യ പിതാക്കന്മാരുടെ ENGAGEMENTS ...............................71


വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ
മുഖപത്രം


Archbishop House, P.B. No. 20, Changanacherry P.O., Kottayam 686 101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com

Annual Subscription: Rs. 300/-

Prot. No. 0894/2023

# സിനഡനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അൽമായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിയൊന്നാമതു സിനഡിന്റെ മൂന്നാമത് സമ്മേളനം 2023 ഓഗസ്റ്റ് 21 മുതൽ 26 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലികവിഷയങ്ങളെക്കുറിച്ചു പഠിക്കാനും പ്രതിസന്ധികൾക്കുള്ള പരിഹാരം പ്രാർത്ഥനാപൂർവം അന്വേഷിക്കാനുമാണു സിനഡുപിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനു ഹൃദയപൂർവം നന്ദിപറയുന്നു.

**പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ ദൗത്യനിർവഹണം**

പതിറ്റാണ്ടുകളായി നമ്മുടെ സഭയിൽ ഏകീകൃതരീതിയിലുള്ള വി. കുർബാനയർപ്പണത്തിനായി നാം പരിശ്രമിക്കുകയായിരുന്നല്ലോ. സീറോമലബാർസഭയിൽ എറണാകുളം-അങ്കമാലി അതിരൂപതയിലൊഴികെ മറ്റെല്ലാ രൂപതകളിലും ഏകീകൃതരീതിയിലുള്ള വി. കുർബാനയർപ്പണം നടപ്പിലായി. ഈ വിഷയത്തിൽ അതിരൂപതയിൽ രൂപപ്പെട്ട പ്രതിസന്ധികൾ പരിഹരിക്കാൻ വിവിധതലങ്ങളിൽ പരിശ്രമിച്ചെങ്കിലും വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. ഏകീകൃത വി. കുർബാനയർപ്പണവുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനുള്ള അവസാന മാർഗം എന്നനിലയിലാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആർച്ചുബിഷപ് സിറിൽ വാസിലിനെ പൊന്തിഫിക്കൽ ഡെലഗേറ്റായി നിയമിച്ചത്. ഓഗസ്റ്റ് 4 നു കേരളത്തിലെത്തിയ ആർച്ചുബിഷപ് സിറിൽ വാസിൽ എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട

വിവിധ വിഭാഗം ജനങ്ങളുമായി തന്റെ ദൗത്യത്തിന്റെ ഭാഗമായി ചർച്ച കൾ നടത്തി. എന്നാൽ, പൊന്തിഫിക്കൽ ഡെലഗേറ്റിനെതിരെ എറണാകുളം കത്തീഡ്രൽ ബസിലിക്കയിലുണ്ടായ പ്രതിഷേധം സഭയ്ക്ക് അഗാധമായ ദുഃഖമുണ്ടാക്കി. അദേഹത്തിനെതിരെ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിക്കുകയും സംഘർഷസാഹചര്യം സൃഷ്ടിക്കുകയും ചെയ്തതു പൊതുസമൂഹത്തിലും സാർവത്രികസഭയിലും നമ്മുടെ സഭയ്ക്ക് അപമാനമുണ്ടാക്കി. ഓഗസ്റ്റ് 21, 22 തിയതികളിലായി രണ്ടു തവണ പൊന്തിഫിക്കൽ ഡെലഗേറ്റ് സീറോമലബാർസിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. അച്ചടക്കവും കൂട്ടായ്മയുമില്ലാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ലെന്നും അതിനായുള്ള കർശനനടപടികൾ ആരംഭിച്ചുവെന്നും അദേഹം അറിയിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും പൊന്തിഫിക്കൽ ഡെലഗേറ്റുവഴി പരിശുദ്ധ പിതാവിന്റെ തീരുമാനത്തിനു വിധേയമായിരിക്കും.

തന്റെ ദൗത്യത്തിന്റെ ആദ്യഘട്ടംപൂർത്തിയാക്കി ഓഗസ്റ്റ് 23-ാം തിയതി റോമിലെത്തിയ ആർച്ചുബിഷപ് സിറിൽ വാസിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുമായി കൂടിക്കാഴ്ച്ച നടത്തി. ഓഗസ്റ്റ് 4 മുതൽ 22 വരെയുള്ള ദിവസങ്ങളിൽ എറണാകുളം-അങ്കമാലി അതിരൂപതയിൽ താൻ നടത്തിയ സന്ദർശനത്തെക്കുറിച്ചും അതിരൂപതയിലെ ഇപ്പോഴത്തെ സ്ഥിതിഗതികളെകുറിച്ചും പരിശുദ്ധ പിതാവിനെ അദേഹം അറിയിച്ചു. മാർപാപ്പായുടെയും പൗരസ്ത്യതിരുസംഘത്തിന്റെയും നിർദേശങ്ങളുടെ വെളിച്ചത്തിൽ ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനങ്ങളിൽ ഉറച്ചുനിൽക്കാൻ മാർപാപ്പ ആവശ്യപ്പെട്ടതായി അദേഹം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ അറിയിച്ചു. പൗരസ്ത്യസഭകളുടെ കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ക്ലൗദിയോ ഗുജറോത്തിക്കും അതിരൂപതയുടെ പ്രതിസന്ധികളെക്കുറിച്ചു വിശദമായ റിപ്പോർട്ട് ആർച്ചുബിഷപ് വാസിൽ നൽകിയിട്ടുണ്ട്. ഏകീകൃത വി. കുർബാനയർപ്പണരീതിയെക്കുറിച്ചുള്ള സീറോമലബാർസിനഡിന്റെയും മാർപാപ്പായുടെയും തീരുമാനം പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള തന്റെ ദൗത്യം തുടരുമെന്നും പൊന്തിഫിക്കൽ ഡെലഗേറ്റ് അറിയിച്ചിട്ടുണ്ട്.

പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ ദൗത്യം സുഗമമാക്കുന്നതിന്റെ ഭാഗമായി എറണാകുളം-അങ്കമാലി അതിരൂപതാംഗങ്ങളുമായി ചർച്ച തുടരുവാൻ സിനഡ് തീരുമാനിച്ചു. സംഭാഷണം സുഗമമാക്കാൻ 9 മെത്രാന്മാരടങ്ങിയ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഈ സമിതി ചർച്ചകൾക്കു തുടക്കംകുറിച്ചിട്ടുണ്ട്. ചർച്ചയിൽ ഉരുത്തിരിയുന്ന പരിഹാരമാർഗങ്ങൾ

പൊന്തിഫിക്കൽ ഡെലഗേറ്റുവഴി പരിശുദ്ധ പിതാവിനു സമർപ്പിക്കുകയും ശ്ലൈഹികസിംഹാസനം നൽകുന്ന നിർദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കുകയും ചെയ്യുന്നതാണ്. വ്യക്തിപരമോ പ്രാദേശികമോ ആയ അഭിപ്രായവ്യത്യാസങ്ങൾ മറന്നു നമുക്ക് ഒരുമനസ്സോടെ മുന്നോട്ടു നീങ്ങാം. എല്ലാറ്റിനെയും ഒന്നിപ്പിക്കുന്ന നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ബലിവേദി നമ്മുടെ കൂട്ടായ്മയുടെ ഉറവിടമാകട്ടെയെന്നു പ്രാർത്ഥിക്കുന്നു. പ്രശ്നപരിഹാരത്തിനു വിഘാതമാകുന്ന പ്രസ്താവനകളിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും എല്ലാവരും വിട്ടുനിൽക്കണമെന്നു സ്നേഹപൂർവം ഓർമിപ്പിക്കുന്നു. എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന പ്രതിസന്ധികളുടെ പരിഹാരം ഈ വർഷത്തെ എട്ടുനോമ്പാചരണത്തിലെ പ്രത്യേകനിയോഗമായി നമുക്കു സമർപ്പിക്കാം.

## മണിപ്പൂർ കലാപം

മതേതരഭാരതത്തിന്റെ ഹൃദയത്തിലേറ്റ ആഴമേറിയ മുറിവാണ് മണിപ്പൂർ കലാപം. സാമൂഹികസംവരണത്തെക്കുറിച്ചുള്ള കോടതിവിധിയോടുള്ള പ്രതിഷേധമായി പൊട്ടിപ്പുറപ്പെട്ട ഗോത്രകലാപമായാണു മണിപ്പൂരിലെ സംഘർഷങ്ങൾ ആരംഭിച്ചത്. ഈ സംഘർഷത്തിന്റെ മറവിൽ ഇരുഗോത്രങ്ങളിലെയും ആളുകൾ പീഡനങ്ങൾക്കു വിധേയരായിട്ടുണ്ട്. ഇവരിൽ നല്ലൊരുപങ്കും ക്രൈസ്തവരാണ്. കലാപത്തിൽ 170ൽ പരം ആളുകൾക്കു ജീവഹാനി സംഭവിക്കുകയും ആയിരക്കണക്കിനു ഭവനങ്ങളും ആരാധനാലയങ്ങളും തകർക്കപ്പെടുകയും ചെയ്തു. പതിനായിരങ്ങൾ പ്രാണരക്ഷാർത്ഥം പലായനം ചെയ്യേണ്ടിവന്നു. അത്യാധുനിക ആയുധങ്ങളുമായി കലാപകാരികൾ കഴിഞ്ഞ മൂന്നരമാസമായി അഴിഞ്ഞാടുന്ന സാഹചര്യത്തിൽ ക്രമസമാധാനം തിരിച്ചുകൊണ്ടുവരാൻ സർക്കാർ ആത്മാർത്ഥമായി പരിശ്രമിക്കണം. പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതു കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്. ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരെ പീഡനങ്ങൾ വർധിച്ചുവരുന്നതു തികച്ചും ആശങ്കാജനകമാണ്.

മണിപ്പൂർ കലാപത്തിനെതിരായ വികാരം രാജ്യമൊന്നാകെ ജാതിമതഭേദമന്യേ ഉയർന്നുവെന്നതു മതേതരഭാരതത്തിൽ പ്രത്യാശ പകരുന്ന വസ്തുതയാണ്. മണിപ്പൂരിലെ നമ്മുടെ സഹോദരങ്ങളുടെ സങ്കടത്തിൽ അവരോടൊപ്പം നിൽക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. മണിപ്പൂരിൽ സമാധാനവും ശാന്തിയും സുഗമമാക്കാൻ നമുക്ക് ആത്മാർഥമായി

പ്രാർത്ഥിക്കാം. മണിപ്പൂരിനെ പുനർനിർമിക്കാനുള്ള പരിശ്രമങ്ങളിൽ ഭാരത കത്തോലിക്കാസഭയുടെ സാമൂഹികസേവനവിഭാഗമായ കാരിത്താസ് ഇന്ത്യ ക്രിയാത്മകമായി ഇടപെടുന്നുണ്ട്. കാരിത്താസ് ഇന്ത്യയുടെ പ്രവർത്തനങ്ങൾക്കു നമ്മുടെ സഭ എല്ലാവിധത്തിലുമുള്ള പിന്തുണയും നൽകുന്നുണ്ട്. മണിപ്പൂരിൽ ഭവനരഹിതരും അനാഥരുമായിത്തീർന്ന വിദ്യാർത്ഥികൾക്കു സൗജന്യവിദ്യാഭ്യാസം നൽകാനുള്ള പരിശ്രമ ങ്ങൾ നമ്മുടെ വിവിധ രൂപതകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട് എന്നതും സ്വാഗതാർഹമാണ്. മണിപ്പൂരിനെ പുനർനിർമിക്കാനുള്ള പദ്ധതിയിൽ നാമെല്ലാവരും ആത്മാർത്ഥമായി സഹകാരികളാകണം.

## മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി

സീറോമലബാർസഭയുടെ അഞ്ചാമത് മേജർ ആർക്കിഎപ്പിസ് കോപ്പൽ അസംബ്ലി 2024 ഓഗസ്റ്റ് 23 മുതൽ 25 വരെയുള്ള തിയതികളിൽ പാലാ രൂപതയുടെ അജപാലനകേന്ദ്രമായ അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നതാണ്. *കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർസഭയിൽ* എന്നതാണ് മേജർ ആർക്കിഎപ്പിസ് കോപ്പൽ അസംബ്ലിയുടെ പ്രമേയം. ഇടവക-രൂപതാതലങ്ങളിലും സന്യാസസമൂഹങ്ങളിലും ഈ വിഷയത്തെക്കുറിച്ചുള്ള മാർഗരേഖയുടെ അടിസ്ഥാനത്തിൽ സഭാംഗങ്ങളെല്ലാവരും ക്രിയാത്മകമായ ചർച്ചകൾ നടത്തണം. നിങ്ങളുടെ ചർച്ചകളിൽ ഉരുത്തിരിയുന്ന ആശയങ്ങളെ ക്രോഡീകരിച്ചുകൊണ്ട് അസംബ്ലിക്കുള്ള പ്രവർത്തനരേഖ തയ്യാറാക്കു ന്നതാണ്. സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി യുടെ വിജയകരമായ നടത്തിപ്പിനു നിങ്ങളുടെ സഹകരണവും പ്രാർ ത്ഥനയും ആവശ്യമാണ്.

## വെബ്സൈറ്റിന്റെ ഉദ്ഘാടനം

നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിൽ കൂടുതൽ ദൃശ്യമാക്കുന്നതിന്റെ ഭാഗമായി സീറോമലബാർസഭയുടെ നവീകരിച്ച വെബ്സൈറ്റ് (www.syromalabarchurch.in) ഈ സിനഡിൽ ഉദ്ഘാടനം ചെയ്യ പ്പെട്ടു. സീറോമലബാർസഭയെക്കുറിച്ചും സഭയുടെ പ്രവർത്തനങ്ങളെ ക്കുറിച്ചും ഇവിടെ ലഭ്യമാകുന്ന വിവരങ്ങൾ നിങ്ങൾ പ്രയോജനപ്പെടു ത്തുമല്ലോ.

## ഗോരഖ്പൂർ രൂപതയ്ക്കു പുതിയ ഇടയൻ

സീറോമലബാർസഭയുടെ ഗോരഖ്പൂർ രൂപതയുടെ പുതിയ ഇടയ നായി ചെറുപുഷ്പ സന്യാസസമൂഹാംഗമായ ഫാ. മാത്യു നെല്ലിക്കു

ന്നേൽ CSTയെ മാർപാപ്പ നിയമിച്ചു. നിയുക്തമെത്രാനും ഗോരഖ്പുർ രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും അഭിനന്ദനങ്ങളും പ്രാർത്ഥനാപൂർവം നേരുന്നു. കഴിഞ്ഞ പതിനേഴുവർഷമായി ഗോരഖ്പുർ രൂപതയെ വളർച്ച യുടെ പാതയിൽ കൃപയോടെ നയിച്ച അഭി. മാർ തോമസ് തുരുത്തിമറ്റം CST പിതാവിനോടു സീറോമലബാർസഭ ഏറെ കടപ്പെട്ടിരിക്കുന്നു. സഭയ്ക്കും സമൂഹത്തിനും പ്രത്യേകിച്ചു ഗോരഖ്പുർ രൂപതയ്ക്കും പിതാവിന്റെ ശ്ലൈഹികശുശ്രൂഷ അനുഗ്രഹമായിരുന്നു.

നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദി പറയാം. ദൈവത്തിന്റെ അനുഗൃഹീതമാതാവും നമ്മുടെ അമ്മയുമായ പരി. കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹാ യുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരി ശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായി രിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2023-ാം ആണ്ട് ഓഗസ്റ്റ് മാസം 26-ാം തീയതി നൽകപ്പെട്ടത്.

+ G. Alencherry

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

**NB:** ***2023 സെപ്റ്റംബർ 10 ഞായറാഴ്ച*** *പരി. കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*

## സംയുക്ത സർക്കുലർ

**23 Ch. 290-371**

# ബിസിനസ് സംരംഭകർക്ക് പരിശീലനം

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, യുവജനങ്ങളേ,

മനുഷ്യനെ സംബന്ധിച്ച് ദൈവഹിതം എന്താണെന്നും അതെങ്ങനെ നിറവേറ്റണമെന്നും ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം എന്തായിരിക്കണമെന്നും മനുഷ്യനുവേണ്ടി ദൈവം എന്തൊക്കെ ചെയ്തെന്നും ഏറ്റവും പൂർണമായും ശരിയായും നാം അറിയുന്നതു ദൈവത്തിന്റെ തന്നെ വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നുമാണ്. അവയാണ് വിശുദ്ധ ഗ്രന്ഥമായ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നതു. ജീവിത വിജയത്തിന് അതനുസരിച്ചു നാം പ്രവർത്തിക്കണം.

മനുഷ്യനെ സൃഷ്ടിച്ചപ്പോൾത്തന്നെ അവനു ലഭിച്ച ഒരു പ്രധാന ദൈവനിയോഗമാണ് അധ്വാനവും തൊഴിലും. ബൈബിളിന്റെ ആദ്യ ഭാഗത്തുതന്നെ ഇപ്രകാരം കാണുന്നു: ''ഏദൻതോട്ടം കൃഷിചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി'' *(ഉൽപ്പ. 2:15)*. ജീവസന്ധാരണത്തിനുവേണ്ടി അത്യധ്വാനം ചെയ്യേണ്ടിവരുമെന്നും ദൈവം കൽപ്പിച്ചു: ''മണ്ണിൽനിന്ന് എടുക്കപ്പെട്ട നീ, മണ്ണിനോടു ചേരുന്നതുവരെ, നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം സമ്പാദിക്കും'' *(ഉൽപ്പ. 3:19)*. അധ്വാനവും തൊഴിലും മനുഷ്യന്റെ കടമയും അവകാശവുമാണെന്നതാണല്ലോ ഇതു വ്യക്തമാക്കുന്നത്. അതിനുള്ള കഴിവും സാഹചര്യങ്ങളും ദൈവം മനുഷ്യനു നൽകിയിട്ടുണ്ട്. അവ ശരിയായി വിനിയോഗിക്കാനുള്ള പരിശീലനമാവശ്യമാണ്.

ഭൗതികജീവിതത്തിന്റെ വിവിധമേഖലകളിലെ അധ്വാനത്തിലൂടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരികതലങ്ങളിൽ രാജ്യത്തെ പുരോഗതിയിലേക്കു നയിക്കുവാൻ ക്രൈസ്തവർക്കു കഴിഞ്ഞിട്ടുണ്ട്. കാർഷികമേഖലയിൽ സഭാമക്കൾ മുൻനിരയിലായിരുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ രാജ്യത്തിനുണ്ടായിരിക്കുന്ന അഭിവൃദ്ധി ഏവർക്കും ബോധ്യമുള്ള കാര്യമാണ്. ആതുരശുശ്രൂഷാരംഗത്തു സഭയുടെ സേവനം

ആർക്കാണ് അവഗണിക്കാൻ കഴിയുന്നത്. ഇപ്രകാരം രാജ്യപുരോഗതിക്കും മനുഷ്യനന്മയ്ക്കുംവേണ്ടി എന്നും പ്രയത്നിച്ചിട്ടുള്ളവരാണ് ക്രൈസ്തവർ.

ഇന്നത്തെ മാറിയ സാഹചര്യങ്ങളിൽ പുതിയമേഖലകളിലേക്കു സഭയുടെ ശ്രദ്ധ തിരിക്കേണ്ടിയിരിക്കുന്നു. കാർഷികരംഗത്തെ തിരിച്ചടികളെ മറികടന്നു മുന്നോട്ടുപോകാൻ യുവതലമുറയ്ക്കു സാധിക്കാതെ പോകുന്നു. തൊഴിലും സമാധാനപരവും സൗകര്യപ്രദവുമായ ജീവിതവും അന്വേഷിച്ചു നമ്മുടെ യുവതലമുറ അന്യദേശങ്ങളിലേക്കു ചേക്കേറുന്നു. കേരളത്തിൽ പ്രത്യേകിച്ച് അവരുടെ സാന്നിധ്യം കുറയുന്നതനുസരിച്ച് ഇവിടെ ക്രൈസ്തവസഭയുടെ ഭാവിയും നിലനില്പ്പുംതന്നെ വെല്ലുവിളി നേരിടുകയാണ്.

ഇവയുടെ മുമ്പിൽ പകച്ചുനിൽക്കാതെ, കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ടുകൊണ്ട് നവീനസംരംഭങ്ങളിലേക്കു നമ്മുടെ യുവതലമുറയെ ആകർഷിക്കുകയും പ്രോത്സാഹിപ്പിച്ചു വളർത്തുകയും ചെയ്യേണ്ടതുണ്ട്. അതു സഭയുടെയും രാജ്യത്തിന്റെയും ആവശ്യമാണ്. മാത്രമല്ല 'നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുക' എന്ന ദൈവകല്പ്പനയുടെ നിറവേറ്റലുമാണ്. സത്യത്തിലും നീതിയിലും സ്നേഹത്തിലും നിർവഹിക്കുമ്പോൾ അതൊരു സുവിശേഷസാക്ഷ്യംതന്നെയാണ്.

ഈ ബോധ്യത്തോടെ രാജ്യത്തിന്റെ വളർച്ചയിൽ സ്വന്തം കർത്തവ്യങ്ങൾ തിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ നമ്മുടെ ഓരോ പൗരനും കഴിയണം. തങ്ങളുടെ കഴിവുകളാകുന്ന താലന്തുകൾ കുഴിച്ചുമൂടപ്പെടാതെ ഉപയോഗപ്പെടുത്താൻ യുവജനങ്ങൾ സജ്ജരാകണം. പ്രതിസന്ധികളെയും പ്രശ്നങ്ങളെയും പുതിയ സാധ്യതകൾ കണ്ടെത്താനുള്ള അവസരങ്ങളായികണ്ട് ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ പുതിയ സംരംഭങ്ങൾക്കു രൂപംകൊടുക്കുവാൻ പ്രതിഭാസമ്പന്നരായ യുവജനങ്ങൾ മുന്നോട്ടുവരണം. വലിയ കുടിയേറ്റം നടക്കുന്ന വിദേശമാർക്കറ്റുകളിലേക്കു നമ്മുടെ ഉൽപ്പന്നങ്ങൾ എത്തിക്കാനും ജോലിസാദ്ധ്യതയുള്ള നൂതനപ്രസ്ഥാനങ്ങൾ സൃഷ്ടിക്കാനും നമുക്കു സാധിക്കും. ലോകമെങ്ങുമുള്ള നമ്മുടെ സഹോദരങ്ങൾ ഈ സംരംഭങ്ങൾക്കു പിന്തുണയും ശക്തിയും പകരും. പാഴായിപ്പോകുന്ന കാർഷികവിഭവങ്ങൾ മൂല്യവർദ്ധിതവസ്തുക്കളാക്കി വിറ്റഴിച്ചു കർഷകരെ സഹായിക്കാൻ കഴിയും.

ബൈബിൾവാക്യം ഉദ്ധരിച്ചുകൊണ്ട് നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി പറഞ്ഞു: 'എല്ലാവരും നെറ്റിയിലെ വിയർപ്പുകൊണ്ടാണ് ജീവി

ക്കുന്നതെങ്കിൽ ഭൂമി ഒരു സ്വർഗമായി തീരും' എന്ന്. 'അവകാശങ്ങളെക്കുറിച്ചു ചിന്തിക്കുന്നവരാരും ഉയർന്നുവന്നിട്ടില്ല, കർത്തവ്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നവർ മാത്രമാണ് ഉയർന്നുവന്നിട്ടുള്ളത്. കർത്തവ്യങ്ങളുടെ നിർവഹണത്തിൽനിന്നാണ് അവകാശങ്ങൾ പിറവിയെടുക്കുന്നത്' എന്നതും ഗാന്ധിജിയുടെ വാക്കുകളാണ്. അവകാശങ്ങളോടൊപ്പം കർത്തവ്യനിർവഹണത്തിനു പ്രാധാന്യം കൊടുക്കുവാൻ നമുക്കു കഴിയണം. രണ്ടാംവത്തിക്കാൻ കൗൺസിൽ ഉദ്ബോധിപ്പിക്കുന്നതുപോലെ, തൊഴിൽരംഗങ്ങളിലും പൊതുപ്രവർത്തനങ്ങളിലും മതാത്മകനന്മകളെ ഉൾച്ചേർത്തും മികവോടെയും വിശ്വാസചൈതന്യത്തോടെയും കർമനിരതരാകാൻ പരിശ്രമിക്കണം.

സഭയുടെ ഈ വലിയ ദൗത്യത്തെക്കുറിച്ചു കൂട്ടായിചിന്തിക്കാനും രാഷ്ട്രനിർമിതിയിൽ ക്രിയാത്മക പങ്കുവഹിക്കുവാനും യുവസംരംഭകർക്ക് ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ ബിസിനസ് സാദ്ധ്യതകളിൽ പരിശീലനം നൽകാൻ ആഗ്രഹിക്കുന്നു. അതിന്റെ പ്രാരംഭനടപടിയായി ഈ വരുന്ന **ഒക്ടോബർ മാസം 22, 23, 24** തീയതികളിൽ കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനിയറിങ് കോളേജിൽ **നെസ്റ്റ് 23** എന്നപേരിൽ 200 യുവാക്കളെ പങ്കെടുപ്പിച്ച് ഒരു സംരംഭക പരിശീലനപരിപാടി നടത്തുകയാണ്. യുവജനങ്ങളുടെയും നമ്മുടെ സമുദായത്തിന്റെയും നല്ലഭാവി ലക്ഷ്യംവച്ചുള്ള ഈ പദ്ധതിക്കു യുവജനങ്ങളുടെ സഹകരണമുണ്ടാകണമെന്നും സമർത്ഥരും ബിസിനസ് മേഖലയിൽ തല്പരരും സഭയോടുചേർന്നു നില്ക്കുന്നവരുമായ യുവജനങ്ങളെ കണ്ടെത്തി ഇതിനായി പ്രോത്സാഹിപ്പിച്ചയക്കാൻ ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഒരിടവകയ്ക്ക് ഒരുസംരംഭം എന്നനിലയിൽ ക്രമേണ രൂപംകൊടുക്കുന്നതിനു യുവജനങ്ങളെ പ്രാപ്തരാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ലോകത്തിൽ സമാധാനവും അഭിവൃദ്ധിയും ഉണ്ടാകുന്നതിനായി ഐക്യരാഷ്ട്രസംഘടന (UNO) ഉയർത്തിക്കാട്ടുന്ന 17 സുസ്ഥിരവികസന ലക്ഷ്യങ്ങളോടു ചേർന്നുപോകുന്ന പദ്ധതികളാണ് നമ്മളും ലക്ഷ്യം വയ്ക്കുന്നത്. No Poverty, Zero Hunger, Good Health & Well Being, Quality Education, Clean Water & Sanitation, Decent Work & Economic Growth തുടങ്ങിയവയാണ് UNO യുടെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ [Sustainable Development Goals (SDG)]. ത്രിദിനപരിശീലനപരിപാടിയുടെ ഭാഗമായി നമ്മുടെ സമുദായത്തിലെ സംരംഭകർക്ക് ഒത്തുചേരാനും അവസരമൊരുക്കുന്നതാണ്. കാലഘട്ടത്തിന്റെ ആവശ്യമായ ഈ പദ്ധതിയുടെ

വിജയത്തിനായി എല്ലാവരും പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്നു സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട്,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

**ബിഷപ് ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

**NB:** *കോൺടാക്റ്റ് പേഴ്സൺ:* **എബി കാളന്തറ 9567616202**
*വിശദവിവരങ്ങൾക്കു* **www.nazranimargam.com** സന്ദർശിക്കുക.

കൈത്താക്കാലം അഞ്ചാം വെള്ളി
മാർ ശിമയോൻ ബർസാബയുടെയും സഹരക്തസാക്ഷികളുടെയും തിരുനാൾദിനത്തിൽ നൽകപ്പെട്ടത്.

25.08.2023

---

**NB:** ***2023 സെപ്റ്റംബർ 03 ഞായറാഴ്ച*** *പരി. കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*




## I

## പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം

| തീയതി | സമയം | ഫൊറോന |
|---|---|---|
| സെപ്റ്റംബർ 02 | 09:30 am | തൃക്കൊടിത്താനം |
| സെപ്റ്റംബർ 03 | 02:00 pm | കുറുമ്പനാടം |
| സെപ്റ്റംബർ 10 | 02:00 pm | ചമ്പക്കുളം |
| സെപ്റ്റംബർ 17 | 02:00 pm | കുടമാളൂർ |

## II

## കല്ലറകൾ തുറക്കുന്നതിന്

ചങ്ങനാശേരി അതിരൂപതയിലെ പള്ളികളിൽ കല്ലറകൾ തുറക്കുന്നതു സംബന്ധിച്ച നിയമം ഇപ്രകാരമാണ്: ‘‘ഏതുതരം കല്ലറയിലാണെങ്കിലും (കുടുംബകല്ലറയിലോ പൊതുകല്ലറയിലോ) മൃതദേഹം സംസ്കരിച്ചു കഴിഞ്ഞ് വീണ്ടും ആ കല്ലറയിൽതന്നെ മറ്റൊന്നു സംസ്കരിക്കണമെങ്കിൽ ഒരു വർഷമെങ്കിലും കഴിഞ്ഞിരിക്കണം (പള്ളിയോഗനടപടിക്രമം 8.8.8). എന്നാൽ, മൃതദേഹം ദഹിപ്പിച്ചു ഭസ്മമായി സംസ്കാരം നടത്തിയിരിക്കുന്ന കല്ലറകൾ തുറക്കുന്നതിന് ഈ കാലാവധി ആവശ്യമില്ല. എന്നാൽ അതിരൂപതാകച്ചേരിയുടെ അനുവാദം വാങ്ങേണ്ടതാണ്.

■

# റിപ്പോർട്ട്
# ആഗോള യുവജനസമ്മേളനം
## 2023 ഓഗസ്റ്റ് 1 മുതൽ 6 വരെ
## ലിസ്ബൺ, പോർച്ചുഗൽ

പ്രിയമുള്ളവരേ,

മൂന്നുവർഷത്തിലൊരിക്കൽ നടക്കുന്ന, ആഗോള കത്തോലിക്കാസഭയുടെ തലവനായ മാർപാപ്പ വിളിച്ചുചേർക്കുന്ന ലോകയുവജനസമ്മേളനത്തിൽ സീറോമലബാർ യൂത്ത് മൂവുമെന്റിന്റെ (SMYM) നേതൃത്വത്തിൽ വിവിധ രൂപതകളിൽനിന്നായി പ്രതിനിധികൾ പങ്കെടുത്തു. ചങ്ങനാശേരി അതിരൂപതയിൽനിന്ന് അഭി. മാർ തോമസ് തറയിൽ പിതാവും ഫാ. ജേക്കബ് ചക്കാത്രയും ഫാ. തോമസ് മണിയഞ്ചിറയും മനീഷ് എടത്വായും സമ്മേളനത്തിൽ പങ്കെടുത്തു. ഇന്ത്യയിൽനിന്ന് അഭി. മാർ തോമസ് തറയിൽ പിതാവിന്റെ നേതൃത്വത്തിലും മിസ്സിസ്സാഗ രൂപതയിൽനിന്ന് അഭി. മാർ ജോസ് കല്ലുവേലിൽ പിതാവിന്റെ നേതൃത്വത്തിലും ഗ്രേറ്റ് ബ്രിട്ടൺ രൂപതയിൽനിന്ന് അഭി. മാർ ജോസഫ് സ്രാമ്പിക്കൽ പിതാവിന്റെ നേതൃത്വത്തിലും യൂറോപ്പിൽനിന്ന് അഭി. മാർ സ്റ്റീഫൻ ചിറപ്പണത്ത് പിതാവിന്റെ നേതൃത്വത്തിലും ചിക്കാഗോ രൂപതയിൽനിന്ന് അഭി. മാർ ജോൺ ആലപ്പാട്ട് പിതാവിന്റെ നേതൃത്വത്തിലും യുവജനങ്ങൾ പോർച്ചുഗലിലെ ലിസ്ബണിൽ ഒരുമിച്ചു. അഭി. കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ പ്രത്യേക പ്രതിനിധിയായി മാർ ബോസ്കോ പുത്തൂർ പിതാവാണ് SMYM പ്രവർത്തനങ്ങൾക്കു നേതൃത്വം വഹിച്ചത്.

ആഗോളയുവജനസമ്മേളനം രണ്ടുഘട്ടങ്ങളായാണ് സംഘടിപ്പിച്ചത്. ആദ്യഘട്ടം പോർച്ചുഗൽ രാജ്യത്തെയും അവിടുത്തെ സഭയെയും ജനത്തെയും സംസ്കാരത്തെയും മനസ്സിലാക്കാനും തീർത്ഥാടകരുടെ സംസ്കാരത്തെ പരിചയപ്പെടുത്താനും അതുവഴി ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സഭയുടെ സൗന്ദര്യത്തെ പ്രഖ്യാപിക്കാനും ഉദ്ദേശിച്ചായിരുന്നു. പോർച്ചുഗലിൽ എത്തിച്ചേർന്ന തീർത്ഥാടകർ വിവിധ രൂപതകളിലേയ്ക്കു നിയോഗിക്കപ്പെട്ടു. സീറോമലബാർസഭയിൽനിന്നുള്ള യുവജനങ്ങളെ ബേജാ രൂപതയും ഫാത്തിമാ രൂപതയും സ്വാഗതം ചെയ്തു. ഈ രൂപതകളിലെ വിവിധ ഇടവകകളിലെ ഭവനങ്ങളിൽ ഒരാഴ്ച താമസിച്ച് ഒന്നിച്ചു ബലിയർപ്പിക്കുകയും തീർത്ഥാടനങ്ങൾ നടത്തുകയും വിവിധരാജ്യങ്ങളിലെ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

യുവജനസമ്മേളനത്തിന്റെ രണ്ടാംഘട്ടം ലിസ്ബണിലാണ് നടന്നത്. ഇതിനു മുന്നോടിയായി ഇന്ത്യയിൽനിന്നുള്ള സംഘം ഫാത്തിമാസന്ദർശനം നടത്തി. അഭി. തോമസ് തറയിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ബലിയർപ്പിച്ചു

പ്രാർത്ഥിക്കുകയും തുടർന്നുനടന്ന ജപമാല നമസ്ക്കാരത്തിലും മെഴുകുതിരി പ്രദക്ഷിണത്തിലും പങ്കെടുക്കുകയും ചെയ്തു. പിന്നീട് ലിസ്ബണിലേയ്ക്കു യാത്ര തിരിച്ചു. ബസിലും മെട്രോയിലുമായുള്ള ദീർഘദൂരയാത്രകൾ വലിയ ക്ഷീണമുണ്ടാക്കിയില്ല. കാരണം നൂറുകണക്കിനു ചെറുപ്പക്കാർ മുന്നിലും പിന്നിലും ഇരുവശങ്ങളിലുമായി 'വിവോ ക്രിസ്തോ' എന്നു വിളിച്ചുപാടുന്നുണ്ടായിരുന്നു. അവരോടുചേർന്നു ഭാഷാപ്രശ്നം വകവയ്ക്കാതെ ക്ഷീണം മറന്നു ഞങ്ങളും പാടി 'ക്രിസ്തു ജയിക്കട്ടെ' എന്ന്.

ലിസ്ബണിൽ ചെന്ന ഞങ്ങൾ 16 പേർക്കു ലൂർസ് എന്ന ഇടവകയിലെ രണ്ടുഭവനങ്ങൾ താമസത്തിനായി ലഭിച്ചു. മറ്റു സ്ഥലങ്ങളിൽനിന്നുള്ളവർ വലിയസംഘങ്ങളായി വന്നിരുന്നതിനാൽ സ്കൂളുകളും ഓഡിറ്റോറിയങ്ങളുമാണ് ലഭിച്ചത്. ആദ്യദിനം വൈകുന്നേരം 5 മണിക്കു നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചത്വരങ്ങളിലൊന്നായ എഡ്‌വേർഡ് ഏഴാമൻ പാർക്കിലെത്തി. ലോകയുവജനസമ്മേളനത്തിന്റെ ഓപ്പണിങ് ആഘോഷത്തിലും തുടർന്നുള്ള പരി. കുർബാനയർപ്പണത്തിലും സംബന്ധിച്ചു. ആദ്യദിനംതന്നെ ഏകദേശം 3 ലക്ഷത്തോളം യുവജനങ്ങളുടെയും മൂവായിരത്തിലധികം വൈദികരുടെയും പിതാക്കന്മാരുടെയും സാന്നിദ്ധ്യമുണ്ടായിരുന്നത് അത്ഭുതപ്പെടുത്തി. യുവജനങ്ങളുടെ ആഹ്ലാദാരവങ്ങൾക്കു തുടക്കമായി. വിവിധ രാജ്യങ്ങളുടെ പതാകകൾ ആകാശത്ത് ഉയർന്നു... യുവജനങ്ങളുടെ അധരങ്ങളിൽനിന്നു രണ്ടുവാക്കുകൾ മുഴങ്ങികേട്ടുകൊണ്ടിരുന്നു! 'ക്രിസ്തു ജയിക്കട്ടെ... മാർപാപ്പ ജയിക്കട്ടെ...'

പിന്നീടുള്ള ദിവസങ്ങളിൽ യുവജനങ്ങൾ വിശ്വാസത്തിൽ ആഴപ്പെടുന്നതിനായി വിവിധ വിഷയങ്ങളെ ആധാരമാക്കി കാറ്റക്കിസം സംഘടിപ്പിച്ചു. യുവജനങ്ങൾക്കും വൈദികർക്കും മനസ്സിലാകുന്ന ഭാഷയിൽ അവരാഗ്രഹിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള പ്രഭാഷണങ്ങളും ചർച്ചകളും കേൾക്കാൻ, ചോദ്യങ്ങൾ ചോദിക്കാൻ ഇത് അവസരമൊരുക്കി. SMYM നു സ്ഥലമൊരുക്കപ്പെട്ടതു ലിസ്ബൺ ബിയാത്തോയിലെ ബർത്തലോമിയ പള്ളിയിലായിരുന്നു. പരി. പിതാവ് ഫ്രാൻസിസ് പാപ്പായുടെ രണ്ടും മൂന്നും ചാക്രികലേഖനങ്ങളായ ലൗദാത്തോ സി, ഫ്രത്തേലി തൂത്തി എന്നിവയായിരുന്നു പ്രധാനചർച്ചാവിഷയങ്ങൾ. പ്രസ്തുത വിഷയങ്ങളിൽ മാർ തോമസ് തറയിൽ, മാർ ജോസ് കല്ലുവേലിൽ, മാർ ജോസഫ് സ്രാമ്പിക്കൽ എന്നീ പിതാക്കന്മാർ ക്ലാസ്സുകൾ നയിച്ചു.

സീറോമലബാർ യൂത്ത് മൂവുമെന്റിനെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ദിവസങ്ങളായിരുന്നു World Youth Day (WYD)യുടെ ദിവസങ്ങൾ. ലോകം മുഴുവനുമുള്ള സീറോമലബാർ യുവജനപ്രതിനിധികൾക്കു സംഗമിക്കാനായി 'ദനഹാ 2023' എന്ന പരിപാടി സംഘടിപ്പിക്കാൻ സാധിച്ചു. അഭി. തോമസ് തറയിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച പരി. കുർബാനയോടെ പരിപാടികൾ ആരംഭിച്ചു. മാർ ബോസ്കോ പുത്തൂർ പിതാവ് ഉദ്ഘാടനം ചെയ്ത ദനഹാ 2023 സീറോമലബാർസഭായുവജനങ്ങൾക്കു പരസ്പരം കാണുന്നതിനും പരിചയപ്പെടുന്നതിനും അവസരമൊരുക്കി.

ലോകയുവജനസമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾക്കു നഗരത്തിൽ എവിടെയും യാത്ര സൗജന്യമായിരുന്നു. തീർത്ഥാടകർക്കു നഗരത്തിലെ ഏതു ഹോട്ടലിൽനിന്നും ഭക്ഷണം കഴിക്കുവാനുള്ള പാസ്സും ക്രമീകരിച്ചിരുന്നു. യാത്രയ്ക്കും ഭക്ഷണത്തിനും അടിസ്ഥാനസൗകര്യങ്ങൾക്കും യാതൊരു വീഴ്ചയും വരാതെ അധികൃതർ ശ്രദ്ധിച്ചിരുന്നു.

നഗരത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാൻ യുവജനങ്ങൾ ശ്രദ്ധിച്ചു. അവിടുത്തെ ഏറ്റവും പ്രധാനതീർത്ഥാടനസ്ഥലങ്ങളിൽ ഒന്നായ വി. അന്തോണീസിന്റെ ജന്മസ്ഥലത്തെ പള്ളി, ലിസ്ബൺ കത്തീഡ്രൽ ഓഫ് മേരി മേജർ, ചരിത്രത്തിൽ നാം പഠിക്കുന്ന വാസ്കോ ഡ ഗാമയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ, മ്യൂസിയങ്ങൾ, സ്മാരകങ്ങൾ ഇവയെല്ലാം പ്രൗഢഗംഭീരമായി കാത്തുസൂക്ഷിക്കുന്നതും തീർത്ഥാടകർക്കു തികച്ചും സൗജന്യമായിത്തന്നെ സന്ദർശിക്കാൻ അവസരമൊരുക്കിയതും ഹൃദയഹാരിയായ അനുഭവമായിരുന്നു. WYDയുടെ പ്രധാനവേദിയായ എഡ്‌വേർഡ് പാർക്കിൽ മാർപാപ്പായ്ക്കൊപ്പമുള്ള കുരിശിന്റെ വഴി പ്രാർത്ഥനയിൽ ലക്ഷത്തിൽപരം യുവജനങ്ങൾ പങ്കെടുത്തു. കാലഘട്ടത്തിന്റെ വെല്ലുവിളികളെ പ്രതീകാത്മമായി അവതരിപ്പിച്ചുകൊണ്ടുള്ള കുരിശിന്റെ വഴി പ്രാർത്ഥനയും പരിശുദ്ധ പിതാവിന്റെ സന്ദേശവും യുവജനങ്ങളെ ഏറെയാകർഷിച്ചു.

WYDയുടെ അഞ്ചാം ദിനം ഉച്ചകഴിഞ്ഞ് 2 മണിയോടെ ലോകയുവജന സമ്മേളനത്തിന്റെ സമാപനവേദിയായ തേജാ പാർക്കിലേക്കുള്ള യൂത്ത് വോക്ക് ആരംഭിച്ചു. ഈ സമ്മേളനത്തിൽ സംബന്ധിക്കുന്നവർ ഒന്നിച്ചുചേരുന്ന സമാപനവേദിയിലേക്ക് എല്ലാവരും നടന്നാണ് എത്തിച്ചേർന്നത്. അഞ്ചുമണിക്കൂർ നീണ്ട കാൽനടയാത്രയിൽ പങ്കെടുത്തു സമ്മേളനനഗരിയിൽ എത്തിച്ചേർന്നു. അവിസ്മരണീയമായ മുഹൂർത്തങ്ങളാണ് ഈ യാത്രയിലുടനീളം ഉണ്ടായിരുന്നത്. 'പോർച്ചുഗലിന്റെ അഭിമാനം' എന്നു വിശേഷിപ്പിക്കാവുന്ന 18 കിലോമീറ്ററോളം നീളമുള്ള വാസ്കോ ഡ ഗാമ പാലത്തിനു സമീപത്തായി, കടൽതീരത്ത് ലക്ഷക്കണക്കിനു യുവജനങ്ങൾക്കു സംഗമിക്കാൻവേണ്ടി പ്രത്യേകമായി സ്ഥലവും സൗകര്യങ്ങളും ഉണ്ടായിരുന്നു. ടോയിലറ്റുകൾ, കുടിവെള്ളത്തിനുള്ള കൗണ്ടറുകൾ, പ്രഥമശുശ്രൂഷയ്ക്കുള്ള സംവിധാനങ്ങൾ, എല്ലാവർക്കും കാണുവാനായി സ്ക്രീനുകൾ, സ്പീക്കറുകൾ എല്ലാം വളരെ കാര്യക്ഷമതയോടെ ഒരുക്കിയിരുന്നു. തുടർന്നു മാർപാപ്പ എത്തിച്ചേർന്നു. മാർപാപ്പായോടൊപ്പം അദേഹം നയിച്ച രണ്ടുമണിക്കൂർ നീണ്ടുനിന്ന നിശാരാധനയിൽ ഏകദേശം 18 ലക്ഷത്തോളം യുവജനങ്ങൾ പങ്കെടുത്തു. തുടർന്നു കലാപരിപാടികളും സൗഹൃദം പങ്കുവയ്ക്കലും സമ്മാനങ്ങൾ കൈമാറലുമായി വെളുപ്പിനെ രണ്ടുമണിവരെ ലക്ഷക്കണക്കിന് ആളുകൾ ഒരുമിച്ചു തുറസ്സായ ഗ്രൗണ്ടിൽ കിടന്നുറങ്ങുന്ന അവിസ്മരണീയമായ കാഴ്ച ഒരുപക്ഷേ ജീവിതത്തിൽ ആദ്യാനുഭവം തന്നെയായിരുന്നു. യാതൊരു പരിഭവങ്ങളും പരാതികളും തിക്കുംതിരക്കുമില്ലാതെ എല്ലാവരും പരസ്പരം സ്നേഹത്തോടും സഹകരണത്തോടും ഇടപെട്ട മറക്കാനാവാത്ത ദിവസം. യുവജനങ്ങളുടെ വലിയ

ക്രൈസ്തവസാക്ഷ്യത്തിന്റെ ഒരു നേർക്കാഴ്ചയാണ് അവിടെ കണ്ടത്. പ്രഭാത കൃത്യങ്ങൾ ചെയ്യുവാനുള്ള വിപുലമായ സൗകര്യങ്ങൾ ആ ഗ്രൗണ്ടിൽതന്നെ ക്രമീകരിച്ചിരുന്നു. വളരെ വലിയ ഒരു ജനത്തിന്റെ ആവശ്യങ്ങളെ വിദഗ്ദ മായിതന്നെ ക്രമീകരിക്കുന്നതിനും ബുദ്ധിമുട്ടുകളില്ലാതെ നോക്കുന്നതിനും സംഘാടകരും ഗവൺമെന്റും വളരെ കൃത്യമായി പദ്ധതികൾ ആവിഷ്കരിച്ചു.

ലോകയുവജനദിനത്തിന്റെ അവസാനദിവസമായ 6-ാം തീയതി ഞായറാഴ്ച സമാപനദിവ്യബലിക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി. രാവിലത്തെ പരി. കുർബാനയ്ക്കു 20 ലക്ഷത്തോളം പേർ വന്നതായാണ് കണക്കുകൾ.

ആഗോളസഭയുടെ തലവനായ പരി. പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ഏകദേശം 600 ബിഷപ്പുമാർ, അയ്യായിരത്തിലേറെ വൈദികർ, ലക്ഷക്കണക്കിനു യുവജനങ്ങളും അല്മായരും ഒന്നുചേർന്നർപ്പിച്ച പരി. കുർബാന ലോകത്തിനു കത്തോലിക്കാസഭ നൽകിയ വലിയ സാക്ഷ്യമായിരുന്നു. യൂറോപ്പിലെന്നല്ല ലോകത്ത് എവിടെയും കത്തോലിക്കാസഭയ്ക്കു യാതൊരു കോട്ടവും വന്നി ട്ടില്ലയെന്നുള്ളതിന്റെ നേർസാക്ഷ്യം. സാമാന്യം നല്ലചൂടുള്ള വെയിലിനെ അവഗണിച്ചുകൊണ്ടുള്ള പൊന്തിഫിക്കൽ പരി. കുർബാനയിൽ എല്ലാവരും ഭക്തിപൂർവം പങ്കെടുത്തു.

അടുത്ത ലോകയുവജനദിനം 2027 ൽ ഏഷ്യൻ രാജ്യമായ ദക്ഷിണ കൊറിയയിലാണു നടക്കുകയെന്ന പരി. പിതാവിന്റെ അറിയിപ്പ് ജനം ഹർഷാരവ ത്തോടെ സ്വീകരിച്ചു. കൊറിയയിൽ കാണാമെന്നു പറഞ്ഞു 20 ലക്ഷം വരുന്ന ജനം ഹസ്തദാനം ചെയ്തും സമ്മാനങ്ങൾ കൈമാറിയും പുറത്തേയ്ക്കു നടന്നു. ഇത്രയും ജനം ഒന്നിച്ചു പുറത്തേയ്ക്കിറങ്ങുമ്പോഴുണ്ടാകാവുന്ന തിക്കി ത്തിരക്ക് ഊഹിക്കാൻ പറ്റുമോ? എന്നാലും ഒരു പരിഭവവും പരാതിയും കൂടാതെ സഭയുടെ ധീരമക്കൾ അവരവരുടെ നാട്ടിലേക്കു പോയി.

ജൂലൈ 26 മുതൽ ഓഗസ്റ്റ് 6-ാം തീയതിവരെ പോർച്ചുഗൽ യുവജന സാഗരമായിരുന്നു. ഭക്ഷണശാലകളിലും ബസുകളിലും മെട്രോയിലുമെല്ലാം യുവജനങ്ങൾ മാത്രം... അവരെ നയിച്ചുകൊണ്ട് പിതാക്കന്മാരും വൈദികരും സിസ്റ്റേഴ്സും... സെൽഫി സ്റ്റിക്കിനു മുമ്പിൽനിന്നും സെൽഫികൾ എടുത്തും പാട്ടുപാടിയും നൃത്തംവച്ചും എല്ലാവരും സന്തോഷത്തോടെ മുന്നേറുന്ന മറ്റെ വിടെയും കാണാൻ സാധിക്കാത്ത, വർണിക്കാനാവാത്ത കാഴ്ച. ഈശോയുടെ സഭയുടെ യുവജനമുഖം... അവർ പരി. പിതാവിന്റെ വാക്കിലൂടെ ധ്യാനപൂർവം യാത്രചെയ്യുന്നു. വി. ലൂക്കായുടെ സുവിശേഷം 1:39, 'മറിയം എഴുന്നേറ്റു തിടുക്ക ത്തിൽ യാത്രചെയ്തു...' ലിസ്ബണിൽ നടന്ന ആഗോള യുവജനസംഗമത്തിന്റെ പ്രധാന മുദ്രാവാക്യമായിരുന്ന ലൂക്കാ 1:39 ആധാരമാക്കി മാർപാപ്പ പറഞ്ഞു: ഉറക്ക ത്തിൽനിന്നും എഴുന്നേൽക്കുക, ചുറ്റുമുള്ള ജീവിതത്തിലേക്ക് ഉണർന്നെഴു ന്നേൽക്കുക ... മറിയത്തെപ്പോലെ തിടുക്കത്തിൽ നന്മ ചെയ്യാൻ യാത്രയാകുക. പാൻഡമിക്കിന്റെ (കൊറൊണ) ആഘാതത്താൽ ഇതിനകം പരീക്ഷിക്കപ്പെട്ട നമ്മുടെ മനുഷ്യകുടുംബം യുദ്ധത്തിന്റെ ദുരന്തത്താൽ വിറങ്ങലിച്ചു നിൽക്കുന്ന

ഈ വിഷമകരമായ കാലഘട്ടത്തിൽ പരി. കന്യാമറിയം നമുക്കെല്ലാവർക്കും പ്രത്യേകിച്ച് നിങ്ങളെപ്പോലുള്ള ചെറുപ്പക്കാർക്കു മാതൃകയാകട്ടെ...

പരി. പിതാവ് ഫ്രാൻസിസ് പാപ്പായുടെ ഹൃദ്യമായ സന്ദേശത്തിന്റെ ഫലമുൾക്കൊണ്ട് ലോകത്തിനു മറിയത്തെപ്പോലെ നന്മയുടെ സാക്ഷ്യങ്ങളാകാൻ ഇതാ ചെറുപ്പക്കാർ ലിസ്ബണിൽനിന്നും മാതൃരാജ്യങ്ങളിലേയ്ക്ക്... ഒരുപാടു നന്മകൾ മനസ്സിൽനിറച്ച് SMYM പ്രവർത്തകരും അവരുടെ മണ്ണിലേയ്ക്കു യാത്രയായി...

ആഗോളയുവജനസമ്മേളനത്തിനു സാക്ഷികളാകാൻ ഞങ്ങളെ തിരഞ്ഞെടുത്തു നിയോഗിച്ച സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനും യൂത്ത് കമ്മിഷൻ ചെയർമാൻ അഭി. മാർ ജോസഫ് പണ്ടാരശേരി പിതാവിനും വിവിധ രൂപതകളിലെ അഭി. പിതാക്കന്മാർക്കും പ്രത്യേകമായി അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിനും ആഗോളയുവജനസമ്മേളനത്തിന്റെ ആദ്യദിനം മുതൽ അവസാന നിമിഷംവരെ ഞങ്ങളോടൊപ്പം ഞങ്ങളിൽ ഒരാളായി നിന്നുകൊണ്ട് കരുതലും കരുത്തും നൽകിയ അഭി. മാർ തോമസ് തറയിൽ പിതാവിനും യുവജന കമ്മിഷന്റെയും SMYM ഗ്ലോബൽ സമിതിയുടെയും പേരിലുള്ള നന്ദിയും സ്നേഹവുമറിയിക്കുന്നു.

**ഫാ. ജേക്കബ് ചക്കാത്ര**
സെക്രട്ടറി, സീറോമലബാർ യൂത്ത് കമ്മിഷൻ
ഡയറക്ടർ, SMYM ഗ്ലോബൽ

■

To participate in World Youth Day is something beautiful. Put hope in that. Have hope - because one grows a lot at an event like World Youth Day.

**Pope Francis**



## ചങ്ങനാശേരി അതിരൂപതാ ചരിത്രകമ്മിഷൻ
# സൗജന്യനിരക്കിൽ പുസ്തകം സ്വന്തമാക്കാം

'ചങ്ങനാശേരി അതിരൂപത ഇന്നലെ, ഇന്ന് ' എന്ന ചരിത്രഗ്രന്ഥപരമ്പരയിൽ **സഭയുടെ വളർച്ചയിൽ അതിരൂപതയുടെ പങ്കാളിത്തം** എന്നഗ്രന്ഥം സൗജന്യനിരക്കിൽ സ്വന്തമാക്കാൻ ഒരവസരംകൂടി. ഒരുസംഘം ലേഖകരുടെ മഹത്തായ സംഭാവന.

**മുഖവില ₹ 850**
**സൗജന്യവില ₹ 550**

***സൗജന്യനിരക്ക് 2023 സെപ്റ്റംബർ 30 വരെ മാത്രം***

വികാരിയാത്തുസ്ഥാപനം മുതൽ നാളിതുവരെയുള്ള അതിരൂപതയുടെ പ്രയാണത്തിൽ കൈവരിച്ച നേട്ടങ്ങളും സീറോമലബാർസഭയുടെ വളർച്ചയ്ക്കായി അതിരൂപത നൽകിയ സംഭാവനകളും മനോഹരമായി അവതരിപ്പിക്കുന്ന പത്തുലേഖനങ്ങളുടെ സമാഹാരം.

*ക്രൗൺ 1/4 സൈസ്, മൾട്ടി കളർ, കെയ്സ് ബൈന്റിങ്, 295 പേജുകൾ*

അതിരൂപതാ ചരിത്രഗ്രന്ഥപരമ്പരയിലെ മൂന്നാം വാല്യത്തിന്റെ രണ്ടാം ഭാഗമായി പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഗ്രന്ഥം ലൈബ്രറികൾക്ക് ഒരു മുതൽ കൂട്ടായിരിക്കും.

ചങ്ങനാശേരി സെന്റ് ജോസഫ് ഓർഫനേജ് ബുക്കുസ്റ്റാളിൽനിന്നു പുസ്തകം വാങ്ങാം.

**അതിരൂപതാ ചരിത്രകമ്മിഷൻ**
**9495686825**

അതിരൂപതാചരിത്രത്തിന്റെ മൂന്നാം വാല്യം മൂന്നാംഭാഗത്തിന്റെ വിവരശേഖരണ ഫോം ഇടവകകളിൽ എത്തിച്ചിട്ടുള്ളതാണ്. ആ ഫോം പൂരിപ്പിച്ച് അതിരൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി **സെപ്റ്റംബർ 15**. ബഹു. വൈദികരുടെ സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. ജോസഫ് കിഴക്കേമുറി**
**9496538882**

# സന്ദേശനിലയം

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

2023-24 വിശ്വാസപരിശീലനവർഷത്തിന്റെ ഒന്നാം പകുതിയിലേയ്ക്കു നമ്മൾ കടക്കുകയാണ്. പരി. അമ്മയുടെ ജനനത്തിരുനാൾ അനുസ്മരിക്കുകയും അതിനായി നോമ്പെടുത്ത് ഒരുങ്ങുകയും ചെയ്യുന്ന മാസമാണിത്. പ്രാർത്ഥനയും നോമ്പുമെല്ലാം നമ്മുടെ വിശ്വാസപരിശീലനത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. അതോടൊപ്പം നാം ഏലിയാസ്ലീവാമൂശെകാലത്തേക്കുകൂടി പ്രവേശിക്കുകയാണല്ലോ. നമ്മുടെ മരണവും ലോകാന്ത്യവും മരണാനന്തര യാഥാർഥ്യങ്ങളും അനുസ്മരിക്കുന്ന ഈ കാലത്തിൽ സ്വർഗം ലക്ഷ്യമാക്കി യാത്ര തുടരാൻ ശ്രദ്ധിക്കാം. വിശ്വാസപരിശീലനം അതിനു നമ്മെ സഹായിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**സെപ്റ്റംബർ 2023**

1 വെള്ളി : എട്ടുനോമ്പാരംഭം
2 ശനി : CLT Class
3 ഞായർ : ഏലിയാ-സ്ലീവാ-മൂശെ ഒന്നാം ഞായർ - ക്ലാസ്സ് 14
8 വെള്ളി : **പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ**
9 ശനി : CLT Class, അതിരൂപതാ രചനമത്സരങ്ങൾ
10 ഞായർ : ഏലിയാ-സ്ലീവാ-മൂശെ രണ്ടാം ഞായർ - ക്ലാസ്സ് 15
14 വ്യാഴം : മാർ സ്ലീവായുടെ പുകഴ്ച
15 വെള്ളി : CLT Class
17 ഞായർ : ഏലിയാ-സ്ലീവാ-മൂശെ മൂന്നാം ഞായർ - ക്ലാസ്സ് 16
22 വെള്ളി : സി.ആർ.റ്റി. അംഗങ്ങളുടെ സമ്മേളനം സന്ദേശനിലയത്തിൽ
23 ശനി : CLT Class
24 ഞായർ : ഏലിയാ-സ്ലീവാ-മൂശെ നാലാം ഞായർ - ക്ലാസ്സ് 17
30 ശനി : CLT Class

**ഒക്ടോബർ 2023**

1 ഞായർ : **സൺഡേസ്കൂൾ ഒന്നാം ടേം എഴുത്തുപരീക്ഷ**
2 തിങ്കൾ : **ഒന്നാം ടേം വാചികപരീക്ഷ ആരംഭിക്കുന്നു**
7 ശനി : CLT Class
14 ശനി : **ഒന്നാം ടേം വാചികപരീക്ഷ അവസാനിക്കുന്നു**

### മതാധ്യാപക സെമിനാർ

മതാധ്യാപകർക്കായി ഫൊറോനാതലത്തിൽ നടത്തപ്പെടുന്ന കുർബാനാനുഭവ സെമിനാർ ഓഗസ്റ്റ് 12 ന് ആരംഭിച്ചു. രാവിലെ 09.30 മുതൽ ഉച്ചകഴിഞ്ഞ്

03.30 വരെയാണ്. ഫൊറോനയിലെ എല്ലാ വിശ്വാസപരിശീലകരും ഇതിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഏതെങ്കിലും അടിയന്തിര സാഹചര്യത്തിൽ പങ്കെടുക്കാതെ വന്നാൽ മറ്റു ഫൊറോനകളിലെ സെമിനാറിൽ സംബന്ധിക്കുവാൻ ശ്രദ്ധിക്കുമല്ലോ. വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായ ഈ സെമിനാറിലൂടെ വി. കുർബാനയുടെ അനുഭവത്തിന്റെ ആഴങ്ങളിലേക്കു പ്രവേശിക്കാനും തങ്ങൾ പരിശീലിപ്പിക്കുന്ന കുട്ടികളെ അതിലേയ്ക്കു നയിക്കുവാനും വിശ്വാസപരിശീലകർക്കു സാധിക്കട്ടെ.

| തീയതി | ഫൊറോന |
|---|---|
| ഓഗസ്റ്റ് 12 ശനി | തിരുവനന്തപുരം |
| ഓഗസ്റ്റ് 26 ശനി | പുളിങ്കുന്ന് |
| ഓഗസ്റ്റ് 30 ബുധൻ | ആലപ്പുഴ |
| ഓഗസ്റ്റ് 31 വ്യാഴം | ചമ്പക്കുളം |
| സെപ്റ്റംബർ 2 ശനി | അതിരമ്പുഴ |
| സെപ്റ്റംബർ 6 ബുധൻ | ചെങ്ങന്നൂർ |
| സെപ്റ്റംബർ 16 ശനി | എടത്വാ |
| സെപ്റ്റംബർ 27 ബുധൻ | നെടുങ്കുന്നം |
| ഒക്ടോബർ 2 തിങ്കൾ | കൊല്ലം - ആയൂർ |
| ഒക്ടോബർ 14 ശനി | കുടമാളൂർ |
| ഒക്ടോബർ 24 ചൊവ്വ | മുഹമ്മ |
| നവംബർ 4 ശനി | തൃക്കൊടിത്താനം |
| നവംബർ 11 ശനി | അമ്പൂരി |
| നവംബർ 18 ശനി | ചങ്ങനാശേരി |
| നവംബർ 25 ശനി | കുറുമ്പനാടം |
| ഡിസംബർ 2 ശനി | തുരുത്തി |
| ഡിസംബർ 9 ശനി | കോട്ടയം |
| ഡിസംബർ 16 ശനി | മണിമല |

## പി.റ്റി.എഫ്. & സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്

പി.റ്റി.എഫ്. & സൺഡേസ്കൂൾ ലീഡേഴ്സ് പ്രതിനിധികളുടെ അതിരൂപതാതല സമ്മേളനം **ഒക്ടോബർ 15 ഞായർ** രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ചങ്ങനാശേരി അസംപ്ഷൻ കോളേജ് ഓഡിറ്റോറിയത്തിൽ നടത്തപ്പെടും. എല്ലാ സൺഡേസ്കൂളിൽനിന്നും പ്രതിനിധികളെ അയയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## സീറോമലബാർസഭ പ്രതിഭാ അവാർഡ് 2023

സീറോമലബാർ സിനഡ് കാറ്റകെറ്റിക്കൽ കമ്മിഷൻ ഏർപ്പെടുത്തിയിരിക്കുന്ന 12-ാം ക്ലാസിലെ കുട്ടികൾക്കായുള്ള സഭാപ്രതിഭാ അവാർഡിനുള്ള ഫൊറോനാതല തിരഞ്ഞെടുപ്പ് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഫൊറോനകൾക്കായി സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. ഓരോ ഇടവകയിൽനിന്നും പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന പാഠ്യപാഠ്യേതരപ്രവർത്തനങ്ങളിലും വിശ്വാസജീവിതചര്യകളിലും മികവു പുലർത്തുന്ന ഒരാൺകുട്ടിയെയും ഒരു പെൺ

കുട്ടിയെയുമാണ് അയയ്ക്കേണ്ടത്. ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന വരുടെ പേരുകൾ നിശ്ചിത ഫോമിൽ പൂരിപ്പിച്ച് **സെപ്റ്റംബർ 04** നു മുമ്പായി സന്ദേശനിലയത്തിൽ സമർപ്പിക്കുക.

## ഫൊറോനാതല തിരഞ്ഞെടുപ്പ് തീയതികൾ

*സ്ഥലം*: സന്ദേശനിലയം *സമയം*: 09.30-03.45
*തീയതി*:

| | | |
|---|---|---|
| സെപ്റ്റംബർ 10 | - | പുളിങ്കുന്ന്, അതിരമ്പുഴ, തുരുത്തി, മുഹമ്മ |
| സെപ്റ്റംബർ 17 | - | ആലപ്പുഴ, നെടുങ്കുന്നം, മണിമല, തൃക്കൊടിത്താനം |
| ഒക്ടോബർ 08 | - | കോട്ടയം, എടത്വാ, ചമ്പക്കുളം |
| ഒക്ടോബർ 29 | - | ചെങ്ങന്നൂർ, ചങ്ങനാശേരി, കുടമാളൂർ, കുറുമ്പനാടം |

തിരുവനന്തപുരം, അമ്പൂരി, കൊല്ലം - ആയൂർ ഫൊറോനകൾക്കുള്ള തീയതി കൾ അതാതു ഫൊറോനാകേന്ദ്രങ്ങൾ അറിയിക്കുന്നതാണ്.

## അതിരൂപതാ ബൈബിൾ കലോത്സവം

അതിരൂപതാ രചനാമത്സരങ്ങൾ **സെപ്റ്റംബർ 09 ശനിയാഴ്ച** രാവിലെ 09.30 മുതൽ ഫൊറോനാകേന്ദ്രങ്ങളിൽ നടത്തപ്പെടുന്നതാണ്. അതിരൂപത /ഫൊറോനാതല മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഓൺലൈനായി തയ്യാറാക്കേണ്ടതാണ്. വിശദവിവരങ്ങൾ ബൈബിൾ കലോത്സവം ബ്രോഷ റിൽ നൽകിയിട്ടുണ്ട്.

## സി.ആർ.റ്റി. സന്ദർശനം

ഈ വർഷത്തെ സി.ആർ.റ്റി. സന്ദർശനം ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തപ്പെടുന്നു. സി.ആർ.റ്റി. അംഗങ്ങളുടെ സമ്മേളനം **സെപ് റ്റംബർ 22 വെള്ളിയാഴ്ച** ഉച്ചകഴിഞ്ഞ് 03.00 മണിക്കു സന്ദേശനിലയത്തിൽ സമ്മേളിക്കുന്നതാണ്.

## ഒന്നാം ടേം പരീക്ഷ

ഒന്നാം ടേം പരീക്ഷ കഴിഞ്ഞവർഷത്തേതുപോലെതന്നെ എഴുത്ത്, വാചിക പരീക്ഷകൾ ഉൾക്കൊള്ളുന്നതാണ്. എഴുത്തുപരീക്ഷ **ഒക്ടോബർ 01 ഞായ റാഴ്ചയാണ്**. 1 മുതൽ 7 വരെ ക്ലാസ്സുകൾക്കു രാവിലെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്കു ഉച്ചകഴിഞ്ഞുമാണ് പരീക്ഷകൾ. ഒക്ടോബർ 15 നു മുമ്പായി വാചികപരീക്ഷ പൂർത്തീകരിക്കേണ്ടതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

❖ ഈ വർഷത്തെ ബൈബിൾ കലോത്സവത്തിൽ സീനിയേഴ്സ്, സൂപ്പർ സീനിയേഴ്സ് വിഭാഗങ്ങളുടെ ഉപന്യാസമത്സരത്തെക്കുറിച്ചുള്ള കൂടുതൽ നിർദേശങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ നൽകിയിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.

❖ കുട്ടികളുടെയും അധ്യാപകരുടെയും സ്ഥിതിവിവരകണക്കുകൾ ഏല്പി ക്കേണ്ട അവസാന തീയതി കഴിഞ്ഞിരിക്കുകയാണ്. ഏതെങ്കിലും സൺഡേ സ്കൂളുകൾ ഇനിയും ചെയ്തു തീർക്കുവാനുണ്ടെങ്കിൽ എത്രയും വേഗം

*ശേഷം പേജ് 26 ൽ.....»*

# ചെറുപുഷ്പ മിഷൻലീഗ് (CML)

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

വി. അൽഫോൻസാ ജന്മഗൃഹത്തിലേക്കുള്ള തീർത്ഥാടനത്തിൽ പങ്കെടുത്ത് ആത്മീയ ഉണർവിലാണ് നാമെല്ലാം. ഈ ഉണർവ് ഹൃദയത്തിൽ ഏറ്റുവാങ്ങി മിഷൻലീഗിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി പങ്കെടുക്കാം. സെപ്റ്റംബർ മാസം നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടയൊന്നാണ്. നമ്മുടെ പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ, ചെറുപുഷ്പ മിഷൻ ലീഗ് സ്ഥാപകഡയറക്ടറും നമ്മുടെ അതിരൂപതാ വൈദികനുമായ ജോസഫ് മാലിപ്പറമ്പിലച്ചന്റെ 25-ാം ചരമവാർഷികം, അതിരൂപതാ കൗൺസിൽ എന്നിവയെല്ലാം ഈ മാസത്തിലാണ്. ഇവയിലെല്ലാം അതിരൂപതയുടെയും മേഖലയുടെയും നിർദേശമനുസരിച്ചു പങ്കെടുക്കുകയും ദൈവാനുഗ്രഹം പ്രാപിക്കുകയും ചെയ്യാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**സെപ്റ്റംബർ 2023**

1 വെള്ളി : **എട്ടുനോമ്പാരംഭം**

5 ചൊവ്വ : കൊൽക്കത്തയിലെ വി. മദർ തെരേസാ

8 വെള്ളി : **പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ**

9 ശനി : **സ്ഥാപകഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ ചരമദിനം,** ചരമ രജതജൂബിലിയനുസ്മരണം ആർപ്പൂക്കര ചെറുപുഷ്പ ദൈവാലയത്തിൽ സംസ്ഥാന മാനേജിങ് കമ്മിറ്റി, മാലിപ്പറമ്പിൽ അച്ചന്റെ ചരമ രജതജൂബിലിയനുസ്മരണം ശാഖകളിൽ

14 വ്യാഴം : മാർ സ്ലീവായുടെ പുകഴ്ച

22 വെള്ളി : **അതിരൂപതാ കൗൺസിൽ**

23 ശനി : 'സ്നേഹവീടുകളിലേയ്ക്ക്' ശാഖയിൽ

24 ഞായർ : ബേത്ലെഹെം മീറ്റ്, പഠനഗ്രന്ഥ ചർച്ച

**ഒക്ടോബർ 2023**

1 ഞായർ : **വി. കൊച്ചുത്രേസ്യായുടെ തിരുനാൾ,** അംഗത്വനവീകരണം നടത്തുക, ദൈവവിളിദിനം, ദൈവവിളിയ്ക്കായി പ്രാർത്ഥിക്കുക.

3 ചൊവ്വ : 77-ാം സ്ഥാപകദിനം

4 ബുധൻ : **വി. ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാൾ**

8 ഞായർ : ബേത്‌ലെഹെം മീറ്റ്, പഠനഗ്രന്ഥ ചർച്ച

9 തിങ്കൾ : ദൈവദാസൻ മാർ മാത്യു കാവുകാട്ട് 54-ാം ചരമദിനം

**മാലിപ്പറമ്പിലച്ചൻ അനുസ്മരണവും സംസ്ഥാന മാനേജിങ് കമ്മിറ്റിയും**

മിഷൻലീഗ് സ്ഥാപകഡയറക്ടറായ ജോസഫ് മാലിപ്പറമ്പിലച്ചന്റെ 25-ാം ചരമവാർഷികം രൂപതകളുടെയും മേഖലകളുടെയും യൂണിറ്റുകളുടെയും സഹകരണത്തിൽ പ്രത്യേകപ്രാർത്ഥനയോടെ നടത്തപ്പെടുന്നു. **സെപ്റ്റംബർ 09 ശനി** രാവിലെ 09.30 നു അച്ചന്റെ കബറിടസ്ഥലമായ ആർപ്പൂക്കര ചെറുപുഷ്പം പള്ളിയിൽ വി. കുർബാനയും അനുസ്മരണസമ്മേളനവുമുണ്ടായിരിക്കും. കുടമാളൂർ, കോട്ടയം, അതിരമ്പുഴ മേഖലകളിലെ മേഖലാ ഭാരവാഹികളുടെ പൂർണമായ സഹകരണം ഈ സമ്മേളനത്തിലുണ്ടായിരിക്കുമല്ലോ.

**ശാഖാതല അനുസ്മരണം**

മാലിപ്പറമ്പിലച്ചന്റെ അനുസ്മരണം ശാഖകളിൽ സെപ്റ്റംബർ ഒമ്പതിനോതൊട്ടടുത്ത ദിവസങ്ങളിലോ ഉചിതമായ പരിപാടികളോടുകൂടി നടത്തേണ്ടതാണ്. (അച്ചന്റെ ജീവിതത്തെ ആസ്പദമാക്കി പത്രം നിർമിക്കുക, സെമിനാർ, ക്വിസ്, പ്രസംഗം എന്നിവ സംഘടിപ്പിക്കുക.)

**മാലിപ്പറമ്പിലച്ചൻ അനുസ്മരണവും അതിരൂപതാ കൗൺസിലും**

അതിരൂപതാതലത്തിൽ മാലിപ്പറമ്പിലച്ചന്റെ 25-ാം ചരമവാർഷിക അനുസ്മരണവും അതിരൂപതാ കൗൺസിലും സംയുക്തമായി **സെപ്റ്റംബർ 22 വെള്ളി** ചങ്ങനാശേരി എസ്.ബി. കോളേജ് കാവുകാട്ടു ഹാളിൽ 09.30 മുതൽ 01.30 വരെ നടത്തപ്പെടുന്നു. ശാഖ, മേഖല ജോയിന്റ് ഡയറക്ടേഴ്സ്, ഓർഗനൈസർമാർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജൂണിയർ ഓർഗനൈസേഴ്സ്, അതിരൂപതാ, മേഖലാ എക്സിക്യൂട്ടിവ് അംഗങ്ങൾ എന്നിവർ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 125 രൂപ. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.

**മാലിപ്പറമ്പിലച്ചന്റെ അനുസ്മരണാർത്ഥം സംഘടിപ്പിക്കുന്ന മത്സരങ്ങൾ**

**a. ഓൺലൈൻ പ്രസംഗമത്സരം** (സമയം: 3 മിനിറ്റ്)

*ജൂണിയേഴ്സ്*

വിഷയം: മാലിപ്പറമ്പിലച്ചനും മിഷൻലീഗും

*സീനിയേഴ്സ്*

വിഷയം: മാലിപ്പറമ്പിലച്ചനും മിഷൻ പ്രവർത്തനവും

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മത്സരമുണ്ട്. ശാഖാതലത്തിൽ മത്സരം നടത്തി വിജയികളാകുന്ന ഒരാൺകുട്ടിയുടെയും ഒരു പെൺകുട്ടിയുടെയും എൻട്രികൾ മേഖലയിലേയ്ക്കും മേഖലയിൽ വിജയികളാകുന്ന ഒരാൺകുട്ടിയുടെയും ഒരുപെൺകുട്ടിയുടെയും എൻട്രികൾ അതിരൂപതയിലേയ്ക്കും അയയ്ക്കേണ്ടതാണ്.

**എൻട്രികൾ അയയ്ക്കേണ്ട നമ്പർ: 9400421086**

**അവസാന തീയതി: സെപ്റ്റംബർ 30**

**മാർക്ക് വിഭജനം**

ആശയം: 40%
അവതരണം: 50%
വീഡിയോ ക്വാളിറ്റി: 10% (max 20 mb file)

**Mode: Portrait**

നമ്മുടെ കുഞ്ഞുമിഷനറിമാർക്കു മഹാമിഷനറിയായ മാലിപ്പറമ്പിലച്ചനെ അറിയുവാനും അനുസ്മരിക്കാനുമുള്ള ഒരു നല്ലയവസരമായി ഈ ജൂബിലി വർഷത്തെ മാറ്റാൻ വിശ്വാസപരിശീലകർ ശ്രദ്ധിക്കുമല്ലോ.

**b. ഓൺലൈൻ മിഷൻ ക്വിസ്** (5 മുതൽ 12 വരെയുള്ള ക്ലാസുകൾ)

*റഫറൻസ് ഗ്രന്ഥം:*

മഹാമിഷനറി (അതിരൂപതാ മിഷൻലീഗ് പ്രസിദ്ധീകരണം)
വാട്സ്ആപ്പിൽ അയയ്ക്കുന്ന പോസ്റ്ററുകളും
സമയം: സെപ്റ്റംബർ 17 വൈകുന്നേരം ഏഴുമണി

**അൾത്താരബാലന്മാരുടെ സെമിനാർ**

മേഖലാടിസ്ഥാനത്തിൽ നടത്തപ്പെടുന്ന അൾത്താരബാലന്മാരുടെ സെമിനാർ ഒക്ടോബർ-നവംബർ മാസങ്ങളിൽ ക്രമീകരിക്കുവാൻ മേഖലാംഗങ്ങൾ ശ്രദ്ധിക്കുമല്ലോ.

**പ്രേഷിതമാസം**

ഒക്ടോബർ പ്രേഷിതമാസമായി നാം ആചരിക്കുന്നു. ഓരോ ആഴ്ചയിലും വ്യത്യസ്തമായ പരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് പ്രേഷിതമാസം കൂടുതൽ അനുഭവവേദ്യമാക്കാനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്കു മാർഗരേഖ പേജ് നമ്പർ 30, 31 കാണുക.

■

---

» ***സന്ദേശനിലയം തുടർച്ച...***

പൂർത്തിയാക്കുക. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ചോദ്യപേപ്പർ തയ്യാറാക്കാനും കലോത്സവത്തിൽ രജിസ്റ്റർ ചെയ്യാനും ഇത് ആവശ്യമാണെന്ന കാര്യം പ്രത്യേകം ഓർമിപ്പിക്കുന്നു.

**ആദരാഞ്ജലികൾ**

അതിരൂപതാ മതബോധനസമിതിയംഗമായ ഫാ. ജോസ് കൊച്ചുപറമ്പിലിന്റെ മാതാവിന്റെയും ആലപ്പുഴ പഴവങ്ങാടി സൺഡേസ്കൂൾ അധ്യാപിക സി. റോസ്മി CMC യുടെ മാതാവിന്റെയും പച്ച-ചെക്കിടിക്കാട് സൺഡേസ്കൂൾ അധ്യാപകനും സി.ആർ.റ്റി. അംഗവുമായ നിബു എസ്. തോമസിന്റെ പിതാവിന്റെയും കാവാലം സെന്റ് തെരേസാസ് സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് സിനി പുതുപ്പറമ്പിലിന്റെ മാതാവിന്റെയും വെഞ്ചേമ്പ് സൺഡേസ്കൂൾ അധ്യാപകനും സി.ആർ.റ്റി. അംഗവുമായ ബേബി വട്ടപ്പറമ്പിലിന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം - മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

■

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

പരി. കന്യാമറിയത്തിന്റെ പിറവിത്തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു. ലോഗോസ് മത്സരത്തിനായി നിങ്ങൾ നടത്തിയ പരിശ്രമങ്ങളെ നന്ദിയോടെ ഓർക്കുകയും പ്രാർത്ഥനകൾ നേരുകയും ചെയ്യുന്നു. ഈ വർഷം നമ്മുടെ അതിരൂപതയിൽനിന്നും 31464 പേർ ലോഗോസ് മത്സരത്തിൽ പങ്കെടുക്കുന്നുവെന്നതിൽ സന്തോഷമുണ്ട്. കുടുംബക്കൂട്ടായ്മ ഫൊറോനാ സംഗമങ്ങൾ ആരംഭിക്കുകയാണ്. കൂട്ടായ്മ ലീഡേഴ്സും ഫൊറോനാസമിതിയംഗങ്ങളും നിർബന്ധമായും ഇതിൽ പങ്കെടുക്കണം. ഈ വർഷം ഡയറക്ടർമാരായി നിയമിതരായ വൈദികർക്കു സ്വാഗതം ആശംസിക്കുകയും കഴിഞ്ഞവർഷങ്ങളിൽ ഈ രംഗത്തു സേവനം ചെയ്ത വൈദികരെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ബൈബിൾ കോഴ്സിലെ പങ്കാളിത്തം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. ബൈബിൾ കയ്യെഴുത്തിൽ പങ്കെടുക്കുന്നവർ **2024 മെയ് 30** നകം പൂർത്തിയാക്കണം. ഈ വർഷം കുടുംബക്കൂട്ടായ്മയുടെ അതിരൂപതാതലസംഗമം **ഹെസദ് 2023** ചങ്ങനാശേരി സെന്റ് ബർക്മൻസ് കോളേജ് ഓഡിറ്റോറിയത്തിൽ നടക്കുന്നതാണ്.

എല്ലാ പ്രവർത്തനങ്ങളെയും ദൈവസന്നിധിയിൽ സമർപ്പിക്കാം.

പ്രാർത്ഥനയോടെ,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## വാർത്തകൾ-പ്രവർത്തനങ്ങൾ

### കുടുംബക്കൂട്ടായ്മകളിൽ പരി. കുർബാന പഠനവിഷയം

കുടുംബക്കൂട്ടായ്മകളിൽ സെപ്റ്റംബർ മാസം മുതൽ 'പരി. കുർബാനയാണ്' പഠനവിഷയം. KCBC കേരളസഭാനവീകരണത്തിന്റെ ഒന്നാംവർഷം 'ദിവ്യകാരുണ്യ കോൺഗ്രസ്' പ്രഖ്യാപിച്ചിരിക്കുന്നതിന്റെ ഒരുക്കമായി സെപ്റ്റംബർ മുതൽ നമ്മുടെ അതിരൂപതയിലെ കുടുംബക്കൂട്ടായ്മകളിൽ പരി. കുർബാന പഠനവിഷയമാക്കുവാൻ അഭി. പെരുന്തോട്ടം പിതാവ് നിർദേശിച്ചിരിക്കുകയാണല്ലോ (മദ്ധ്യസ്ഥൻ ഓഗസ്റ്റ് മാസം പേജ് 13 -14). അനുദിന പരി. കുർബാനയർപ്പണം കൂടുതൽ ദൈവാനുഭവദായകവും ജീവിതബന്ധിയുമാക്കി മാറ്റുകയെന്നതാണ് ലക്ഷ്യം.

**പഠനഗ്രന്ഥം**

'പരിശുദ്ധ കുർബാന ചിത്രങ്ങളിലൂടെ' എന്ന അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ പുസ്തകമാണ് കുടുംബക്കൂട്ടായ്മകളിൽ ഉപയോഗിക്കാവുന്നത്.

കൂടാതെ MAC TV യിലൂടെ ആരംഭിച്ചിരിക്കുന്ന പഠനവും 'സീറോ മലബാർ സഭയുടെ വിശുദ്ധ കുർബാന' എന്ന പേരിൽ തയ്യാറാക്കിയിരിക്കുന്ന പത്തോളം വീഡിയോകളും വാട്സ്ആപ്പിൽ ഷെയർ ചെയ്തു പഠനത്തിന് ഉപയോഗിക്കാം. സൺഡേസ്കൂൾ കുട്ടികളെയും ഈ വീഡിയോകൾ പൊതുവായി കാണിക്കുന്നത് ഉപകാരപ്രദമായിരിക്കും.

പരി. കുർബാനയെക്കുറിച്ചുള്ള മാർപാപ്പാമാരുടെ ചാക്രികലേഖനങ്ങൾ സത്യദർശനം, കുടുംബജ്യോതി എന്നീ പ്രസിദ്ധീകരണങ്ങളിലൂടെ സെപ്റ്റംബർ മാസം മുതൽ ആരംഭിക്കുന്നു. കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, മതാധ്യാപകർ തുടങ്ങിയർ ഇതു വായിക്കാനും പ്രചരിപ്പിക്കാനും നേതൃത്വമെടുക്കുമല്ലോ.

**ഇടവകകളിൽ ആനിമേഷൻ/റിസോഴ്സ് ടീമിനെ രൂപീകരിക്കുക**

കുടുംബക്കൂട്ടായ്മകളിൽ പരി. കുർബാനയുടെ ക്ലാസുകൾക്കു നേതൃത്വം നൽകാൻ സൺഡേസ്കൂൾ അധ്യാപകർ, മാർത്തോമാ വിദ്യാനികേതനിൽനിന്നു ദൈവശാസ്ത്രം പഠിച്ച അല്മായർ, യുവജനങ്ങൾ, സമർപ്പിതർ എന്നിവരെ ചേർത്ത് എല്ലാ ഇടവകകളിലും ഒരു റിസോഴ്സ് ടീമിനെ രൂപീകരിക്കാൻ ശ്രദ്ധിക്കണമെന്നാണ് അഭി. പെരുന്തോട്ടം പിതാവ് നിർദേശിച്ചിരിക്കുന്നത്.

**ലോഗോസ് 2023**

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരം **സെപ്റ്റംബർ 24 ഞായർ ഉച്ചകഴിഞ്ഞ് 02.00 മുതൽ 03.30 വരെ** ഇടവകകളിൽ നടക്കുന്നതാണ്. പേര് രജിസ്റ്റർ ചെയ്ത മുഴുവൻ ആളുകളെയും ഇതിൽ പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ചോദ്യക്കടലാസുകൾ സെപ്റ്റംബർ 22 വെള്ളിയാഴ്ച മുതൽ ഫൊറോനാകേന്ദ്രങ്ങളിൽനിന്നും വികാരിയച്ചന്റെ കത്തുണ്ടെങ്കിൽ വാങ്ങാവുന്നതാണ്. പരീക്ഷയ്ക്കുശേഷം ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്ത് 26 ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്കു മുമ്പായി കുടുംബക്കൂട്ടായ്മ ഓഫീസിലോ ഫൊറോനാകേന്ദ്രങ്ങളിലോ ഏൽപ്പിക്കേണ്ടതാണ്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ഹാൾടിക്കറ്റ് നമ്പർ നിർബന്ധമായും എഴുതണം.
2. സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്തു ലഭിക്കുന്നതിനു ഹാൾടിക്കറ്റ് നമ്പർ ആവശ്യമാണ്.
3. രജിസ്റ്റർ ചെയ്തിരിക്കുന്ന പേരുതന്നെ ഉത്തരക്കടലാസിൽ എഴുതണം.
4. ഉത്തരക്കടലാസുകൾ കാറ്റഗറി തിരിച്ചു പായ്ക്കു ചെയ്യണം.
5. ഹാൾടിക്കറ്റ് നമ്പർ ലഭിക്കാതെവന്നാൽ ഉത്തരക്കടലാസിനോടൊപ്പം പേരുവിവരങ്ങൾ എഴുതി പിൻ ചെയ്യണം.

**അഭിനന്ദനങ്ങൾ**

ഈ വർഷത്തെ ലോഗോസ് മത്സരത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് യഥാക്രമം 1, 2, 3 സ്ഥാനങ്ങൾ നേടിയ ഇടവകകൾ:

1. സെന്റ് തോമസ് നാലുകോടി – 686 പേർ

2. സെന്റ് മേരീസ് ഫൊറോന അതിരമ്പുഴ - 673 പേർ
3. സെന്റ് സേവ്യേഴ്സ് ഫൊറോന തൃക്കൊടിത്താനം - 593 പേർ

**ലോഗോസ് പഠനസഹായി 2023**

ലോഗോസ് പഠനസഹായി അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്. വില 130 രൂപ

## കുടുംബക്കൂട്ടായ്മ ഫൊറോനാസംഗമം 2023 (കെരിഗ്മ)

കുടുംബക്കൂട്ടായ്മ ഫൊറോനാസംഗമം സെപ്റ്റംബർ മാസം ആരംഭിക്കുകയാണ്. ഫൊറോനകൾക്കു നിശ്ചയിച്ചിരിക്കുന്ന തീയതികൾ താഴെ കൊടുക്കുന്നു. കുടുംബക്കൂട്ടായ്മ ലീഡേഴ്സും (മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ എന്നിവരുടെ പ്രതിനിധികൾ), ഫൊറോനാസമിതിയംഗങ്ങളും നിർബന്ധമായി പങ്കെടുക്കേണ്ടതാണ്. 2023 കേരളസഭ ദിവ്യകാരുണ്യവർഷമായി ആചരിക്കുന്ന സാഹചര്യത്തിൽ കെരിഗ്മയിലെ പഠനവിഷയം പരി. കുർബാനയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്.

**സമയം: ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ**

| ദിവസം | ഫൊറോന |
|---|---|
| സെപ്റ്റംബർ 09 ശനി | എടത്വാ |
| സെപ്റ്റംബർ 10 ഞായർ | അതിരമ്പുഴ |
| സെപ്റ്റംബർ 16 ശനി | തുരുത്തി, മണിമല |
| സെപ്റ്റംബർ 17 ഞായർ | കോട്ടയം |
| സെപ്റ്റംബർ 22 വെള്ളി | ആലപ്പുഴ |
| സെപ്റ്റംബർ 27 ബുധൻ | പുളിങ്കുന്ന് |
| ഒക്ടോബർ 01 ഞായർ | മുഹമ്മ |
| ഒക്ടോബർ 02 തിങ്കൾ | ചങ്ങനാശേരി |
| ഒക്ടോബർ 08 ഞായർ | കുടമാളൂർ |
| ഒക്ടോബർ 14 ശനി | കുറുമ്പനാടം |
| ഒക്ടോബർ 15 ഞായർ | തൃക്കൊടിത്താനം, തിരുവനന്തപുരം |
| ഒക്ടോബർ 21 ശനി | ചമ്പക്കുളം |
| ഒക്ടോബർ 22 ഞായർ | നെടുങ്കുന്നം |
| ഒക്ടോബർ 23 തിങ്കൾ | അമ്പൂരി |
| ഒക്ടോബർ 28 ശനി | ചെങ്ങന്നൂർ |
| ഒക്ടോബർ 29 ഞായർ | കൊല്ലം-ആയൂർ |

**നവംബർ 11 രണ്ടാം ശനി ഹെസദ് 2023** *(മൂന്നുവർഷം കൂടുമ്പോൾ നടക്കുന്നത്)* അതിരൂപതയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ മഹാസംഗമം ചങ്ങനാശേരി സെന്റ് ബർക്മൻസ് കോളേജിൽ നടത്തപ്പെടുന്നതാണ്.

## അവാർഡുകൾ നൽകി

കുടുംബക്കൂട്ടായ്മ ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഏകവർഷ ഡിപ്ലോമ കോഴ്സും സമ്പൂർണ ബൈബിൾ കൈയെഴുത്തും പൂർത്തിയാക്കിയവർക്കു ജൂലൈ 28 വെള്ളിയാഴ്ച അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകിയാദരിച്ചു. ഡയറക്ടർ ജോർജ് മാന്തുരുത്തിലച്ചന്റെ നേതൃത്വത്തിൽ സെൻട്രൽ കമ്മിറ്റി അംഗങ്ങൾ ക്രമീകരണങ്ങൾ ചെയ്തു.

**സമ്പൂർണ ബൈബിൾ കൈയെഴുത്ത് പൂർത്തിയാക്കിയവർ**

ജയിംസ് & സൂസി ജയിംസ് ചൂരോടിൽ കൊല്ലാട്
മറിയാമ്മ തോമസ് കൊച്ചുപറമ്പ് വേഴപ്രാ
തങ്കമ്മ ജോസഫ് പുത്തൻപറമ്പിൽ കുറുമ്പനാടം
മേഴ്സി ഷിബു കാക്കനാട്ടിൽ തോട്ടക്കാട്
എൽസി ജോസഫ് കക്കാട്ടുപടവിൽ തോട്ടക്കാട്
ലിസമ്മ തോമസ് ആലുങ്കൽ നെടുങ്കുന്നം
സിബി ജോസഫ് പീച്ചത്തിൽ & സിനി സിബി പുന്നത്തുറ
ലിസമ്മ മൈക്കിൾ നെടുംപറമ്പിൽ നെടുങ്കുന്നം
ആൻസമ്മ സുന്നിച്ചൻ മലയിൽ എടത്വാ
ദേവസ്യ MT മാടത്തേട്ട് അയർക്കുന്നം
ലീലാമ്മ കുര്യാക്കോസ് പാലക്കൽ കൊല്ലാട്
ലിസമ്മ റ്റോമിച്ചൻ ചുരപ്പറമ്പിൽ പുളിങ്കുന്ന്
ഷിജി റോയ് മുക്കത്തുചിറയിൽ നെടുങ്കുന്നം
ബിൻസി ബിനോദ് പുളിക്കൽ നെടുങ്കുന്നം
അന്നമ്മ ഫിലിപ്പ് ചക്കാലക്കൽ എടത്വാ
ത്രേസ്യാമ്മ ജോസഫ് വട്ടൻതൊട്ടിയിൽ മുടിയൂർക്കര
കുഞ്ഞുമോൾ ലാലി കണിച്ചേരിൽ മുട്ടാർ
ജാൻസി ജോസഫ് മനീയത്തുശ്ശേരി പായിപ്പാട്
ജോളി ജോസഫ് ചെറിയാൻതറയിൽ ഫിൽഗിരി
സാറാമ്മ മാത്യു മേലുക്കുന്നേൽ ഫിൽഗിരി
ബീന ജയിംസ് ചിറക്കൽപുരയിടം ഫിൽഗിരി
ബീന തോമസ് ചെറിയാൻതറയിൽ ഫിൽഗിരി
അനിത തോമസ് അമ്പിയായം എടത്വാ
ബിന്ദു ജോസ് കാരക്കാട്ട് മണ്ണന്തല
മേരി ജോസഫ് ആലഞ്ചേരി മണ്ണന്തല
സി. എമിലി DSFS കവടിയാർ തിരുവനന്തപുരം
ഗ്രേസിക്കുട്ടി KA പുത്തൻപുരയ്ക്കൽ പോങ്ങുംമ്മൂട്
ജോണിക്കുട്ടി സ്കറിയ & ലിസമ്മ കോവുകുന്നേൽ ചെത്തിപ്പുഴ
ജെസ്സി ആന്റണി കുന്നേൽ പുറക്കാട്

സി. സ്റ്റാനി FCC ക്ലാരിസ്റ്റ് കോൺവന്റ് പുറക്കാട്
മിനിമോൾ ജോൺ മൂലയിൽ പുന്നപ്ര
ബിന്ദു ഷോജി പനമൂട്ടിൽ ഇരവുചിറ
ജിൻസി ആന്റണി കാട്ടുപറമ്പ് ചേന്നങ്കരി
ബിൻസി KR പുത്തൻകണ്ടത്തിൽ കല്ലുകളം
എൽസമ്മ തോമസ് കപ്പലുമാക്കൽ മൂലമറ്റം
സ്മിത ബിജു മലേപ്പറമ്പിൽ മറ്റത്തെപ്പാറ
സണ്ണി വർഗീസ് & ക്ലാരമ്മ സണ്ണി മണത്തലച്ചിറ കുടമാളൂർ
സിൽവിയ മാത്യു തടത്തിൽ കരിമ്പനകുളം
ഫ്രാൻസിസ് സെബാസ്റ്റ്യൻ & മേരിക്കുട്ടി കോട്ടയിൽ കോട്ടയ്ക്കുപുറം
ഏലിയാമ്മ AS കൈനിക്കര കുറുമ്പനാടം
ഐസക് മാത്യു മുള്ളൻകുഴി പൊടിപ്പാറ
സി. സ്വിറിയ DSJ ആറുമാനൂർ
ജെസ്സി ചാക്കോ പൈഞ്ഞാക്കളം പഴവങ്ങാടി
ബിന്ദു തോമസ് പാണാട്ടിൽ ളായിക്കാട്
കുര്യൻ ജോസഫ് മംഗളം കുറിച്ചി
PJ തങ്കച്ചൻ പുന്നപറമ്പിൽ പുതുക്കരി
തങ്കമ്മ സിറിയക് ചിറ്റുകളം മൈലാടി
ബിജി സിറിയക് കീച്ചിറ അരുവിക്കുഴി
എത്സമ്മ ജോസഫ് മറ്റത്തിൽ മുഹമ്മ
മറിയം ജോസഫ് പീടികച്ചിറയിൽ ഇത്തിത്താനം
ലൂസമ്മ ജയിംസ് മേടയിൽ ചമ്പക്കുളം
സി. മെർലി FCC ചങ്ങനാശേരി
മറിയമ്മ ഫിലിപ്പോസ് കൈതാരം പൊങ്ങ
ജോൺസൺ തോമസ് കോയിപ്പള്ളി പറാൽ
അജ്മ ബെൻസി കടന്തോട്ട് പാറേൽ
ജിനിമോൾ സ്റ്റീഫൻ പുത്തൻപുരയ്ക്കൽ കുടമാളൂർ
ഷൈനി ജോസഫ് പടിഞ്ഞാറേവീട് ചങ്ങങ്കരി
സി. മരിയ ASMI ചീരഞ്ചിറ
സ്കറിയ മാത്യു കുറിഞ്ഞിപ്പറമ്പിൽ ഇത്തിത്താനം
മിറ്റി ചാക്കോ ഏഴരയിൽ കണ്ണാടി
സുരേഖ സെബാസ്റ്റ്യൻ വാലംപറമ്പിൽ കൈതവന
തോമസ് ജോസഫ് കൊഴുപ്പക്കളം എടത്വാ
റോസമ്മ വർഗീസ് പൂച്ചാലിൽ വടക്കേക്കര
ജോർജ് ഫ്രാൻസിസ് നെടിയകാലാപ്പറമ്പിൽ വെരൂർ
അച്ചാമ്മ ജോസ് തേക്കുംതറ കൊണ്ടാക്കൽ
സെലിൻ ജോസഫ് മലയിൽ കാലായിൽ നാലുകോടി
റോസമ്മ ചാക്കോ കുഴിമണ്ണിൽ കാലായിൽ നാലുകോടി

**ഏകവർഷ ബൈബിൾ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കിയവർ**

അന്നമ്മ ഫിലിപ്പോസ് ചമ്പക്കുളത്ത് കോട്ടയം
ബിൻസി ജോസഫ് ചിറയിൽ കുമരങ്കരി
സോഫിയാമ്മ ജോസഫ്
ആനി സണ്ണി പുന്നശ്ശേരിൽ പാറേൽ
മിനി തോമസ് കള്ളിവയലിൽ തിരുവനന്തപുരം
ജെസ്സി സിബി കാർമൽ (ആര്യങ്കര) ചമ്പക്കുളം
ത്രേസ്യാമ്മ ജോസഫ് വട്ടൻതൊട്ടിയിൽ മുടിയൂർക്കര
ജെസ്സി വർഗീസ് മാളിയേക്കൽ ചങ്ങങ്കരി
തങ്കമ്മ KM നെൽപ്പുരക്കൽ മുടിയൂർക്കര
ഷൈനി ആന്റണി കരിമരുതുങ്കൽ മുടിയൂർക്കര
മേരിക്കുട്ടി ജോസഫ് കാരക്കട മുടിയൂർക്കര
ജെസ്സി എൻസൺ വട്ടപ്പറമ്പിൽ മുടിയൂർക്കര
ലിസ്സി ജേക്കബ് പഞ്ഞിക്കാരൻ പുനലൂർ
എലിസബത്ത് വർഗീസ് കപ്പിലുമാക്കൽ
റെജി വർഗീസ് കലുങ്കിൽ അമ്പൂരി
ലിജിറ്റ് ജോസ് കൊച്ചുപറമ്പിൽ ഇരവിനല്ലൂർ
സുഗതാ റാണി സിംഫണി വിഴിഞ്ഞം
എലിസബത്ത് ജോസഫ് കുടക്കാട് ചെത്തിപ്പുഴ
സേവ്യർ ജോസഫ് കന്യാക്കോണിൽ ചെത്തിപ്പുഴ
ജാസ്മിൻ സെബാസ്റ്റ്യൻ കളപ്പുരക്കൽ കൊല്ലാട്
മാഗി PL തോട്ടുങ്കൽ മുടിയൂർക്കര
ജോമോൾ അഗസ്റ്റിൻ മുല്ലപ്പള്ളിൽ
സിജി സെബാസ്റ്റ്യൻ മുല്ലപ്പള്ളിൽ
ആൻ മരിയ ജോസ് വടക്കേക്കുറ്റ്
ലില്ലിമ്മ ആന്റണി ഇളപ്പുങ്കൽ ഫാത്തിമാപുരം
തോമസുകുട്ടി ജോസ് വള്ളവന്തറ പുന്നപ്ര
KT രാജു കണ്ണാട്ടുമഠം പാറേൽ
ആശാ ജോസഫ് നല്ലൂർ കുമരങ്കരി
മിനി റോയി വരിക്കയാനിക്കൽ കൊടിനാട്ടുംകുന്ന്
സിനി ഔസേപ്പ് പുത്തൻപുരയ്ക്കൽ മഹേന്ദ്രപുരം

**ഇടവകകളിൽ മേൽപ്പറഞ്ഞവരെ ആദരിക്കുന്നത് അഭിലഷണീയമായിരിക്കും.**

■

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമിശിഹായിൽ പ്രിയരേ,

കുരിശിന്റെ വിജയവും നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവും സ്വർഗീയ സഭയുടെ മുന്നാസ്വാദനവും പ്രത്യേകമായി ധ്യാനിക്കുന്ന ഏലിയാ-സ്ലീവാ-മൂശെകാലങ്ങളിലേക്കു നാം പ്രവേശിച്ചിരിക്കുന്നു. സ്വർഗം ലക്ഷ്യമാക്കി തീർഥാടനം ചെയ്യുന്ന സഭയിൽ മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും കടമകളും ഉത്തരവാദിത്വങ്ങളും ഭംഗിയായി നിർവഹിച്ചുകൊണ്ട് നവീകരണത്തിന്റെ വിശുദ്ധലക്ഷ്യം പൂർത്തീകരിക്കാൻ നമ്മുടെ കുടുംബപ്രേക്ഷിതശുശ്രൂഷകൾക്കിടയാകട്ടെ.

കുടുംബസംഗമങ്ങളും പിതൃവേദി റൂബി ജൂബിലി സന്ദേശയാത്രയും വിവിധ ഫൊറോനകളിൽ ആവേശത്തോടും ആഘോഷത്തോടുംകൂടെ നടക്കുന്നു. ഇതിനോടകം 90-ലധികം ഇടവകകളിലൂടെ സന്ദേശയാത്ര കടന്നുപോയി. കുടുംബത്തിലൂടെ ലോകത്തെ നവീകരിക്കുക എന്ന ലക്ഷ്യത്തിലേക്കു സാഭിമാനം സഭയോടൊത്തു മുന്നേറുവാനുള്ള മാതാപിതാക്കളുടെ പ്രതിജ്ഞാബദ്ധത വെളിവാകുന്ന വേളകളാണ് സന്ദേശയാത്രയും കുടുംബസംഗമങ്ങളും. ആത്മാർത്ഥതയോടെ സഹകരിക്കുന്ന ഏവരെയും അഭിനന്ദിക്കുന്നു.

സെപ്റ്റംബർ മാതൃവേദിയെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ മാസമാണ്. മാതൃവേദിയുടെ സ്വർഗീയമധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളും മാതൃവേദിയുടെ ജന്മദിനവും സമുചിതമായി കൊണ്ടാടുന്ന നാളുകളാണ്. മാതാക്കൾക്ക് ഈ ആഘോഷദിനങ്ങളുടെ മംഗളങ്ങൾ നേരുന്നു.

സ്നേഹപൂർവം,

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### ഇടയനോടൊപ്പം

വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ഇടവക വൈദികരോടൊപ്പം യൂണിറ്റുകളിൽ സ്നേഹസമ്മേളനങ്ങൾ നടത്തി.

### പിതൃവേദി റൂബി ജൂബിലി സന്ദേശയാത്ര

ഓഗസ്റ്റ് 06 ഞായറാഴ്ച കോട്ടയം, ഓഗസ്റ്റ് 13 ഞായറാഴ്ച അതിരമ്പുഴ, ഓഗസ്റ്റ് 19 ശനിയാഴ്ച കുടമാളൂർ, ഓഗസ്റ്റ് 27 ഞായറാഴ്ച മുഹമ്മ ഫൊറോനകളിൽ സന്ദേശയാത്ര നടത്തപ്പെട്ടു.

### കുടുംബസംഗമങ്ങൾ

ഓഗസ്റ്റ് 12 ശനിയാഴ്ച കോട്ടയം, ഓഗസ്റ്റ് 15 ചൊവ്വാഴ്ച അതിരമ്പുഴ, ഓഗസ്റ്റ് 20 ഞായറാഴ്ച കുടമാളൂർ ഫൊറോനകളിൽ കുടുംബസംഗമങ്ങൾ

നടത്തപ്പെട്ടു. വിശ്വാസപ്രഘോഷണറാലിയോടെ ആരംഭിച്ച കുടുംബസംഗമങ്ങളിൽ ഫൊറോനകളിലെ യൂണിറ്റുകളിൽനിന്നും അഭിനന്ദനാർഹമായ പങ്കാളിത്തമുണ്ടായിരുന്നു. അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ്, ഷംഷാബാദ് രൂപത സഹായമെത്രാൻ അഭി. മാർ തോമസ് പാടിയത്ത് പിതാവ് എന്നിവർ മുഖ്യാതിഥികളായിരുന്നു.

### ആനിമേഷൻ കോർ ടീം മീറ്റിങ്

ഓഗസ്റ്റ് 05 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് അതിരൂപതാകേന്ദ്രത്തിൽ ആനിമേഷൻ കോർ ടീമിന്റെ മീറ്റിങ് നടത്തപ്പെട്ടു. മാതൃവേദി, പിതൃവേദി സംഘടനകളുടെ വരുന്ന മാസങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്തു.

### മാതൃവേദി ഓൺലൈൻ മീറ്റിങ്

മാതൃവേദി ഫൊറോനാ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, അതിരൂപതാ മാതൃവേദി ആനിമേഷൻ ടീമംഗങ്ങൾ എന്നിവരുടെ ഓൺലൈൻ മീറ്റിങ് ഓഗസ്റ്റ് 09 ബുധനാഴ്ച വൈകുന്നേരം 8.30 നു ക്രമീകരിച്ചു. ഓഗസ്റ്റ് 31 ലെ അതിരൂപതാ മാതൃസംഗമത്തെക്കുറിച്ചു ചർച്ച നടത്തി.

### പ്രതിഷേധസംഗമം

മണിപ്പുരിലെ വംശഹത്യക്കെതിരെ വിവിധ ഫൊറോനകളുടെയും യൂണിറ്റുകളുടെയും നേതൃത്വത്തിൽ പ്രതിഷേധസംഗമങ്ങൾ സംഘടിപ്പിക്കപ്പെട്ടു.

## സെപ്റ്റംബർ മാസത്തിൽ ഓർമിക്കാൻ

### പിതൃവേദി റൂബി ജൂബിലി സന്ദേശയാത്ര

| ദിവസം | ഫൊറോന |
|---|---|
| സെപ്റ്റംബർ 2, 3 | ചമ്പക്കുളം |
| സെപ്റ്റംബർ 9, 10 | ആലപ്പുഴ |
| സെപ്റ്റംബർ 16, 17 | പുളിങ്കുന്ന് |
| സെപ്റ്റംബർ 23, 24 | എടത്വാ |
| സെപ്റ്റംബർ 30 | ചെങ്ങന്നൂർ |

### മാതൃവേദി-പിതൃവേദി കുടുംബസംഗമങ്ങൾ

| ദിവസം | ഫൊറോന |
|---|---|
| സെപ്റ്റംബർ 6 | ചമ്പക്കുളം |
| സെപ്റ്റംബർ 17 | ആലപ്പുഴ |
| സെപ്റ്റംബർ 22 | പുളിങ്കുന്ന് |
| സെപ്റ്റംബർ 27 | എടത്വാ |

### സെപ്റ്റംബർ 05 വി. മദർ തെരേസയുടെ തിരുനാളും അധ്യാപകദിനവും

ഇടവകയിൽ വിശ്വാസം പകർന്നു നൽകുന്ന വിശ്വാസപരിശീലകരെ അനുമോദിക്കാം. മദർ തെരേസയെ അനുസ്മരിച്ചു ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്താം.

### മാതൃവേദി സ്വർഗീയമധ്യസ്ഥയുടെ തിരുനാൾ

സെപ്റ്റംബർ 08 പരി. അമ്മയുടെ പിറവിത്തിരുന്നാൾ ഭക്ത്യാദരപൂർവം യൂണിറ്റുകളിൽ ആഘോഷിക്കാം.

### മാതൃവേദി ജന്മദിനം

സെപ്റ്റംബർ 20 മാതൃവേദി ജന്മദിനമാണ്. സെപ്റ്റംബർ 17 മുതൽ 24 വരെയുള്ള ദിവസങ്ങൾ മാതൃവേദി ജന്മദിനവാരമായി യൂണിറ്റുകളിലും ഫൊറോനകളുടെ നേതൃത്വത്തിലും ആഘോഷിക്കാം.

*ശേഷം പേജ് 44 ൽ.....»*

# യുവദീപ്തി - SMYM

## യുവജനദിനാഘോഷം – 'എസ്പെരെൻസാ 2K23'

യുവദീപ്തി–SMYM ആഭിമുഖ്യത്തിൽ ജൂലൈ 30 ഞായറാഴ്ച മുഹമ്മ സെന്റ് ജോർജ് ഫൊറോനാപള്ളിയിൽ 'എസ്പെരെൻസാ 2K23' എന്നപേരിൽ യുവജനദിനാഘോഷം നടത്തി. യൂണിറ്റ് പ്രസിഡന്റ് അലൻ പതാക ഉയർത്തി. അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ തയ്യിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ സീറോമലബാർ കൂരിയാ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ 'എസ്പെരെൻസാ 2K23' ഉദ്ഘാടനം ചെയ്തു. ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണം നടത്തി. ഫൊറോനാ വികാരി ഫാ. ആന്റണി കാട്ടൂപ്പാറ യുവജനദിനസന്ദേശം നല്കി. ഫൊറോനാ ഡയറക്ടർ ഫാ. ദേവസ്യ തുണ്ടിയിൽ, ഫൊറോനാ പ്രസിഡന്റ് എബ്രാഹം എസ്. പട്ടാറ, അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് രേഷ്മ ദേവസ്യ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ സമ്മാനദാനം നിർവഹിച്ചു. മുഹമ്മ, ഐക്കരച്ചിറ, പുന്നപ്ര, പഴവങ്ങാടി, ചേപ്പുംപാറ, തൃക്കൊടിത്താനം തുടങ്ങിയ യൂണിറ്റുകൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. പ്രമോ വീഡിയോ, മെലോ കവർ സോങ്ങ് എന്നിവയ്ക്കു പ്രത്യേക സമ്മാനങ്ങൾ നല്കി.

## പ്രാർത്ഥനാപഠന പരിശീലനക്യാമ്പ് – മെസ്സിസ് 2K23 കുറുമ്പനാടം ഫൊറോന

കുറുമ്പനാടം ഫൊറോന യുവദീപ്തി–SMYMന്റെ 2023 പ്രവർത്തന വർഷത്തെ പ്രാർത്ഥനാ–പഠന–പരിശീലന ക്യാമ്പ് ഓഗസ്റ്റ് 11–13 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് മാത്യു ജയിംസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ വികാരി ഫാ. ചെറിയാൻ കറുകപ്പറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഫാ. ആന്റണി ആനക്കല്ലുങ്കൽ, ഫാ. ജോസഫ് ഈറ്റോലിൽ, ഫാ. മാത്യു പള്ളിച്ചിറ, സിജു ആലഞ്ചേരി എന്നിവർ ക്ലാസുകൾ നയിച്ചു. ബ്രദർ ഡെറിക് കത്തിക്കര, നേഹ ലെസ്‌ലി, ക്രിസ്റ്റി കെ. കുഞ്ഞുമോൻ, രേഷ്മ ദേവസ്യ, ജാസ്മിൻ മാത്യു എന്നിവർ നേതൃത്വം നൽകി.

## KCYM സെനറ്റ് തലശ്ശേരി

KCYM ന്റെ അർദ്ധവാർഷിക സെനറ്റ് തലശ്ശേരി അതിരൂപതയിൽ നടന്നു. യുവദീപ്തി–SMYM അതിരൂപതാ ഭാരവാഹികൾ സെനറ്റിൽ പങ്കെടുത്തു.

## സെപ്റ്റംബർമാസത്തെ പരിപാടികൾ

| | | |
|---|---|---|
| ഓഗസ്റ്റ് 31, സെപ്റ്റംബർ 1, 2 | – | കൊല്ലം ഫൊറോനാ ക്യാമ്പ്, ആര്യങ്കാവ് |
| സെപ്റ്റംബർ 01, 02, 03 | – | ആലപ്പുഴ ഫൊറോനാ ക്യാമ്പ്, പുന്നപ്ര |
| സെപ്റ്റംബർ 06 | – | രചനാമത്സരങ്ങൾ |
| സെപ്റ്റംബർ 22 | – | അവതരണമത്സരങ്ങൾ |

**ജോർജ് സെബാസ്റ്റ്യൻ തയ്യിൽ**
*(പ്രസിഡന്റ്)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

■

# കെ.സി.എസ്.എൽ.

ഈശോയിൽ സ്നേഹമുള്ളവരേ,

എല്ലാവരും ഓണപ്പരീക്ഷയൊക്കെ നന്നായിയെഴുതിയെന്നു കരുതുന്നു. ഓണക്കാലത്തെ സ്വപ്നം കണ്ടുകൊണ്ട് മാവേലി തമ്പുരാനെ വരവേൽക്കാനായി ആഹ്ലാദതിമിർപ്പോടെ കാത്തിരിക്കുന്ന ഓരോരുത്തർക്കും ഓണാശംസകൾ ഹൃദയപൂർവം നേരുന്നു.

## അഖിലകേരള അൽഫോൻസാ ക്വിസ് 2023

FCC ദേവമാതാ പ്രോവിൻസും കെ.സി.എസ്.എൽ. സംഘടനയും സംയുക്തമായി സംഘടിപ്പിച്ച അഖിലകേരള അൽഫോൻസാ ക്വിസ് ചങ്ങനാശേരി സെന്റ് ആൻസ് ഹൈസ്കൂളിൽ നടത്തപ്പെട്ടു. യു.പി., ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലായി 140 ടീമുകൾ പങ്കെടുത്തു. ക്വിസ് മത്സരം ദേവമാതാ പ്രോവിൻസ് വിദ്യാഭ്യാസ കൗൺസിലർ സി. ലിന്റാ FCC ഉദ്ഘാടനം ചെയ്തു. അതിരൂപതാ കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി, ഹെഡ്മിസ്ട്രസ് സി. ബ്ലെസിയ FCC തുടങ്ങിയവർ ആശംസകൾ നേർന്നു. സമ്മാനാർഹരായ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

## യൂണിറ്റ് സന്ദർശനങ്ങൾ

AKM പബ്ലിക് സ്കൂൾ മോർകുളങ്ങര, അമലോത്ഭവ LP സ്കൂൾ പുളിങ്കുന്ന്, സെന്റ് മേരീസ് HSS ചമ്പക്കുളം, വിജയമാതാ പബ്ലിക് സ്കൂൾ കൊടുപ്പുന്ന എന്നിവിടങ്ങളിൽ ഡയറക്ടറച്ചൻ പരി. കുർബാനയർപ്പിച്ചു. തുടർന്നു സ്കൂൾ തല കെ.സി.എസ്.എൽ. ഉദ്ഘാടനവും ഓറിയന്റേഷൻ പ്രോഗ്രാമും നടത്തി.

## മാർ തോമസ് കുര്യാളശ്ശേരി ക്വിസ്

അതിരൂപതാ കെ.സി.എസ്.എൽ. സംഘടനയും SABS ചങ്ങനാശേരി പ്രോവിൻസും സംയുക്തമായി സംഘടിപ്പിക്കുന്ന ധന്യൻ മാർ തോമസ് കുര്യാളശ്ശേരി ക്വിസ് മത്സരം **സെപ്റ്റംബർ 16** നു വാഴപ്പള്ളി സെന്റ് തെരേസാസ് TTI ൽ നടത്തപ്പെടുന്നു. രണ്ടുപേരടങ്ങുന്ന എത്ര ടീമുകൾക്കും പങ്കെടുക്കാം. ടീം ഒന്നിനു രജിസ്ട്രേഷൻ ഫീസ് ₹100. രജിസ്ട്രേഷൻ നേരിട്ട് ഓഫീസിലോ, മത്സരദിവസം രാവിലെയോ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ (Google Pay ചെയ്യേണ്ടതില്ല).

## അതിരൂപതാ സാഹിത്യോത്സവം

ഈ വർഷത്തെ അതിരൂപതാ സാഹിത്യോത്സവം **സെപ്റ്റംബർ 27** നു സോണുകളിൽ നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾ സർക്കുലർ മുഖേന അറിയിക്കുന്നതാണ്.

സ്നേഹപൂർവം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
*(ഡയറക്ടർ)*

**NB:** *ഈ വർഷത്തെ പഠനവിഷയങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. പുസ്തകങ്ങൾ വാങ്ങിയവർ എത്രയും വേഗം അതിന്റെ തുക ഓഫീസിൽ ഏൽപ്പിക്കണമെന്ന് ഓർമിപ്പിക്കുന്നു.*

*അതിരൂപതാതലത്തിൽ നൽകാനുള്ള മെമ്പർഷിപ്പ് ഫീസ് ഓഫീസിൽ ഏൽപ്പിക്കുമല്ലോ.*

# ചാസ്

## (CHANGANACHERRY SOCIAL SERVICE SOCIETY)

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ !!!**

കേരളം ഇന്നുവരെ അഭിമുഖീകരിച്ചിട്ടില്ലാത്ത കാലാവസ്ഥാവ്യതിയാനത്തിലൂടെയാണല്ലോ നാം കടന്നുപോകുന്നത്. ജൂണിൽ ആരംഭിച്ച് നവംബർ അവസാനംവരെ സമൃദ്ധമായി ലഭിച്ചിരുന്ന കാലവർഷവും തുലാവർഷവും നമുക്കന്യമാവുകയാണോ? ഈ വർഷം നാളിതുവരെ ലഭിക്കേണ്ട മഴയുടെ നാലിലൊന്നുപോലും ലഭിച്ചിട്ടില്ലായെന്നതു നമ്മെ ഭയപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമാണ്. കാലാവസ്ഥാവ്യതിയാനം മൂലം സംജാതമാകുന്ന ദുരന്തഫലങ്ങൾ വളരെ നേരത്തെതന്നെ വേട്ടയാടിത്തുടങ്ങിയിരിക്കുന്നു. താളംതെറ്റിയ കാലാവസ്ഥ അപ്രതീക്ഷിതമായ പ്രകൃതിക്ഷോഭങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും ഇടയാക്കുന്നു. മനുഷ്യൻ പ്രകൃതിയെ ദുരുപയോഗം ചെയ്തതിന്റെ പരിണിതഫലങ്ങളാണിവ. വരുംകാലങ്ങളിൽ കേരളത്തിന്റെ അവസ്ഥ ഇതിലും ഭയാനകമാകും.

വൈവിധ്യമാർന്ന ഇടപെടലുകളിലൂടെ സാമൂഹ്യസേവനമേഖലയിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ചാസ് എക്കാലത്തും പരിസ്ഥിതിസംരക്ഷണത്തിനും പ്രകൃതിവിഭവങ്ങളുടെ പരിപാലനത്തിനും അവയുടെ ഫലപ്രദമായ വിനിയോഗത്തിനും പാരമ്പര്യേതര ഊർജസംരക്ഷണത്തിനും ജൈവകൃഷി പ്രോത്സാഹനത്തിനും പ്ലാസ്റ്റിക്കിനുമെതിരെയുള്ള പോരാട്ടത്തിനും ജീവിതശൈലീരോഗങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കും പ്രഥമപരിഗണന നൽകിയിട്ടുണ്ട്. പുറമെനിന്നുവരുന്ന വിഷലിപ്തമായ ആഹാരപദാർത്ഥങ്ങൾ കഴിക്കുന്നതുമൂലം മാരകമായ രോഗങ്ങൾക്ക് ഏറ്റവുമധികം ഇരകളാകുന്ന സമൂഹമായും നാം മാറിയിരിക്കുന്നു.

ആശാകിരണം ക്യാൻസർ സുരക്ഷാപദ്ധതിയിലൂടെ ആയിരക്കണക്കിനു ക്യാൻസർ രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും സാന്ത്വനമേകുവാൻ ചാസിനു സാധിച്ചു. പരിസ്ഥിതിസംരക്ഷണമേഖലയിൽ ഉറവിടമാലിന്യ സംസ്കരണോപാധികളും പ്ലാസ്റ്റിക്കിനു ബദലായി ജൈവോൽപ്പന്നങ്ങളും കോട്ടൺ സാനിട്ടറി പാഡുകളും ബയോഗ്യാസ് പ്ലാന്റുകളും മണ്ണ്-ജലസംരക്ഷണ പദ്ധതികളും നടപ്പിലാക്കിയ ചാസ് ഇന്നത്തെ സമൂഹത്തിനു മാത്രമല്ല വരും തലമുറയ്ക്കുകൂടിയാണ് കരുതലും സ്നേഹവും പകർന്നുനൽകുന്നത്.

2023 സെപ്റ്റംബർ മുതൽ 2024 ജനുവരി വരെ ആശാകിരണം ക്യാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പാവപ്പെട്ട ക്യാൻസർ രോഗികളെ സഹായിക്കാനായി സംഘടിപ്പിക്കുന്ന ഈ പരിപാടി വിജയിപ്പിക്കുവാൻ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ 30 വർഷങ്ങളിലെ ഇടപെടലുകളുടെ ഫലമായി മൂവായിരത്തിൽപ്പരം മഴവെള്ള സംഭരണികൾ നിർമിക്കാനും അതുവഴി അനേകർക്കു കുടിവെള്ളം ലഭ്യമാക്കാനും ചാസിനു കഴിഞ്ഞത് അഭിമാനകരമായ നേട്ടമാണ്. ഒപ്പം മഴവെള്ളം

കുടിവെള്ളം പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾച്ചേർത്ത് ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകണമെന്നു പ്രാദേശികയൂണിറ്റുകളെ പ്രത്യേകം ഓർമിപ്പിക്കുന്നു. ഇതിനായി മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിൽനിന്നും അംഗ ങ്ങൾക്കു കുറഞ്ഞപലിശനിരക്കിൽ അഡ്വാൻസ് നൽകുന്നത് ഉചിതമായിരിക്കും. പ്രകൃതിക്കിണങ്ങിയ ജീവിതംനയിച്ച് ആരോഗ്യമുള്ള ഒരു തലമുറയായി മാറു വാൻ നമുക്കു പരിശ്രമിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. തോമസ് കുളത്തുങ്കൽ**
*(ഡയറക്ടർ)*

## കേന്ദ്രവാർത്തകൾ

### മേഖലാ PME

ചാസ് യൂണിറ്റുതലപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കണക്കുകളും റിപ്പോർട്ടുകളും അവതരിപ്പിച്ചുവേണ്ട തിരുത്തലുകളും സമയബന്ധിത ഇട പെടലുകളും നടത്തുന്നതിനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും മേഖലാ PME സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു, മേഖലകളുടെ കോഡിനേറ്റേഴ്സ് എന്നി വർ യൂണിറ്റ്, മേഖലാ ഭാരവാഹികളുമായി ചർച്ച നടത്തി.

| *തീയതി* | *മേഖല* |
|---|---|
| 28.07.2023 | എടത്വാ |
| 29.07.2023 | നെടുങ്കുന്നം, മണിമല |
| 06.08.2023 | തുരുത്തി |

### സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ

മുണ്ടക്കയം ശ്രീശബരീശാ കോളേജ്, ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളേജ്, ചങ്ങനാശേരി സെന്റ് ബർക്മൻസ് കോളേജ് എന്നിവിടങ്ങളിൽനിന്നും എത്തിയ MSW, BSW വിദ്യാർത്ഥികൾക്കു ജൂലൈ 26, 31, ഓഗസ്റ്റ് 4 തീയതികളിൽ ചാസ് കോൺഫ്രൻസ് ഹാളിൽ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ് പ്രവർ ത്തനങ്ങളെക്കുറിച്ചും സന്നദ്ധപ്രവർത്തനമേഖലകളെക്കുറിച്ചും ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു എന്നിവർ ക്ലാസ് നയിച്ചു. 78 വിദ്യാർത്ഥി കൾ പങ്കെടുത്തു.

### റിഹാസ്വിസ് ഗുണഭോക്താക്കളുടെ ഭവനസന്ദർശനം

ചാസ്-റിഹാസ്വിസിന്റെ സഹായത്തോടെ ഭിന്നശേഷിക്കാർക്കുവേണ്ടി നടപ്പി ലാക്കിവരുന്ന സ്വയംതൊഴിൽപദ്ധതിയിൽ 2023-24 വർഷത്തേക്കു തെരഞ്ഞെ ടുക്കപ്പെട്ട 20 ഗുണഭോക്താക്കളുടെ വീടുകൾ ഡയറക്ടർ ഫാ. തോമസ് കുള ത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു, പ്രൊജക്റ്റ് കോഡിനേറ്റർ ഷീബ സന്തോഷ് എന്നിവരുടെ നേതൃത്വത്തിൽ സന്ദർശിച്ചു.

## റിഹാസ്വിസ് ലോൺമേള

ചാസ്-റിഹാസ്വിസിന്റെ സഹായത്തോടെ ഭിന്നശേഷിക്കാർക്കു സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിനു നൽകിവരുന്ന സഹായപദ്ധതിയുടെ വിതരണോദ്ഘാടനം ഓഗസ്റ്റ് 16 നു ചാസ് ഓഡിറ്റോറിയത്തിൽ അതിരൂപതാ മെത്രാപ്പോലീത്ത അഭി. മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു. വികാരി ജനറാളും ചാസ് പ്രസിഡന്റുമായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, മേഖലാ കോഡിനേറ്റർ സജി ഷാജി എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാം ഓഫീസർ ജോബി മാത്യു പദ്ധതി വിശദീകരണം നടത്തി. പ്രൊജക്റ്റ് കോഡിനേറ്റർ ഷീബാ സന്തോഷ് നേതൃത്വം നൽകി. ചാസിന്റെ വിവിധ യൂണിറ്റുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 20 ഭിന്നശേഷിക്കാർക്കു തങ്ങളുടെ കുടുംബാംഗങ്ങളുടെ സഹായത്തോടെ സംരംഭം തുടങ്ങുന്നതിനാണ് പലിശരഹിത വായ്പ നൽകിയത്.

## SAFP ക്ലസ്റ്റർ മീറ്റിങ്

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളെ സന്ദർശിച്ച് അടുത്ത 6 വർഷക്കാലത്തേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നിലവിലുള്ള കുടുംബങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ജൂലൈ 29, ഓഗസ്റ്റ് 3, 8, 14 തീയതികളിൽ വള്ളംചിറ, മാടപ്പള്ളി, ആർപ്പൂക്കര, ചങ്ങനാശേരി പ്രദേശങ്ങളിൽ ക്ലസ്റ്റർ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പദ്ധതി നിർവഹണത്തിനാവശ്യമായ മാർഗനിർദേശങ്ങൾ നൽകി. SAFP കോഡിനേറ്റർ നിവ്യ ജോസഫ്, സി. ആൽഫി DSJ, മേഖലാ കോഡിനേറ്റർമാരായ അൽഫോൻസ് വർഗീസ്, സിജി ബിജുമോൻ, ടോം സി. തയ്യിൽ എന്നിവർ നേതൃത്വം നൽകി.

# ചാസ് സാമൂഹ്യസുരക്ഷാ സഹായപദ്ധതി

ചാസിന്റെ സാമൂഹ്യസുരക്ഷാ സഹായപദ്ധതികൾ വഴി ഓഗസ്റ്റ് മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**1) SHG മരണാനന്തര സഹായം** (ഒരു കുടുംബത്തിനു 10,000/- രൂപ വീതം 6 കുടുംബങ്ങൾക്കു 60,000/- രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 636. ജയിംസ് ആന്റണി | അമല | തത്തംപള്ളി | ആലപ്പുഴ |
| 637. KL ജോസഫ് | സമൃദ്ധി | ആറാട്ടുവഴി | ആലപ്പുഴ |
| 638. റോണി ജോർജ് | പുലരി | എടത്വാ | എടത്വാ |
| 639. സൂസമ്മ വർഗീസ് | മന്നാ | എടത്വാ | എടത്വാ |
| 640. ഷേർഷി തോമസ് | ലൂർദ് | എടത്വാ | എടത്വാ |
| 641. സാറാമ്മ റൈറ്റസ് | ഉഷസ് | ഡാൽമുഖം | അമ്പൂരി |

**2) മ്യൂച്വൽ ബനഫിറ്റ് സ്കീം – MBS** (ഒരു കുടുംബത്തിനു 10,000/- രൂപ വീതം 11 കുടുംബങ്ങൾക്കു 1,10,000/- രൂപ മരണാനന്തരസഹായം അനുവദിച്ചു)

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 898. നിഥിൻ പുതുപ്പറമ്പിൽ | പാറേൽ | ചങ്ങനാശേരി |
| 899. ഐഷ ശശി തോട്ടുങ്കൽ | മുഹമ്മ | ആലപ്പുഴ |
| 900. അന്നമ്മ ജോസഫ് ചേരിക്കേവിൽ | കുറിച്ചി | തുരുത്തി |
| 901. മേരിക്കുട്ടി ജോസഫ് വെട്ടുകുഴി | കൊടിനാട്ടുംകുന്ന് | തൃക്കൊടിത്താനം |
| 902. മാത്തുക്കുട്ടി കുഞ്ഞാക്കോ പതിനാറിൽ | പാദുവാപുരം | ആലപ്പുഴ |
| 903. കുര്യാക്കോസ് MJ മുട്ടത്തിൽ | ഫിൽഗിരി | കൊല്ലം |
| 904. KL ജോസഫ് പുത്തൻപുരയ്ക്കൽ | ആറാട്ടുവഴി | ആലപ്പുഴ |
| 905. ജോസഫ് ആന്റണി ഏഴുപറയിൽ | തായങ്കരി | എടത്വാ |
| 906. തോമസ് ആന്റണി പൊയ്കാരംകളം | തായങ്കരി | എടത്വാ |
| 907. ജോസഫ് ജോസഫ് പുന്നയ്ക്കൽ | പാറേൽ | ചങ്ങനാശേരി |
| 908. വൽസമ്മ K കുമരംപറമ്പിൽ | കൊടിനാട്ടുംകുന്ന് | തൃക്കൊടിത്താനം |

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 27.07.2023 | തെക്കേക്കര | നിർമല കർഷകസംഘം | 10 |
| 07.08.2023 | കുറിച്ചി | മരിയ | 10 |

### യൂണിറ്റ് രൂപീകരണം

ചമ്പക്കുളം മേഖലയിലെ കൂലിപ്പുര ലൂർദ് മാതാ ഇടവകയിൽ ചാസ് യൂണിറ്റ് ജൂലൈ 23 നു പ്രവർത്തനമാരംഭിച്ചു. യൂണിറ്റിന്റെ പ്രവർത്തനലക്ഷ്യങ്ങൾ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ വിശദീകരിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ദേവസ്യ പുളിക്കാശ്ശേരി അദ്ധ്യക്ഷതവഹിച്ചു. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

### സ്വയംതൊഴിൽ പരിശീലനം

വെട്ടിമുകൾ യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങൾക്കു ജൂലൈ 25 നു ഡോർ മാറ്റ്–ടേബിൾ മാറ്റ് നിർമാണ പരിശീലനം നൽകി. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോഡിനേറ്റർ സജി ഷാജി നേതൃത്വം നൽകി. 60 അംഗങ്ങൾ പങ്കെടുത്തു.

### മേഖലാസമിതി മീറ്റിങ്

ചമ്പക്കുളം മേഖലാസമിതി മീറ്റിങ് ഓഗസ്റ്റ് 8 നു നർബോനപുരം യൂണിറ്റിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു പുളിച്ചമാക്കൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് ഓരോ യൂണിറ്റിന്റെയും പ്രവർത്തനറിപ്പോർട്ട് സെക്രട്ടറിമാർ

അവതരിപ്പിച്ചു. മേഖലാ കോഡിനേറ്റർ ബിനു ജോസഫ് പ്രവർത്തനങ്ങൾ വില യിരുത്തുകയും വരുംമാസങ്ങളിൽ യൂണിറ്റുകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ വിശദീകരിക്കുകയും ചെയ്തു.

### ഓണകിറ്റ് വിതരണം

പഴവങ്ങാടി യൂണിറ്റിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഓർഗനൈസർമാർക്കും സ്റ്റാഫംഗങ്ങൾക്കും ഡയറക്ടർ ഫാ. സിറിയക് കോട്ടയിൽ ഓഗസ്റ്റ് 19 നു ഓണകിറ്റ് വിതരണം ചെയ്തു. പ്രസിഡന്റ് തോമസ് തൈച്ചേരി, സെക്രട്ടറി ജേക്കബ് പൂവത്തുശ്ശേരി, റോയി പാലത്തറ, സി.പി. തോമസ്, കുഞ്ഞുമോൾ ബംഗ്ലാവുപറമ്പ് എന്നിവർ നേതൃത്വം നൽകി.

### തോട്ടയ്ക്കാട് യൂണിറ്റ് പൊതുയോഗം

തോട്ടയ്ക്കാട് യൂണിറ്റിന്റെ പൊതുയോഗം ജൂലൈ 28 നു യൂണിറ്റ് ഡയറ ക്ടർ ഫാ. ജോൺ പരുവപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടി ഭാവിപരിപാടികൾ ആസൂത്രണം ചെയ്തു. മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം, MBS, SHG, ഫാർമേഴ്സ് ക്ലബ്, സ്വയംതൊഴിൽ സംരംഭങ്ങൾ, സൺഡേ മാർക്കറ്റ് തുടങ്ങി ചാസ് നടപ്പി ലാക്കിവരുന്ന എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചും യൂണിറ്റ് ഭാരവാഹികളുടെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ എന്നിവയെക്കുറിച്ചും അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു എന്നിവർ വിശദീകരിച്ചു. തുടർന്നു പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ നേതൃത്വം നൽകി.

### മുട്ടാർ യൂണിറ്റ് വാർഷികം

ചാസ് മുട്ടാർ സെന്റ് ജോർജ് യൂണിറ്റ് വാർഷികം ഓഗസ്റ്റ് 18 ന് ഉച്ചകഴിഞ്ഞ് മൂന്നുമണിക്കു യൂണിറ്റ് ഡയറക്ടർ ഫാ. സിറിൽ ചേപ്പിലയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ വാർ ഷികസമ്മേളനം ഉദ്ഘാടനം ചെയ്യുകയും യൂണിറ്റിന്റെ പ്രവർത്തനമികവിന്റെ അംഗീകാരമായി മെമന്റോ നൽകി ആദരിക്കുകയും ചെയ്തു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണവും ഫാ. ഷെബിൻ ചീരംവേലിൽ, ചാസ് MCP ഓഡിറ്റർ കെ.സി. ജോർജ്, മേഖല കോഡിനേറ്റർ ആൻസി ലോനിച്ചൻ, തോമസുകുട്ടി മാത്യു, വി.എം. തൊമ്മിക്കുട്ടി എന്നിവർ ആശംസകളുമർപ്പിച്ചു. യൂണിറ്റ് സെക്രട്ടറി വി.എ. ജോസഫ് വാർഷികകണക്കും വൈസ് പ്രസിഡന്റ് ലൈസു ചീരംവേലിൽ വാർഷികറിപ്പോർട്ടും അവതരിപ്പിച്ചു. യൂണിറ്റിലെ മുതിർന്ന ഭാരവാഹികളെ അഭി. പിതാവ് ആദരിച്ചു.

### സൗജന്യ പച്ചക്കറി വിത്തുവിതരണം

മുഹമ്മ യൂണിറ്റിൽ ഹരിത ഫാർമേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ കർ ഷകദിനത്തോടനുബന്ധിച്ചു സൗജന്യ പച്ചക്കറി വിത്തുവിതരണം നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി കാട്ടൂപ്പാറ, പ്രസിഡന്റ് സെബാൻ യോഗ്യാ വീട്, സെക്രട്ടറി തോമസ് വള്ളോന്തറ, ഫാർമേഴ്സ് ക്ലബ് ഭാരവാഹികളായ തോമസ് അടയ്ക്കാശ്ശേരി, തങ്കച്ചൻ പുല്ലൂംപാറ എന്നിവർ നേതൃത്വം നൽകി. ■

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്കു 2023 ജൂലൈ 22 മുതൽ 2023 ഓഗസ്റ്റ് 18 വരെ വിവിധ ഇടവക/സംഘടനകളിൽനിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക/സംഘടന | തുക |
|---|---|---|
| 1. | സെന്റ് മേരീസ് ചർച്ച് ഇത്തിത്താനം | 300000 |
| 2. | ലൂർദ് മാതാ ചർച്ച് പായിപ്പാട് | 200000 |
| 3. | സെന്റ് ജോൺസ് ചർച്ച് തെക്കേക്കര | 100000 |
| 4. | സെന്റ് ആന്റണീസ് ചർച്ച് മുണ്ടത്താനം | 50000 |
| 5. | സേക്രഡ് ഹാർട്ട് ചർച്ച് തോട്ടുവാത്തല | 40000 |
| 6. | സെന്റ് ജോസഫ്സ് ചർച്ച് കൊടുപ്പുന്ന | 30000 |
| 7. | സെന്റ് മേരീസ് ബസിലിക്ക ചമ്പക്കുളം | 26500 |
| 8. | സേക്രഡ് ഹാർട്ട് ചർച്ച് രാജമറ്റം | 25000 |
| 9. | സെന്റ് ജോസഫ്സ് ചർച്ച് ഫിൽഗിരി | 12000 |
| 10. | സെന്റ് മേരീസ് ചർച്ച് ഇരവുചിറ | 5000 |

■

# ദീപിക ഫ്രണ്ട്സ് ക്ലബ് (DFC)

പരി. അമ്മയുടെ പിറവിതിരുനാളിന്റെ ആത്മീയ ഉണർവിലേക്കു നമ്മൾ പ്രവേശിക്കുകയാണല്ലോ. നമ്മുടെ എല്ലാ ഇടവകകളിലും വലിയ വിശ്വാസ ഉണർവോടെയാണ് ദൈവജനം എട്ടുനോമ്പെടുത്ത് പരി. കുർബാനയിൽ പങ്കുചേരുന്നത്. എല്ലാവർക്കും എട്ടുനോമ്പുതിരുനാളിന്റെ മംഗളാശംസകൾ. ഒപ്പം കേരളത്തിന്റെ ദേശീയോത്സവമായ ഓണമെത്തുമ്പോൾ നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന മതസൗഹാർദവും സമാധാനവും ഐക്യവും ധാർമികതയുമെല്ലാം വീണ്ടെടുക്കാൻ പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം.

**എട്ടുനോമ്പെടുത്ത് സീറോമലബാർസഭയ്ക്കുവേണ്ടി പ്രാർത്ഥിക്കാം**

സീറോമലബാർസഭ വലിയ പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ നമ്മുടെ ഏക പരിഹാരം ദൈവത്തിന്റെ ഇടപെടൽ മാത്രമാണ്. സഭയെ നയിക്കുന്നതു പരിശുദ്ധാത്മാവാണ്. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല (മത്താ. 16:18).

കർത്താവിന്റെ സംരക്ഷണം സീറോമലബാർസഭയുടെമേൽ വെളിപ്പെടാനും ശാശ്വതപരിഹാരമുണ്ടാകാനും കഴിഞ്ഞ ഏതാനും വർഷങ്ങളിലുണ്ടായ തളർച്ചയിൽനിന്നു വലിയ വിശ്വാസപ്രേഷിത ഉയിർത്തെഴുന്നേൽപ്പു സഭയ്ക്കുണ്ടാകാൻ മധ്യസ്ഥം വഹിച്ചു പ്രാർത്ഥിക്കാം.

**ഡി.എഫ്.സി. ഇടവകതല ഇലക്ഷൻ പൂർത്തീകരണവും ഫൊറോനാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും**

DFC ഇലക്ഷനുകൾ പല ഇടവകകളിലും പൂർത്തിയായി. ഇലക്ഷൻ പൂർത്തിയാക്കാനുള്ളവർ സെപ്റ്റംബർ മാസം പൂർത്തീകരിക്കുമല്ലോ. ഓഗസ്റ്റ് 08 ന് അഭി. പിതാവിന്റെ അധ്യക്ഷതയിൽ DFC ഫൊറോന ഡയറക്ടർമാർ കൂടിയപ്പോൾ തീരുമാനിച്ചതുപോലെ **ഒക്ടോബർ 10** നു മുമ്പായി ഫൊറോനാ ഇലക്ഷനുകൾ പൂർത്തീകരിക്കേണ്ടതാണ്.

**ഡി.എഫ്.സി. ഫൊറോനാസമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനങ്ങൾ**

ഇടവക DFC യൂണിറ്റുകൾക്ക് പുത്തനുണർവേകാനും DFC ഇല്ലാത്ത ഇടവകകളിൽ അവ രൂപീകരിക്കുവാനുമായി DFC ഫൊറോനാ ഡയറക്ടറച്ചന്റ നേതൃത്വത്തിൽ സെപ്റ്റംബർ മാസം യൂണിറ്റ് സന്ദർശനങ്ങൾ പൂർത്തീകരിക്കുമല്ലോ.

**ഇടവകകളിൽ ദീപിക ഡ്രീം ലൈൻ പദ്ധതി**

ദീപികയുടെ പ്രചരണത്തിന്റെ ഭാഗമായി സെപ്റ്റംബർ- ഒക്ടോബർ മാസങ്ങളിൽ ഫൊറോനാപള്ളികളിൽ ഡ്രീംലൈൻ പദ്ധതി പൂർത്തിയാക്കാനാണ് തീരുമാനം. ഫൊറോന, അതിരൂപതാസമിതി ഓരോ ഫൊറോനകളുടെയും തീയതികൾ മുൻകൂട്ടി നിശ്ചയിച്ച് നടപ്പിലാക്കാൻ നേതൃത്വം നൽകേണ്ടതാണ്.

ദീപിക സ്‌ക്വാഡ് ടീമിൽ പ്രവർത്തിക്കാൻ തയ്യാറുള്ളവർ ഡ്രീം ലൈൻ കോഡിനേറ്റർമാരായ സണ്ണി പുളിങ്കാല, എബ്രഹാം കട്ടക്കയം എന്നിവരുമായി ഉടൻ ബന്ധപ്പെടുമല്ലോ.

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*
9447432531

**ആന്റണി തോമസ് മലയിൽ**
9446342561

**സണ്ണി പുളിങ്കാലായിൽ**
9539125164

**ആൻസി മാത്യു ചേന്നോത്ത്**
9447390669
*(പ്രസിഡന്റ്സ്)*

**പരിമൾ ആന്റണി അറയ്ക്കത്തറ**
9495393890
*(ജനറൽ സെക്രട്ടറീസ്)*

**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**

**വർഗീസ് ഡൊമിനിക്– 9400390539, കോര സി. – 9495445827, വർക്കി ഇ. വി. – 9349599028, ജോജോ– 9847361030, അനൂപ് സെബാസ്റ്റ്യൻ– 9400751229**

■

*» ഫാമിലി അപ്പോസ്തലേറ്റ് തുടർച്ച...*

**അതിരൂപതാ രചനാമത്സരവും ഫൊറോനാ കലോത്സവവും**

**അതിരൂപതാ രചനാമത്സരങ്ങൾ** ഫൊറോനകളിൽ **ഒക്ടോബർ 01** ഉച്ച കഴിഞ്ഞ് നടത്തപ്പെടുന്നു. **അതിരൂപതാ കലോത്സവം നവംബർ 11** നു നടത്തുന്നതിനാൽ ഫൊറോനാ കലോത്സവങ്ങൾ സെപ്റ്റംബർ – ഒക്ടോബർ മാസങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

## വിവാഹ ഒരുക്കധ്യാനം

| മാസം | തീയതി | സ്ഥലം |
|---|---|---|
| സെപ്റ്റംബർ | 04, 05, 06 | ചങ്ങനാശേരി പാസ്റ്ററൽ സെന്റർ |
| | 18, 19, 20 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 28, 29, 30 | ചങ്ങനാശേരി പാസ്റ്ററൽ സെന്റർ |
| ഒക്ടോബർ | 09, 10, 11 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 22, 23, 24 | ചങ്ങനാശേരി പാസ്റ്ററൽ സെന്റർ |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10 am - 05 pm**

■

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### 'മാതൃ-ശിശു സൗഹൃദ ആശുപത്രി' ദേശീയ അംഗീകാരത്തിന്റെ തിളക്കത്തിൽ

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി മാതൃ-ശിശു സൗഹൃദ ആതുരാലയമെന്ന ദേശീയ അംഗീകാരം കരസ്ഥമാക്കി. ലോകാരോഗ്യസംഘടനയുടെയും യുണിസെഫിന്റെയും മാർഗനിർദേശങ്ങൾ അനുസരിച്ച് കേരള സർക്കാരും നാഷണൽ ഹെൽത്ത് മിഷൻ കേരളയുമാണ് മാതൃ-ശിശു സൗഹൃദ ആശുപ്രതി (മദർ ആൻഡ് ബേബി ഫ്രണ്ട്‌ലി ഹോസ്പിറ്റൽ ഇനിഷ്യേറ്റീവ്) സർട്ടിഫിക്കേഷൻ നല്കി വരുന്നത്. ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗം ഡോക്ടേഴ്സ്, നഴ്സിംഗ്, ക്വാളിറ്റി ഡിപ്പാർട്ടുമെന്റുകളുടെ സംയുക്തപരിശ്രമത്തിന്റെ ഫലമാണ് ഈ അംഗീകാരം.

മാതൃ-ശിശു സൗഹൃദ സർട്ടിഫിക്കേഷനായി 10 ഗുണനിലവാര സൂചികയും 130 ചെക്ക് പോയിന്റുകളുമടങ്ങിയ ഒരു സ്റ്റാൻഡേർഡ് ആവിഷ്കരിച്ചിട്ടുണ്ട്. ഈ പോയിന്റുകളനുസരിച്ചാണ് വിലയിരുത്തൽ പ്രക്രിയ നടന്നത്. സൂക്ഷ്മപരിശോധനകൾ കൂടാതെ ജീവനക്കാർ, ചികിത്സ തേടുന്ന ഗർഭിണികൾ, അവരുടെ ബന്ധുമിത്രാധികൾ, പൊതുജനങ്ങൾ എന്നിവരിൽനിന്നു വിവരശേഖരണവും ആരോഗ്യമിഷൻ തേടിയിരുന്നു.

### ബെസ്റ്റ് ഹെൽത്ത് കെയർ അവാർഡ്

ആതുരസേവനമേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്കുള്ള 'ബെസ്റ്റ് ഹെൽത്ത് കെയർ' അവാർഡ് ആശുപത്രിക്കു ലഭിച്ചു. മന്ത്രിമാരായ വീണാ ജോർജ്, സജി ചെറിയാൻ എന്നിവരിൽനിന്നും ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. ജയിംസ് പി കുന്നത്ത്, അസോ. ഡയറക്ടർ ഫാ. മാർട്ടിൻ മുപ്പതിൽചിറ, മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. എൻ. രാധാകൃഷ്ണൻ എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

### ഭാരതത്തിന്റെ 77-ാം സ്വാതന്ത്ര്യദിനാഘോഷം

റിട്ടയേർഡ് സീനിയർ കമാൻഡന്റ് തോമസ് മാത്യു വാണിയപ്പുരയ്ക്കൽ മുഖ്യാതിഥിയായി പങ്കെടുത്ത ആഘോഷപരിപാടികൾക്കു ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷതവഹിച്ചു. അസോ. ഡയറക്ടർമാരായ ഫാ. മാർട്ടിൻ മുപ്പതിൽചിറ, ഫാ. ജേക്കബ് അത്തിക്കളം എന്നിവർ ആഘോഷപരിപാടികൾക്കു നേതൃത്വം നൽകി.

### മുലയൂട്ടൽ ബോധവത്കരണ ക്ലാസ്

ലോക മുലയൂട്ടൽ വാരാചരണത്തിന്റെ ഭാഗമായി വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിന്റെ സഹകരണത്തോടെ ആശുപത്രിയുടെ നേതൃത്വത്തിൽ മുലയൂട്ടൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. മുലയൂട്ടുന്ന അമ്മ

മാർ, അവരുടെ മാതാക്കൾ, ഗർഭിണികൾ, ആശാ വർക്കേഴ്സ്, അംഗൻവാടി ടീച്ചേഴ്സ് തുടങ്ങിയവർ ക്ലാസ്സിൽ പങ്കെടുത്തു.

മാതൃ-ശിശു സൗഹൃദ ആശുപത്രിയായി അംഗീകാരം ലഭിച്ചതിന്റെ ഭാഗമായി സംഘടിപ്പിച്ച ക്ലാസ്സിനു ഹോസ്പിറ്റൽ നഴ്സിംഗ് സൂപ്പർവൈസറും ലാക്റ്റേഷൻ കൗൺസിലറുമായ സൗമ്യ പി.സി. നേതൃത്വം നൽകി.

ബ്രെസ്റ്റ് ഫീഡിങ് പൊസിഷൻസ്, മുലപ്പാൽ എങ്ങനെ കൂടുതൽ കാലം സൂക്ഷിക്കാം, ഫ്രിഡ്ജിൽ സൂക്ഷിച്ച മുലപ്പാൽ എങ്ങനെ കുട്ടിക്കു കൊടുക്കണം, ജോലിക്കു പോകുന്ന അമ്മമാർ കുഞ്ഞുങ്ങളെ സംരക്ഷിക്കേണ്ടത് എങ്ങനെ തുടങ്ങീ വിവിധവിഷയങ്ങളിൽ ക്ലാസ് സംഘടിപ്പിച്ചു. അമ്മമാർക്കും ഗർഭിണികൾക്കുമുണ്ടാകുന്ന സംശയദൂരീകരണത്തിന് ഇന്ററാക്റ്റീവ് സെഷനും നടത്തി.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

അരുവിക്കുഴി ലൂർദുമാതാ പള്ളിയുടെ നേതൃത്വത്തിൽ ആശുപത്രിയുടെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. വികാരി ഫാ. ജേക്കബ് ചീരംവേലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഹോസ്പിറ്റൽ അസോ. ഡയറക്ടർ ഫാ. ജേക്കബ് അത്തിക്കളം ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

ENT, ഒബ്സ്റ്റെട്രിക്സ് & ഗൈനക്കോളജി, പൾമനോളജി, ജനറൽ മെഡിസിൻ വിഭാഗങ്ങളുടെ സേവനം ക്യാമ്പിൽ ഒരുക്കി. കൂടാതെ രക്തദാനത്തിനുള്ള സൗകര്യവും ബ്ലഡ് പ്രഷർ, ബ്ലഡ് ഷുഗർ പരിശോധനകളും രക്തഗ്രൂപ്പ് നിർണയവും ലഭ്യമായിരുന്നു.

ENT വിഭാഗത്തിൽ ഡോ. ജെയ്സ് ജേക്കബ്, ഒബ്സ്റ്റെട്രിക്സ് & ഗൈനക്കോളജി വിഭാഗത്തിൽ ഡോ. മഞ്ജു എലിസബത്ത് സെബാസ്റ്റ്യൻ, പൾമനോളജി വിഭാഗത്തിൽ ഡോ. ജെയിൻ ജോർജ്, ജനറൽ മെഡിസിൻ വിഭാഗത്തിൽ ഡോ. ജോബി തോമസ് എന്നിവർ സേവനം നൽകി.

**ശ്വാസകോശാർബുദ ബോധവത്കരണ ക്ലാസ്**

ലോക ശ്വാസകോശാർബുദദിനത്തോടനുബന്ധിച്ച് വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കന്ററി സ്കൂളുമായി സഹകരിച്ച് കുട്ടികൾക്കായി ശ്വാസകോശാർബുദ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ഹോസ്പിറ്റൽ മെഡിക്കൽ & സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഓങ്കോളജിസ്റ്റ് ഡോ. ബ്ലെസി ജോൺസ് ക്ലാസ് നയിച്ചു.

**സൗജന്യ ഡെർമറ്റോളജി മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം**

ഡെർമറ്റോളജി & കോസ്മെറ്റോളജി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സൗജന്യ ഡെർമറ്റോളജി മെഡിക്കൽ ക്യാമ്പ് വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി വിജയകുമാർ ഉദ്ഘാടനം ചെയ്തു. ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് യോഗത്തിന് അധ്യക്ഷത വഹിച്ചു. ഓഗസ്റ്റ് 14 മുതൽ 19 വരെ നടന്ന ക്യാമ്പിൽ കൺസൾട്ടേഷൻ പൂർണ

സൗജന്യമായിരുന്നു. ലാബ്, റേഡിയോളജി സേവനങ്ങൾക്കു 25% ഡിസ്കൗണ്ട് നൽകി.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
*(അസോസിയേറ്റ് ഡയറക്ടേഴ്സ്)*

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### ലോക ഒ.ആർ.എസ്. ദിനാചരണം

ലോക ORS ദിനത്തോടനുബന്ധിച്ച് ആശുപത്രിയിൽ ദിനാചരണവും ബോധവത്ക്കരണ സെമിനാറും സംഘടിപ്പിച്ചു. ജനറൽ മെഡിസിൻ വിഭാഗം ഡോ. പൂജ, പീഡിയാട്രിക് വിഭാഗം ഡോ. ആര്യ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി. നിർജലീകരണത്തിനും വയറിളക്കത്തിനുമുള്ള ഏറ്റവും ഫലപ്രദമായ ചികിത്സാരീതിയാണ് ORS എന്നു ക്ലാസ് നയിക്കവെ ഡോ. പൂജയും അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളിൽ കണ്ടുവരുന്ന വയറിളക്കം ഒരു പരിധിവരെ ORS ചികിത്സയിലൂടെ ഭേദമാക്കാമെന്നു ഡോ. ആര്യയും അഭിപ്രായപ്പെട്ടു.

ORS ചികിത്സാസമ്പ്രദായത്തെപറ്റിയുള്ള വീഡിയോ ആശുപത്രിയുടെ റിസപ്ഷൻ ഏരിയയിൽ പ്രദർശിപ്പിച്ചിരുന്നു.

### ലോക മുലയൂട്ടൽ ദിനാചരണം

ലോക മുലയുട്ടൽദിനത്തോടനുബന്ധിച്ച് ആശുപത്രിയിൽ ദിനാചരണവും ബോധവത്ക്കരണ സെമിനാറും സംഘടിപ്പിച്ചു. ഗൈനക്കോളജി വിഭാഗം ഡോ. ശ്രീജ, പീഡിയാട്രിക് വിഭാഗം ഡോ. അസ്മിൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി. മുലയൂട്ടൽ അമ്മയ്ക്കും കുഞ്ഞിനും ഒരുപോലെ പ്രധാനപ്പെട്ടതാണെന്നും കുഞ്ഞിനു പോഷകങ്ങൾ നൽകുന്നതോടൊപ്പം അമ്മയുടെ ആരോഗ്യത്തിൽ മുലയൂട്ടലിന്റെ പങ്കുവളരെ വലുതാണെന്നും ഡോ. അസ്മിൻ ക്ലാസ്സ് നയിക്കവെ പറഞ്ഞു. മുലയൂട്ടലിനെപറ്റി ബോധവത്ക്കരണം നൽകുന്ന വീഡിയോ ആശുപത്രിയുടെ റിസപ്ഷൻ ഏരിയയിൽ പ്രദർശിപ്പിച്ചിരുന്നു.

### ഹാൽസിയോൻ 2k23

ആരോഗ്യസംരക്ഷണരംഗത്തു 56 വർഷങ്ങൾ പൂർത്തിയാക്കിയ ആലപ്പുഴ സഹൃദയ ആശുപത്രിയുടെ ഹോം ഡേയാചരണം നടത്തി. ഓഗസ്റ്റ് 15 ചൊവ്വാഴ്ച തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളി ഓഡിറ്റോറിയത്തിൽ പരി. കുർബാനയോടുകൂടി ആരംഭിച്ച ആഘോഷങ്ങൾക്കു അതിരൂപതാ വികാരി ജനറാളും സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രസിഡന്റുമായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ സ്വാഗതം ആശംസിച്ചു. അതിരൂപതാ മെത്രാപ്പോലീത്ത അഭി. മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ച യോഗത്തിൽ കേരള കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനകർമ്മം

*ശേഷം പേജ് 51 ൽ.....»*

# എൽഡേഴ്സ് ഫ്രറ്റേണിറ്റി

### ഗ്രേയ്സ്ഫുൾ സീനിയർ സിറ്റിസൺസ് ധ്യാനം

അറുപതുവയസ് കഴിഞ്ഞവർക്കു താമസിച്ചുള്ള ധ്യാനം സീയോൻ ധ്യാന കേന്ദ്രത്തിൽ **സെപ്റ്റംബർ 10 ഞായർ** വൈകുന്നേരം 6 മണിമുതൽ **13 ബുധൻ** വൈകുന്നേരം 4 മണിവരെ നടത്തുന്നു. വൈദികരും ഡോക്ടേഴ്സും നേതൃത്വം കൊടുക്കുന്നു. സൗഖ്യകൂദാശയായ രോഗീലേപനം നൽകുന്നതാണ്. കൗൺസലിങ്ങും പ്രായമായവർക്കു ചെയ്യുവാൻ സാധിക്കുന്ന യോഗാപരിശീലനവും ഉണ്ടായിരിക്കുന്നതാണ്. താമസം + ഭക്ഷണം – ഫീസ് Rs. 1000/-

**ബുക്കിങ് നമ്പർ: 9495107045, 8086399023**

### ഗ്രാന്റ് പേരന്റ്സ് സംഗമം ഗ്രാന്റായി നടന്നു

അരുവിക്കുഴി ലൂർദുമാതാ ഇടവകയിൽ നടത്തിയ പ്രായമായവരുടെ സംഗമം ഗംഭീരമായിരുന്നു. അമ്പതുപേരെ പ്രതീക്ഷിച്ചെങ്കിൽ നൂറിലധികം വന്ദ്യവയോധികർ പങ്കെടുത്തു. വി. കുമ്പസാരവും രോഗീലേപനകൂദാശയും എല്ലാവരും സ്വീകരിച്ചു. വി. കുർബാനയും ഉച്ചഭക്ഷണവുമുണ്ടായിരുന്നു. ഏറ്റവും പ്രായമായവർക്കു ജപമാല സമ്മാനമായി നൽകി. വികാരി ജേക്കബ് ചീരംവേലിൽ അച്ചൻ എല്ലാം ഭംഗിയായി ക്രമീകരിച്ചു. യുവദീപ്തി, മാതൃ–പിതൃവേദി അംഗങ്ങളുടെ നേതൃത്വവും സഹകരണവും നന്ദിയോടെ ഓർക്കുന്നു.

### മുത്തശ്ശി –മുത്തച്ഛൻ ദിനാചരണം തുരുത്തി ഇടവകയിൽ

വി. യോവാക്കീം–അന്ന ദിനാചരണത്തോടനുബന്ധിച്ച് തുരുത്തി മാർത്ത് മറിയം ഫൊറോന ഇടവകയിൽ പ്രായമായവരുടെ സംഗമം നടന്നു. വികാരി ജോസ് വരിക്കപ്പള്ളി അച്ചൻ നയിച്ച ദിവ്യകാരുണ്യ ആരാധനയോടെ സംഗമത്തിനു തുടക്കംകുറിച്ചു. പാരിഷ് ഹാളിൽ നടന്ന സമ്മേളനത്തിൽ ഫാ. തോമസ് പ്ലാപ്പറമ്പിൽ ക്ലാസ് നയിച്ചു. ഏറ്റവും പ്രായമായവർക്കു സമ്മാനങ്ങൾ നൽകി. കാപ്പിസൽക്കാരമുണ്ടായിരുന്നു. മാതൃ–പിതൃവേദിയംഗങ്ങൾ നേതൃത്വം നൽകി.

നിരവധി ഇടവകകളിൽ ലോക മുത്തശ്ശി–മുത്തച്ഛൻ ദിനാചരണം നടന്നു. പ്രായമായവർക്ക് ഇടവകയിൽ ശുശ്രൂഷകൾ ക്രമീകരിച്ച് ആദരിക്കാം. യുവദീപ്തി, മാതൃ–പിതൃവേദി സംഘടനകളുടെ നേതൃത്വത്തിൽ സംഗമങ്ങൾ നടത്തുമല്ലോ.

**ശുശ്രൂഷകൾക്കു വിളിക്കുക: 9495107045**

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

# പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളേ,

നമ്മുടെ ദേശീയോത്സവമായ ഓണത്തിന്റെ ആശംസകളും പരി. കന്യാമറിയത്തിന്റെ ജനനത്തിരുനാളിന്റെ പ്രാർത്ഥനാമംഗളങ്ങളും ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു.

പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾ ഫൊറോന-ഇടവകതലങ്ങളിലേക്കു വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള നിയമാവലി, പതാക, ബാഡ്ജ് എന്നിവ വാർഷികാഘോഷവേളയിൽ പ്രകാശനം ചെയ്തു. വാർഷികാഘോഷത്തിൽ ഏർപ്പെടുത്തിയ പുരസ്കാരസമർപ്പണത്തിൽ പ്രവാസി കീർത്തി പുരസ്കാരം പാറമ്പുഴ ബേത്‌ലെഹെം ഇടവകാംഗം ഷൈമോൻ തോട്ടുങ്കലിനും എക്സലൻസ് അവാർഡ് അപ്പസ്തോലിക് നുൺഷ്യോ എമിരിറ്റസ് മാർ ജോർജ് കോച്ചേരി പിതാവിനും അതിരമ്പുഴ ഇടവകാംഗം ബോബി സേവ്യർ മാനാട്ടിനും (സൗദി അറേബ്യ) കാവാലം ലിറ്റിൽ ഫ്ളവർ ഇടവകാംഗം ജോ കാവാലത്തിനും (UAE) നൽകി. ടെസ്സി ഫിലിപ്പ് മീനത്തേക്കോണിൽ, മനോജ് അലക്സാണ്ടർ പോളയ്ക്കൽ, ജോജി ആന്റണി വണ്ടകത്തിൽ, ബിജു ഡൊമിനിക് നടുവിലേഴം എന്നിവർക്കു പ്രവാസി കാരുണ്യപുരസ്കാരവും നാലു പേർക്കു പ്രവാസി സംരംഭക പുരസ്കാരവും 9 നഴ്സുമാർക്കു പ്രവാസി നഴ്സസ് പുരസ്കാരവും വിതരണം ചെയ്തു.

**31.07.23** പ്രവാസിസംഗമം 2023 നു വോളന്റിയേഴ്സായി ശുശ്രൂഷ ചെയ്തവരുടെ മീറ്റിങ് തിങ്കളാഴ്ച വൈകിട്ട് 4 മണിക്കു സന്ദേശനിലയത്തിൽ നടത്തി. സായാഹ്ന ഭക്ഷണത്തോടെ മീറ്റിങ് അവസാനിച്ചു.

**02.08.23** ദുബായ് റാസ്-അൽ-ഖൈമയിൽ പാൻക്രിയാറ്റിക് ഡിസീസ് മൂലം 105 ദിവസമായി വെന്റിലേറ്ററിന്റെ സഹായത്തോടെ ജീവൻ നിലനിർത്തിയിരുന്ന 49 വയസുള്ള യുവാവിനെ തുടർചികിത്സയ്ക്കായി നാട്ടിലെത്തിച്ചു. തുരുത്തി മാർത്ത് മറിയം ഫൊറോന ഇടവകാംഗമായ യുവാവിനെ ഓഗസ്റ്റ് 02 നു പുലർച്ചെ 2.30 നു ദുബായ് എയർപോർട്ടിൽനിന്നും പുറപ്പെട്ട എമിറേറ്റ്സ് എയർ ആംബുലൻസിൽ രാവിലെ 9 മണിയോടെ കൊച്ചി എയർപോർട്ടിലെത്തിക്കുകയും അവിടെനിന്നും 12.30 നു കോട്ടയം മെഡിക്കൽ കോളേജിലെ എമർജൻസി ആൻഡ് ക്രിട്ടിക്കൽ കെയർ യൂണിറ്റ് ICU ൽ തുടർചികിത്സയ്ക്കു പ്രവേശിപ്പിക്കുകയും ചെയ്തു.

## ആവേ മരിയ ഹോളിഡേയ്സ്

ആവേ മരിയ ഹോളിഡേയ്സിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 10 ദിവസത്തെ ഹോളിലാൻഡ് തീർത്ഥാടനം നവംബർ 2 ന് ആരംഭിച്ച് 11 ന് അവസാനിക്കുന്നു. ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

**ഫാ. മാത്യു മാറാട്ടുകളം**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**
**ആവേ മരിയ ഹോളിഡേയ്സ്: 9207777092**

# കേരള ലേബർ മൂവ്മെന്റ് (KLM)

ഈശോയിൽ പ്രിയപ്പെട്ടവരേ,

പരി. അമ്മയുടെ ജനനത്തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു!

ഓണക്കാലത്തോടനുബന്ധിച്ചു പല സംഘങ്ങളിലും സംരംഭങ്ങൾ ചെയ്യാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. യോജിപ്പോടെയുള്ള ഇത്തരം പ്രവർത്തനങ്ങൾ നല്ല തൊഴിൽസംരംഭങ്ങളിലേക്കു കടക്കുന്നതിനു സഹായകരമാണ്. ഓഗസ്റ്റ് 03 ന് അതിരൂപതാതലത്തിൽ നടത്തിയ മണിപ്പൂർ ഐക്യദാർഢ്യം നമ്മുടെ കൂട്ടായ്മയുടെ വലിയ പ്രകടനമായിരുന്നു. ചുരുങ്ങിയ സമയംകൊണ്ട് ക്രമീകരിച്ച ഈ പരിപാടിയിൽ ആയിരത്തിലധികം പേർ എത്തിച്ചേരുകയും നമ്മുടെ പ്രതിഷേധം പൊതുസമൂഹത്തിൽ അറിയിക്കുകയും ചെയ്തു. ഇത്തരത്തിൽ സഭയെയും സമൂഹത്തെയും ദോഷകരമായി ബാധിക്കുന്ന ഇടപെടലുകളോടു സമയോചിതമായി ഇനിയും പ്രതികരണം അറിയിക്കേണ്ടതുണ്ട്. ഒരുമയോടെയുള്ള സംഘടനാപ്രവർത്തനങ്ങൾക്കു സമൂഹത്തിൽ വലിയചലനം സൃഷ്ടിക്കാനാവും. യോജിപ്പോടെ സഭയോടുചേർന്നു മുന്നോട്ടുപോകാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

**മണിപ്പൂർ ഐക്യദാർഢ്യം**

ഓഗസ്റ്റ് 3 നു ചങ്ങനാശേരിയിൽ സംഘടിപ്പിച്ച മണിപ്പൂർ ഐക്യദാർഢ്യ പ്രതിഷേധസമ്മേളനത്തിലും ജാഥയിലും ആയിരത്തിലധികംപേർ പങ്കുചേർന്നു. അതിരൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ AKCC ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണവും അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ആമുഖപ്രഭാഷണവും അതിരൂപതാസമിതിയംഗം പ്രജോഷ് ചാക്കോ പ്രതിജ്ഞയും നിർവഹിച്ചു. സാബു കോയിപ്പള്ളി, സാജൻ ജോയ് പതാരംചിറ, ജോസഫ് കെ.സി., മിനി റോയ്, വിജി സെബാസ്റ്റ്യൻ കുന്നിപ്പള്ളി, ജോസഫ് ജോൺ, സ്മിനു ജോസഫ് എന്നിവർ നേതൃത്വം നൽകി.

**പുതിയ സംഘം**

കൂത്രപ്പള്ളി യൂണിറ്റിൽ മദർ തെരേസ SHG രൂപീകരിച്ചു. വികാരി ഫാ. ജോർജ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. അതിരൂപതാസമിതിയംഗം മാത്യു പി.സി. പങ്കെടുത്തു.

**ആദരാഞ്ജലികൾ**

പുളിങ്കുന്ന് സെന്റ് സെബാസ്റ്റ്യൻ സംഘാംഗം ബിജു കെ. ജോസ് കവലേച്ചിറയുടെ നിര്യാണത്തിൽ KLM കുടുംബം അനുശോചനവും പ്രാർത്ഥനയുമറിയിക്കുന്നു.

## മരണാനന്തര സഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരന്റെ നോമിനിക്കു മരണാനന്തര സഹായമായ 1, 20,000/- രൂപ കൈമാറി.

123 ജോൺ പി.എ. പട്ടശ്ശേരിൽ പൂമറ്റം സെന്റ് തോമസ് സംഘാംഗം (11/08/2023)

താഴെപ്പറയുന്ന മരണമടഞ്ഞവരുടെ നോമിനികൾക്കു മരണാനന്തര സഹായ മായ 1, 25,000/- രൂപ കൈമാറി.

126 അലക്സാണ്ടർ വി.എ. ചാഞ്ഞോടി താബോർ സംഘാംഗം (02/08/2023)

128 എം.പി. ബാബു കൂരോപ്പട സെന്റ് അൽഫോൻസാ സംഘാംഗം (25/07/2023)

129 ദാനിയേൽ ഐസക് കുറുമ്പനാടം അസംപ്ഷൻ സംഘാംഗം (11/08/2023)

131 കുര്യൻ ജോസഫ് വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ് സംഘാംഗം (11/08/2023)

■

---

» *ആതുരശുശ്രൂഷാമേഖല തുടർച്ച...*

നിർവഹിച്ചു. അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണവും ആലപ്പുഴ രൂപതാധ്യക്ഷൻ റൈറ്റ് റവ. ഡോ. ജയിംസ് റാഫേൽ ആനാപറമ്പിൽ അനുഗ്രഹപ്രഭാഷണവും നടത്തി. കൂടാതെ ആശു പത്രിയിൽ ഡയാലിസിസ് ചികിത്സയിൽ കഴിയുന്ന നിർധനരായ വൃക്കരോഗി കൾക്കു ഡയാലിസിസ് ചികിത്സ പൂർണമായും സൗജന്യമാക്കുന്ന ചികിത്സാ പദ്ധതിയായ സഹൃദയ സഞ്ജീവനി ഡയാലിസിസ് പ്രോഗ്രാമിന്റെ ഉദ്ഘാ ടനം ആലപ്പുഴ ജോയ് ആലുക്കാസ് ജ്വല്ലറി ബ്രാഞ്ച് മാനേജർ ജെയ്മോൻ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിനു ഡയാലിസിസ് കിറ്റ് കൈമാറി നിർവഹിച്ചു. സഹൃദയ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കലിന്റെ പൗരോഹിത്യരജതജൂബിലിയാഘോഷവും നടത്തി.

എ.എം. ആരിഫ് MP, ആലപ്പുഴ MLA പി.പി. ചിത്തരഞ്ജൻ, ആലപ്പുഴ മുനി സിപ്പൽ ചെയർപേഴ്സൺ കെ. കെ. ജയമ്മ, ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ് പിറ്റൽ അസോസിയേറ്റ് ഡയറക്ടർ ഫാ. മാർട്ടിൻ മുപ്പതിൽചിറ, ഹോസ്പിറ്റൽ ചീഫ് മെഡിക്കൽ ഓഫീസർ ഡോ. കെ. പി. ഹെഗ്ഡെ എന്നിവർ ആശംസ കളർപ്പിച്ചു. ശേഷം പേപ്പൽ നുൺഷ്യോ എമിരിത്തൂസ് അഭി. മാർ ജോർജ് കൊച്ചേരി പിതാവ് ഫ്ളോറൻസ് നൈറ്റിംഗൽ പുരസ്കാരത്തിനും ബെസ്റ്റ് പെർഫോർമർ ഓഫ് ദ ഇയർ പുരസ്കാരത്തിനും അർഹരായ സ്റ്റാഫംഗങ്ങളെ പുരസ്കാരം നൽകിയാദരിച്ചു. സഹൃദയ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കലിന്റെ നന്ദിയർപ്പണത്തോടെ ഔദ്യോഗിക പരിപാടികൾ അവസാ നിച്ചു. പ്രശസ്ത പിന്നണി ഗായകൻ ജാസി ഗിഫ്റ്റ് നയിച്ച മെഗാ ഷോ ഹോം ഡേയാഘോഷങ്ങൾക്കു നിറമേകി.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

■

# ആത്മതാകേന്ദ്രം
## (ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

ഈശോയിൽ പ്രിയപ്പെട്ടവരേ,

പരി. അമ്മയുടെ ജനനതിരുനാളിന്റെ ആശംസകൾ സ്നേഹപൂർവം നേരുന്നു!

മദ്യത്തിന്റെ ലഭ്യത ബാറുകളിലൂടെയും മറ്റെല്ലാ വിധത്തിലും വർദ്ധിപ്പിക്കുവാനുള്ള സർക്കാർ ശ്രമം പ്രതിഷേധാർഹമാണ്. കള്ളിനെ പോഷകാഹാരമാണെന്നുപോലും ഭരണനേതൃത്വം പ്രചരിപ്പിക്കുന്നത് അത്യന്തം ലജ്ജാകരമാണ്. സാധാരണക്കാരന്റെ പണമൂറ്റുവാൻ സർക്കാർ കണ്ട പോംവഴി മാത്രമാണിതെന്ന് അരിയാഹാരം കഴിക്കുന്നവനു മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല. ഒരുവശത്തു ലഹരി വിരുദ്ധപ്രവർത്തനങ്ങൾക്കു പണം ചെലവഴിക്കുകയും മറുവശത്തു മദ്യം ഒഴുക്കുകയും ചെയ്യുന്ന സർക്കാരിന്റെ ഈ ഇരട്ടത്താപ്പ് ചോദ്യചിഹ്നമാണ്. നാടിന്റെ സർവനാശത്തിലേക്ക് ഇത്തരം തലതിരിഞ്ഞ നയങ്ങൾ നയിക്കുമെന്നതു സുനിശ്ചിതമാണ്. ഇതിനെതിരെ നമുക്കൊരുമിച്ചു ശബ്ദം ഉയർത്താം...പോരാടാം... നമ്മുടെ മക്കളെ ബോധവത്ക്കരിക്കാം....

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

### SAN - സ്കൂൾതല ബോധവത്ക്കരണം

ചങ്ങനാശേരി സെന്റ് ബർക്മൻസ് ഹയർ സെക്കന്ററി സ്കൂളിലെ ഏഴാംക്ലാസ് കുട്ടികൾക്കായി 'ലഹരിക്കെതിരായി ഉണരുന്ന കൗമാരം' എന്ന വിഷയത്തെക്കുറിച്ചു വിദഗ്ധരായ ആളുകളുടെ നേതൃത്വത്തിൽ ക്ലാസ് നടത്തി. തുടർപ്രവർത്തനത്തിന് ഓരോ ക്ലാസിൽനിന്നും 5 പേരെവീതം തിരഞ്ഞെടുത്തു സ്കൂൾതല SAN പ്രവർത്തനമാരംഭിച്ചു. ബോധവത്ക്കരണ പരിപാടികൾക്കു ജോണി പാലമുറിയിൽ, ബിന്റുമോൾ, റ്റി.എം. മാത്യു, റോബിൻ ജോസഫ്, മറിയാമ്മ ആന്റണി നെല്ലിത്താനം എന്നിവർ നേതൃത്വം നൽകി.

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനുമായുള്ള സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിലെ ഈ പദ്ധതിയിലെ അംഗങ്ങൾ ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ 26.08.23 ശനിയാഴ്ച രാവിലെ പ്രാർത്ഥനയോടുകൂടി സമ്മേളനം ആരംഭിച്ചു. ബോധവത്ക്കരണ ക്ലാസ്സ്, എനർജൈസിംഗ് പ്രോഗ്രാം എന്നിവയും ഉച്ചഭക്ഷണവും 54500/– രൂപയുടെ ധനസഹായവും നല്കി. ഫാ. ജോൺ വടക്കേകളം, സണ്ണി മാത്യു, ട്രീസാ മാത്യു എന്നിവർ നേതൃത്വം നല്കി.

*ശേഷം പേജ് 54 ൽ.....»*

# ദളിത് കത്തോലിക്കാ മഹാജന സഭ (DCMS)

## കരിദിനാചരണം (വഞ്ചനാദിനം)

1950 ഓഗസ്റ്റ് 10 നു ഭാരതത്തിലെ ദളിതുക്രൈസ്തവരുടെ സംവരണ തുല്യാവകാശം നിഷേധിച്ചു കൊണ്ടിറക്കിയ ഓഡിനൻസ് പിൻവലിച്ച് അവകാശങ്ങൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഗസ്റ്റ് 10 നു ദളിതുക്രൈസ്തവ വികസനസമിതിയും CSI മധ്യകേരള മഹായിടവകയും ചേർന്ന് വൈകുന്നേരം 3 മുതൽ 5 വരെ കോട്ടയം തിരുനക്കരയിൽ നടത്തപ്പെട്ട പ്രതിഷേധസംഗമം (ധർണ) CSI ബിഷപ് ഡോ. മലയിൽ സാബു കോശി ചെറിയാൻ ഉദ്ഘാടനം ചെയ്തു. ബിഷപ് ഗീവർഗീസ് മാർ അപ്രേം തിരുമേനി അധ്യക്ഷത വഹിച്ചു. CSI മഹായിടവക ഭാരവാഹികൾ, DCMS സംസ്ഥാന ഡയറക്ടർ, DCMS സംസ്ഥാന പ്രസിഡന്റ്, വിജയപുരം, പാലാ, കാഞ്ഞിരപ്പള്ളി, എറണാകുളം-അങ്കമാലി, ചങ്ങനാശേരി തുടങ്ങീ രൂപതകളിലെ DCMS ഭാരവാഹികൾ പങ്കെടുത്തു

## DCMS അതിരൂപതാ കേന്ദ്രഓഫീസ് വെഞ്ചരിപ്പും ഉദ്ഘാടനവും

നവീകരണം പൂർത്തിയാക്കിയ DCMS കേന്ദ്രഓഫീസിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും ഓഗസ്റ്റ് 14 തിങ്കളാഴ്ച 11 ന് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവഹിച്ചു. ഷംഷാബാദ് രൂപത സഹായമെത്രാൻ അഭി. മാർ തോമസ് പാടിയത്ത്, വികാരി ജനറാളച്ചന്മാർ, അതിരൂപതാ ചാൻസിലർ വെരി റവ. ഫാ. ഐസക് ആലഞ്ചേരി, അതിരൂപതാ പ്രൊക്യുറേറ്റർ വെരി റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, അതിരൂപതയിലെ വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ഡയറക്ടറച്ചന്മാർ, DCMS അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, DCMS അംഗങ്ങൾ, DCMS സംസ്ഥാന പ്രസിഡന്റ്, DCMS അതിരൂപതാ പ്രസിഡന്റ്, സെക്രട്ടറി, ഭാരവാഹികൾ, കമ്മിറ്റിയംഗങ്ങൾ, മുതിർന്ന മുൻഭാരവാഹികൾ, DCMS ഫൊറോന-യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

## നീതി ഞായർ ദിനാചരണവും ആദരിക്കലും സ്കോളർഷിപ്പ് വിതരണവും

നീതി ഞായറാചരണം ഓഗസ്റ്റ് 20 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണി മുതൽ മാർ ജോസഫ് പവ്വത്തിൽ നഗറിൽ (ചങ്ങനാശേരി സെന്റ് ബർക്മൻസ് HSS ഓഡിറ്റോറിയം) നടന്നു. അഭി. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം നിർവഹിച്ച സമ്മേളനത്തിൽ ഗീവർഗീസ് മാർ അപ്രേം തിരുമേനി (KCBC/SC/ST/BC കമ്മിഷൻ ചെയർമാൻ) നീതി ഞായർ സന്ദേശം നൽകി. ഡോ. എൻ. ജയരാജ് (കേരള ഗവ. ചീഫ് വിപ്പ്) മുഖ്യപ്രഭാഷണവും അതിരൂപത വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അനുഗ്രഹപ്രഭാഷണവും അതിരൂപതാ DCMS സെക്രട്ടറി ഇൻചാർജ് മാത്യു ജോസഫ് സ്വാഗതവും DCMS അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ആമുഖസന്ദേശവും നൽകി. DCMS അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അധ്യക്ഷത വഹിച്ചു.

ചങ്ങനാശേരി MLA അഡ്വ. ജോബ് മൈക്കിൾ 2023 വർഷം ഉന്നതവിജയം കൈവരിച്ച വിദ്യാർത്ഥികളെ അനുമോദിച്ചു. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് ജോസഫ് വഴീപ്പറമ്പിൽ, DCMS സംസ്ഥാന പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ, DCVS അതിരൂപതാ വൈസ് പ്രസിഡന്റ് ട്രീസ ജോസഫ് എന്നിവർ ആശംസകളും DCYL അതിരൂപതാ വൈസ് പ്രസിഡന്റ് ആഷ്‌ലി വർഗീസ് കൃതജ്ഞതയും അർപ്പിച്ചു. DCMS അതിരൂപതാ ഭാരവാഹികൾ, കമ്മിറ്റിയംഗങ്ങൾ, മുതിർന്ന മുൻ അതിരൂപതാ ഭാരവാഹികൾ, DCMS ഫൊറോന, യൂണിറ്റ് കുടുംബാംഗങ്ങൾ, വിദ്യാർത്ഥികൾ തുടങ്ങി അഞ്ഞൂറിലധികം അംഗങ്ങൾ പങ്കെടുത്തു. വൈകുന്നേരം 5 മണിക്കു സമ്മേളനം സമാപിച്ചു.

സ്നേഹപൂർവം,

**മാത്യു ജോസഫ്** *(സെക്രട്ടറി ഇൻ ചാർജ്)*

**ഡോ. സിജോ ജേക്കബ്** *(പ്രസിഡന്റ്)*

**ഫാ. ജോൺ വടക്കേകളം** *(ഡയറക്ടർ)*

■

---

» *ആത്മതാകേന്ദ്രം തുടർച്ച...*

## ഹോമിയോ ചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധ ഡോക്ടേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും സേവനം ലഭ്യമാണ്.

ചൊവ്വ - (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ - (കോട്ടയം) ഇരവുചിറ, ഇമ്മാനുവൽ പ്രാർത്ഥനശുശ്രൂഷാകേന്ദ്രം
വ്യാഴം - (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാ ദൈവാലയം
വെള്ളി - (കോട്ടയം) ചങ്ങനാശേരി, പാസ്റ്ററൽ സെന്റർ

## ലഹരിവിമുക്ത വിശുദ്ധീകരണധ്യാനം

പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ **2023 സെപ്റ്റംബർ 24 മുതൽ 29 വരെ** ലഹരിവിമുക്ത കുടുംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നു. സെപ്റ്റംബർ 24 വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 29 രാവിലെ 10 മണിക്ക് അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസുണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റുകൾ എന്നിവരുടെ പ്രത്യേക ക്ലാസ്സുകൾ, കൗൺസിലിങ് ഇവ ലഭ്യമാകും.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
0469 2693413, 2690414, 9495193406

■

# ലീജിയൻ ഓഫ് മേരി

*'എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകലതലമുറകളും എന്നെ ഭാഗ്യവതിയെന്നു പ്രകീർത്തിക്കും'* (മറിയത്തിന്റെ സ്തോത്രഗീതം).

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ ഡയറക്ടറായി പ്രവർത്തിച്ച ജോസഫ് ഇളംതുരുത്തിയിൽ അച്ചൻ സ്ഥലംമാറിപോകുകയും തൽസ്ഥാനത്തേക്കു ജയിംസ് കണികുന്നേൽ അച്ചൻ നിയമിതനാവുകയും ചെയ്തു. ഇളംതുരുത്തിയിൽ അച്ചനു നന്ദിയും കണികുന്നേൽ അച്ചനു സ്വാഗതവും അർപ്പിക്കുന്നു.

കമ്മീസിയത്തിന്റെ 815-ാമതും കൂരിയായുടെ 1053-ാമതും സമ്മേളനം 13.08.2023 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 02.30 നു പാറേൽ ലീജിയൻ ഹാളിൽ ആത്മീയനിയന്താവ് ജയിംസ് കണികുന്നേൽ അച്ചന്റെ അധ്യക്ഷതയിൽ കൂടി. ലീജിയൻ പ്രാർത്ഥനയ്ക്കും ജപമാലയ്ക്കുംശേഷം സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് സ്വാഗതം ആശംസിച്ചു. തുടർന്ന് ഖജാൻജി വരവുചെലവ് കണക്കുകൾ അവതരിപ്പിച്ചു. അച്ചൻ തന്റെ സന്ദേശത്തിൽ ലീജിയൻ ഓഫ് മേരി എന്ന ഭക്തസംഘടനയുടെ മാഹാത്മ്യത്തെപ്പറ്റി പറഞ്ഞു. സംഘടനയുടെ ആത്മീയത നിലനിർത്തി നമ്മൾ ലോകത്തിൽ ജീവിക്കണം. നമ്മുടെ മൂലധനം പ്രാർത്ഥനയാണ്. ശിഷ്യന്മാർക്കു ശക്തിപകർന്നതു പരി. മറിയമാണ്. ഈ കൂട്ടായ്മയിൽ ഐക്യത്തിലും പൊതുനന്മയിലും ലക്ഷ്യംവച്ചുകൊണ്ട് ദൈവാശ്രയബോധത്തിൽ മുന്നേറുവാനുള്ള മനസിന്റെ തുറവിയുണ്ടാകട്ടെ എന്നാശംസിച്ചുകൊണ്ട് അച്ചൻ വാക്കുകൾ ഉപസംഹരിച്ചു.

ലീജിയൻ ഓഫ് മേരിയുടെ സെപ്റ്റംബർ സമ്മേളനം **സെപ്റ്റംബർ 16** നു പ്രസിദീയങ്ങളും കൂരിയായും സംയുക്തമായി പാറേൽ സെന്റ് മേരീസ് പള്ളിയിൽ നടത്തുവാൻ തീരുമാനിച്ചു.

**അനുശോചനം**

ലീജിയൻ ഓഫ് മേരിയുടെ കമ്മീസിയം പ്രസിഡന്റ് ബ്രദർ വർഗീസ് തട്ടാരടി ഓഗസ്റ്റ് 13 നു ലണ്ടനിൽ മരണമടഞ്ഞു. അന്നേദിവസം കമ്മീസിയം മീറ്റിങ്ങിൽ അദേഹത്തിന്റെ ആത്മശാന്തിക്കായി എല്ലാവരും മൗനമായി പ്രാർത്ഥിച്ചു. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ ഞങ്ങളുടെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

കമ്മീസിയത്തിനുവേണ്ടി,

**സ്റ്റെല്ലാ തോമസ് അരിക്കത്തിൽ**
(സെക്രട്ടറി)

**ഫാ. ജയിംസ് കണികുന്നേൽ**
(സ്പിരിച്ചൽ അസിസ്റ്റന്റ്)

■

"സമാധാനം - സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരങ്ങളേ,

അതിരൂപതയിലെ എല്ലാ ഭ്രാതൃത്വങ്ങളുടെയും പഠനത്തിനും ധ്യാനത്തിനും സഭാംഗങ്ങൾക്കായി നൽകപ്പെട്ടിരിക്കുന്ന ഔദ്യോഗിക 'നിയമാവലിയും ജീവിതക്രമവും' തുടർച്ച! കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീ സഹോദരന്മാർക്കു വി. ഫ്രാൻസിസ് നൽകുന്ന പ്രബോധനം.

## ജീവിതരീതിയും അപ്പസ്തോലികപ്രവർത്തനങ്ങളും

### വകുപ്പ് 11

തങ്ങളുടെ ദൈവവിളിയുടെ ഉറവിടവും തങ്ങളുടെ ഭ്രാതൃത്വജീവിതത്തിന്റെയും ദൗത്യത്തിന്റെയും പ്രചോദകനും ഉറവിടവും പരിശുദ്ധാത്മാവാണെന്ന സത്യം മനസ്സിലാക്കിക്കൊണ്ട് അത്മായ ഫ്രാൻസിസ്കൻ വി. ഫ്രാൻസിസിന്റെ മാതൃകയിൽ എപ്പോഴും പരിശുദ്ധാത്മാവിന്റെ നിമന്ത്രണങ്ങളോടു വിശ്വസ്തത പുലർത്തണം. 'എല്ലാറ്റിനുമുപരിയായി തങ്ങളിൽ പ്രവർത്തിക്കുന്ന ദൈവാരൂപിക്കായി ആഗ്രഹിക്കുവിൻ' എന്നുള്ള വിശുദ്ധന്റെ ഉദ്ബോധനം അവർ ശ്രദ്ധിക്കണം.

### വകുപ്പ് 12

വി. ഫ്രാൻസിസിന്റെ ജീവിതമാതൃകയിൽനിന്നും ലിഖിതങ്ങളിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ടും സർവോപരി പരിശുദ്ധാത്മാവിന്റെ കൃപകളാൽ നിറഞ്ഞും സഹോദരീസഹോദരന്മാർ അനുദിനം ഈശോനാഥന്റെ ഏറ്റവും വലിയ ദാനമായ പരിശുദ്ധാത്മാവുവഴി പിതാവിന്റെ വെളിപ്പെടുത്തലനുസരിച്ച് ജീവിക്കണം. അവർ എല്ലാവരുടെയും മുന്നിൽ ഈ വിശ്വാസത്തിനു സാക്ഷ്യം നൽകണം.

- അവരുടെ കുടുംബജീവിതത്തിൽ
- അവരുടെ ജോലികളിൽ
- അവരുടെ സന്തോഷങ്ങളിലും സഹനങ്ങളിലും
- സ്ത്രീപുരുഷന്മാരായ എല്ലാവരെയും ഒരേ പിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരീസഹോദരന്മാരായി കണ്ടുകൊണ്ട് അവരുമായുള്ള ബന്ധങ്ങളിൽ
- സമൂഹജീവിതത്തിലുള്ള അവരുടെ സാന്നിദ്ധ്യത്തിലും പങ്കാളിത്തത്തിലും
- മറ്റു സകലജീവജാലങ്ങളുമായുള്ള സാഹോദര്യബന്ധങ്ങളിൽ

2. **നിയമം 10:** മരണത്തോളം അനുസരണമുള്ളവനായിരുന്ന ഈശോയോടു ചേർന്നു ദൈവഹിതമറിഞ്ഞു നടപ്പിലാക്കാനും ദൈവത്തിനു കൃതജ്ഞതയർപ്പിക്കാനും ശ്രമിക്കണം. ദൈവഹിതം നിറവേറ്റുന്നതിനു സഭാധികാരികൾവഴി

*ശേഷം പേജ് 59 ൽ.....»*

# വിൻസെൻഷ്യൻ വേദി

*'ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്' (റോമാ. 8:14).*

പ്രിയ വിൻസെൻഷ്യൻ സഹോദരരേ,

സെപ്റ്റംബർമാസം ആഗതമായിരിക്കുന്നു. നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാളും വി. വിൻസെന്റ് ഡി പോളിന്റെയും വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെയും തിരുനാളുകളും നാം ആചരിക്കുന്നത് ഈ മാസത്തിലാണ്. മൂന്നുപുണ്യദിനങ്ങളും അതിനൊരുക്കമായിട്ടുള്ള ദിവസങ്ങളും ചേരുന്ന സെപ്റ്റംബർ നവീകരണമാസം തന്നെയാണ്.

നമുക്കു മാതൃകയായി പരി. കന്യകാമറിയവും വി. വിൻസെന്റ് ഡി പോളും വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമും പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് നവീകരണത്തിന്റെ മാർഗം നമുക്കു കാണിച്ചുതന്നു. പരിശുദ്ധാത്മാവ് നമ്മിൽ നിറയുന്നില്ലെങ്കിൽ എത്ര പ്രവർത്തിച്ചാലും ജഡികരായി ജീവിക്കുന്നവരാകുമെന്നു നാം മനസിലാക്കണം.

ആത്മാവ് നമ്മിൽ നിറയുന്നതനുസരിച്ച് ജീവിതത്തിൽ സ്നേഹവും കാരുണ്യവും വളരുകയും പുലരുകയും ചെയ്യും. പരിശുദ്ധാത്മനിറവിൽ പരി. അമ്മ ചാർച്ചക്കാരിയായ ഏലിശ്ബായെ സന്ദർശിക്കാനും ശുശ്രൂഷ ചെയ്യുവാനും സന്നദ്ധമായതിലൂടെ ഇതു വ്യക്തമാണ്. പരിശുദ്ധാത്മാവ് നമ്മിലുളവാക്കുന്ന നവീകരണം സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഉത്തമശുശ്രൂഷകരാക്കും. അതിനുള്ള മാതൃകകളായി വി. വിൻസെന്റ് ഡി പോളിനെയും വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിനെയും വിശുദ്ധരെയും ദൈവം നമുക്കു നല്കിയിരിക്കുന്നു.

ആത്മാവിൽനിറഞ്ഞ അസ്തിത്വമാണ് നമ്മെയും സാധാരണ സാമൂഹ്യപ്രവർത്തകരെയും തമ്മിൽ വേർതിരിക്കുന്ന പ്രധാനകാര്യം. പരിശുദ്ധാത്മനിറവാൽ ദൈവമഹത്വവും അപരന്റെ സുസ്ഥിതിയും ലക്ഷ്യമാക്കി നാം പ്രവർത്തിക്കുമ്പോൾ സാമൂഹ്യപ്രവർത്തകർക്ക് ഈ ലക്ഷ്യമൊന്നും ഉണ്ടാകണമെന്നില്ല. നവീകരണത്തിലൂടെ ആത്മനിറവിനായി പ്രത്യേകം പരിശ്രമിക്കേണ്ട കാലമായി ഈ മാസത്തെ കാണാം.

ദൈവവചനവും കൂദാശകളും പ്രാർത്ഥനയുമാണ് ജീവിതനവീകരണത്തിലേക്കു നമ്മെ നയിക്കുന്നത്. വി. കൂദാശകളിൽ പ്രത്യേകിച്ച് പരി. കുർബാനയിൽ കേന്ദ്രീകൃതവും ദൈവവചനത്താലും പ്രാർത്ഥനയാലും നിരന്തരം പരിപോഷിപ്പിക്കപ്പെടുന്നതുമായ ഒരു ജീവിതം നാം നയിക്കണം. ഇതിനുള്ള പരിശ്രമത്തിൽ കൂടുതൽ ആഴപ്പെടുവാൻ നമുക്ക് ഈ മാസത്തിൽ പ്രത്യേകം ശ്രമിക്കാം. അങ്ങനെ നല്ല ക്രൈസ്തവരും ഉത്തമ വിൻസെൻഷ്യൻ പ്രവർത്തകരുമായി മുന്നേറാൻ ശ്രമിക്കാം. മൂന്നുതിരുനാളുകളുടെയും ആശംസകൾ എല്ലാവർക്കും നേരുന്നു.

സെപ്റ്റംബർ 9 നു പാവപ്പെട്ടവർക്കുവേണ്ടിയും 27 ന് അംഗങ്ങൾക്കുവേണ്ടിയും വി. കുർബാനയർപ്പിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് പനക്കേഴം**
*(സ്പിരിച്വൽ അഡ്വൈസർ)*

■

# കരിസ്മാറ്റിക് നവീകരണം

*ശിമയോൻ പത്രോസ് മറുപടി പറഞ്ഞു: കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്* (യോഹ. 6:68).

മധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ 04/07/2023 ൽ വാഴപ്പള്ളി ഗത്സേമൻ ആശ്രമപള്ളിയിൽ 9 am മുതൽ 2 pm വരെ ജപമാല, വചന പ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, വി. കുർബാന എന്നിവ നടത്തപ്പെട്ടു. നൂറോളംപേർ പങ്കെടുത്തു. മൂന്നാമത്തെ സഹസ്രദിന പ്രാർത്ഥന ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് ആശ്രമദൈവാലയത്തിൽ മുഴുവൻ സമയം ദിവ്യകാരുണ്യ ആരാധനയായി നടന്നു. തോമസ് കല്ലുകളം CMI അച്ചൻ നേതൃത്വം നൽകി. വിവിധ ദൈവാലയങ്ങളിൽ കരിസ്മാറ്റിക് കൂട്ടായ്മകൾ സജീവമായി നടക്കുന്നു.

**ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശേരി സോൺ**

55-ാമതു മീറ്റിങ് ജയിംസ്-സിനി ദമ്പതികളുടെ ഭവനത്തിൽ ലൂയിസ് അച്ചന്റെ പ്രാർത്ഥനയോടെ 3 മണിക്ക് ആരംഭിച്ചു. അച്ചൻ വി. മത്തായിയുടെ സുവിശേഷം 13:44 തിരുവചനഭാഗം വായിച്ചു വിചിന്തനം നടത്തി. അദൃശ്യനായ ദൈവം നമ്മുടെ പ്രയത്നങ്ങൾക്കു പ്രതിഫലം നൽകുമെന്ന് അച്ചൻ പറഞ്ഞു. വചന വിചിന്തനത്തിനുശേഷം സിനി എല്ലാവരെയും സ്വാഗതം ചെയ്തു. തുടർന്നു റിപ്പോർട്ട് വായിച്ചു. 7 ദമ്പതികൾ മീറ്റിങ്ങിൽ പങ്കെടുത്തു. എല്ലാ ദമ്പതികളും അവരവരുടെ ഇടവകകളിലെ പ്രവർത്തനങ്ങളെക്കുറിച്ചു പങ്കുവെച്ചു. ഓഗസ്റ്റ് 26 നു മിനിസ്ട്രിയുടെ ഭാരവാഹികൾ ലൂയിസ് അച്ചനോടൊപ്പം എമ്മാവൂസിൽ പോകുവാൻ തീരുമാനിച്ചു. ആനിമേറ്ററച്ചൻ ഇടവകയിലെ വികാരിയച്ചന്മാർക്കു നൽകാൻ ഏൽപിച്ച കത്ത് ഉത്തരവാദിത്തപ്പെട്ട അംഗങ്ങൾ നൽകി. കൂടുതൽ സെല്ലുകൾ രൂപീകരിക്കാനായി ലൂയിസ് അച്ചന്റെ ഒപ്പുള്ള കത്ത് ഇടവകവികാരി യുടെ സമ്മതത്തോടെ ഇടവകയിലെ കുടുംബങ്ങൾ സന്ദർശിക്കാൻ തീരുമാന മെടുത്തു.

പച്ച-ചെക്കിടിക്കാട് ലൂർദുമാത ഇടവകയിൽ സെപ്റ്റംബർ 25 നു മുമ്പായി പുതിയ സെൽ രൂപീകരിക്കാനായുള്ള പ്രവർത്തനം തുടങ്ങുമെന്ന് ആന്റണി സർ പറഞ്ഞു. അടുത്ത മീറ്റിങ് സെപ്റ്റംബറിൽ ആന്റണി പി.കെ. - ലിസമ്മ ദമ്പതികളുടെ ഭവനത്തിൽ നടത്താൻ തീരുമാനിച്ചു. ലൂയിസച്ചന്റെ സമാപനാ ശീർവാദത്തോടെ മീറ്റിങ് അവസാനിച്ചു.

**ക്രിസ്റ്റീൻ മിനിസ്ട്രി**

21/07/2023 നു ക്രിസ്റ്റീൻ മിനിസ്ട്രിയുടെ സെൻട്രൽ ടീം ആനിമേറ്റർ ജയ്സൺ അച്ചന്റെ നേതൃത്വത്തിൽ ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ ഒരു മിച്ചുകൂടി. ആനിമേറ്റർ ലൂയിസ് അച്ചൻ അധ്യക്ഷത വഹിച്ചു. കോഡിനേറ്റർ മോൻ ചെത്തിമറ്റത്തിന്റെ നേതൃത്വത്തിൽ സോണൽ സർവീസ് ടീമംഗങ്ങൾ സന്നിഹിതരായിരുന്നു. ജയ്സൺ അച്ചന്റെ മനോഹരമായ ക്ലാസിനുശേഷം മാതാപിതാക്കളുടെ വാട്സ്ആപ്പ് ഗ്രൂപ്പ് തുടങ്ങാൻ തീരുമാനിച്ചു. 04/08/2023 ൽ

30 പേരടങ്ങുന്ന അമ്മമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പ് ആരംഭിച്ചു. എല്ലാ ദിവസവും രാവിലെ 5 am മുതൽ 5 pm വരെ ഈ ഗ്രൂപ്പിൽ പ്രാർത്ഥനകളുണ്ട്. 09/08/2023 ബുധനാഴ്ച 10:30 നു മിനിസ്ട്രിയുടെ സർവീസ് ടീം പാസ്റ്ററൽസെന്ററിൽ നടന്നു. കോഡിനേറ്റർ മോൻ ചെത്തിമറ്റം, സർവീസ് ടീം അംഗം മഞ്ജു മാത്തൂർ, ജോസ് പത്തുംപാടം, സണ്ണിച്ചൻ, സോണിയ, മിനിസ്ട്രി കോൺടാക്ട് പേഴ്സൺ റൂബിമോൾ, ജയ, സാലിമ്മ, ലിസമ്മ നെല്ലുവേലി എന്നിവർ ചർച്ചകളിൽ സജീവമായി പങ്കെടുത്തു. സെപ്റ്റംബർ അവസാനവാരം ക്രിസ്റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ സൺഡേസ്കൂൾ ടീച്ചേഴ്സ്, മാതാപിതാക്കൾ എന്നിവരെ ഉൾപ്പെടുത്തി ധ്യാനം നടത്തുവാൻ തീരുമാനിച്ചു. സമാപനപ്രാർത്ഥനയോടെ 12:30 നു യോഗം അവസാനിച്ചു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
*(കോഡിനേറ്റർ)*

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
*(ആനിമേറ്റർ)*

■

---

» *സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ തുടർച്ച...*

ലഭിക്കുന്ന ആജ്ഞകളും മറ്റധികാരികൾവഴി വരുന്ന നിർദേശങ്ങളും നടപ്പിലാക്കണം. സമൂഹജീവിതത്തിൽ അപകടസാധ്യതയുള്ള ധീരമായ തെരഞ്ഞെടുപ്പുകൾ അസന്നിഗ്ധമായി പക്വതയോടും പ്രശാന്തതയോടും നിശ്ചയദാർഢ്യത്തോടുംകൂടെ നടത്താൻ അവർ തയ്യാറാകണം.

3. **നിയമം 8:** സഹോദരീസഹോദരന്മാർ പുത്രനിർവിശേഷമായ സ്നേഹത്തോടെ പ്രാർത്ഥനയും ധ്യാനവുംവഴി തങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുന്ന ദൈവത്തെ കണ്ടുമുട്ടണം. ഈ ദൈവത്തെ പ്രകൃതിയിലും മനുഷ്യചരിത്രത്തിലും രക്ഷാകരചരിത്രത്തിലും കണ്ടുമുട്ടി തങ്ങളുടെ ആത്മരക്ഷ സുഗമമാക്കണം. ഈ രഹസ്യത്തെപറ്റിയുള്ള ധ്യാനം ദൈവത്തിന്റെ സ്നേഹപദ്ധതിയോടു സഹകരിച്ചു പ്രവർത്തിക്കുവാൻ അവരെ സന്നദ്ധരാക്കുന്നു.

## സ്വർഗപ്രാപ്തിക്കു യാത്രയായി

നാലുകോടി സെന്റ് തോമസ് ഭ്രാതൃത്വാംഗം ഉപ്പിണിയിൽ കെ.വി. വർഗീസ്, വടക്കേക്കര സെന്റ് മേരീസ് ഭ്രാതൃത്വാംഗങ്ങൾ പാലാത്ര എത്സമ്മ കുര്യാക്കോസ്, കല്ലുകളം കെ.എ. ജോർജ്, എടത്വാ മുട്ടാർ സെന്റ് ജോർജ് ഭ്രാതൃത്വാംഗം തച്ചേടത്ത് റ്റി.ജെ. ജോസ് എന്നിവർ നിര്യാതരായി. ഈ സഹോദരങ്ങളുടെ ആത്മാക്കൾക്കായി നമുക്കു പ്രാർത്ഥിക്കാം.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ** OFM Cap.
*(സ്പിരിച്വൽ അസിസ്റ്റന്റ്)*

■

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



# സുവിശേഷം: യഥാർത്ഥജ്ഞാനം

(തിരുവചനഭാഗം: 1 കോറിന്തോസ് 2,1-16)

മിശിഹായുടെ സുവിശേഷമാണ് യഥാർത്ഥജ്ഞാനമെന്ന് ഈ അദ്ധ്യായത്തിൽ പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നു. ഈ തിരുവചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം:

1. ക്രൂശിതനെക്കുറിച്ചുള്ള സന്ദേശം (2,1-2)
2. ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തൽ (2,3-5)
3. സുവിശേഷം മാനുഷികവിജ്ഞാനമല്ല (2,6-9)
4. സുവിശേഷപ്രബോധകൻ: ദൈവാത്മാവ് (2,10-13)
5. ആത്മാവു നല്കുന്ന വിവേചനം (2,14-16)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

### 1. ക്രൂശിതനെക്കുറിച്ചുള്ള സന്ദേശം

*''സഹോദരരേ, ഞാൻ നിങ്ങളുടെ അടുക്കൽ വന്നപ്പോൾ ദൈവത്തെപ്പറ്റി സാക്ഷ്യപ്പെടുത്തിയതു വാഗ്വിലാസത്താലോ വിജ്ഞാനത്താലോ അല്ല. നിങ്ങളുടെയിടയിലായിരുന്നപ്പോൾ ഈശോമിശിഹായെക്കുറിച്ചല്ലാതെ, അതും ക്രൂശിതനായവനെക്കുറിച്ചല്ലാതെ, മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്നു ഞാൻ തീരുമാനിച്ചു''* (2,1-2).

പൗലോസ് കോറിന്തോസിലായിരുന്നപ്പോൾ സാക്ഷ്യം നല്കിയതു ക്രൂശിതനായ ഈശോമിശിഹായെക്കുറിച്ചുമാത്രമാണ്. 'ക്രൂശിതനായ' എന്ന വർത്തമാനകാല പ്രയോഗമാണ് ഇവിടെ കാണുന്നത്. അതു പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഈശോ ഇപ്പോഴും ക്രൂശിക്കപ്പെട്ടവനാണ്. ക്രൂശിക്കപ്പെട്ടവന്റെ മുറിവുകൾ അവന്റെ മഹത്ത്വത്തിന്റെ പതാകയാണ്. കുരിശുമരണം മനുഷ്യരക്ഷയ്ക്കായുള്ള ദൈവത്തിന്റെ പദ്ധതിയായിരുന്നു (ശ്ലീഹ 2,23). മനുഷ്യന്റെ പാപവും ദൈവനിഷേധവും ഈശോയുടെ കുരിശിലെ ബലിയർപ്പണം ആവശ്യമാക്കിത്തീർത്തു (റോമാ 5,14). മനുഷ്യവർഗത്തിന്റെ പാപപരിഹാരാർത്ഥമുള്ള മിശിഹായുടെ മരണത്തെക്കുറിച്ചുള്ള സന്ദേശമാണ് പൗലോസ്ശ്ലീഹായുടെ ദൈവശാസ്ത്രത്തിന്റെ കേന്ദ്രം.

സഹിക്കുകയും ശപിക്കപ്പെട്ടവനെപ്പോലെ വധിക്കപ്പെടുകയും ചെയ്യപ്പെടുന്ന 'ദൈവത്തിന്റെ അഭിഷിക്തൻ' യഹൂദർക്ക് ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നായിരുന്നില്ല. മിശിഹാ ഏവർക്കുംവേണ്ടി ക്രൂശിക്കപ്പെട്ടുവെന്നതു ദൈവ

ത്തിന്റെ രഹസ്യമാണ്. മനുഷ്യബുദ്ധിക്ക് അജ്ഞാതവും അഗ്രാഹ്യവുമായ സത്യമാണ്. കൊളോസോസുകാർക്കെഴുതിയ ലേഖനത്തിൽ ശ്ലീഹാ ഇതു വ്യക്തമായി പറയുന്നുണ്ട്: ''യുഗങ്ങളുടെയും തലമുറകളുടെയും ആരംഭം മുതൽ മറച്ചുവയ്ക്കപ്പെട്ടിരുന്ന ഈ രഹസ്യവും ഇപ്പോൾ അവിടുന്നു തന്റെ വിശുദ്ധർക്കു വെളിപ്പെടുത്തിയിരിക്കുന്നു. ഈ രഹസ്യത്തിന്റെ മഹത്ത്വം വിജാതീയരുടെയിടയിൽ എത്ര ശ്രേഷ്ഠമാണെന്നു വിശുദ്ധർക്കു വ്യക്തമാക്കിക്കൊടുക്കുവാൻ അവിടുന്നു തീരുമാനിച്ചു. ഈ രഹസ്യമാകട്ടെ മഹത്ത്വത്തെക്കുറിച്ചുള്ള പ്രത്യാശയായ മിശിഹാ നിങ്ങളിലുണ്ട് എന്നതുതന്നെ'' (കൊളോ 1,26-27). ഉത്ഥിതനായ മിശിഹാ തോമാശ്ലീഹായെ ക്ഷണിക്കുന്നതു തന്റെ കൈകൾ കാണാനും കൈനീട്ടി തന്റെ പാർശ്വത്തിൽ വയ്ക്കാനുമാണ് (യോഹ 20,27). അതുകൊണ്ട് ക്രൂശിതനെക്കുറിച്ചുള്ള സന്ദേശം സുവിശേഷപ്രഘോഷണത്തിന്റെ അടിസ്ഥാനസ്വഭാവമാണ്. ഈ വസ്തുത അജപാലകരും അജഗണങ്ങളും ഒരിക്കലും വിസ്മരിക്കരുത്.

## 2. ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തൽ

*''നിങ്ങളുടെ മുമ്പിൽ ഞാൻ ദുർബലനും ഭയചകിതനുമായിരുന്നു. എന്റെ വചനവും പ്രസംഗവും വിജ്ഞാനംകൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത, ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു. നിങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം മാനുഷികവിജ്ഞാനമാകാതെ, ദൈവശക്തിയാകാനായിരുന്നു അത്''* (2,3-5).

കോറിന്തോസുകാരോടു സുവിശേഷം പ്രഘോഷിച്ചപ്പോൾ താൻ ദുർബലനും ഭയചകിതനുമായിരുന്നുവെന്നു പൗലോസ്ശ്ലീഹാ ഓർമിക്കുന്നു. മാത്രവുമല്ല, തന്റെ പ്രസംഗവും വചനവും വാഗ്വിലാസത്തോടെയുള്ളതുമായിരുന്നില്ലായെന്നും പറയുന്നു. ശ്ലീഹാ ദുർബലനാകാൻ കാരണമെന്തെന്നു നമുക്കു വ്യക്തമല്ല. ഫിലിപ്പിയായിലും തെസലോനിക്കായിലും ബെറോയായിലും സംഭവിച്ച ശാരീരികപീഡനങ്ങൾ ഇതിനു കാരണമാകാം (ശ്ലീഹ 16-18). പൗലോസ്ശ്ലീഹായുടെ ശാരീരികവൈകല്യവും അതിനു കാരണമായിരുന്നിരിക്കാം (2 കോറി 12,7-8). ഇവയ്ക്കെല്ലാം ഉപരിയായി കേൾവിക്കാരുടെ വിശ്വാസരാഹിത്യവും മറ്റുള്ളവരുടെ നിരുത്സാഹപ്പെടുത്തലും അദ്ദേഹത്തെ ദുർബലനും ഭയചകിതനുമാക്കിയിരിക്കാം (ശ്ലീഹ 18,9-10). എന്നാൽ ഈ കുറവുകളൊന്നുമല്ല പൗലോസ്ശ്ലീഹായുടെ പ്രസംഗത്തിനു വിജയമോ പരാജയമോ നല്കിയത്; സുവിശേഷത്തിന്റെ പ്രസക്തിയും അരൂപിയുടെ ശക്തിയുമാണ്.

സുവിശേഷപ്രഘോഷകന്റെ ജീവിതവും വിശ്വാസികളുടെ സമൂഹത്തിന്റെ വിശ്വാസാടിസ്ഥാനവും ഇവിടെ ഒന്നാകുന്നു. കോറിന്തോസിലായിരുന്നപ്പോൾ ക്രൂശിതനെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലായെന്നു പൗലോസ്ശ്ലീഹാ തീരുമാനിക്കുന്നു. ലൗകികവിജ്ഞാനം ആർജിക്കാൻ ശ്ലീഹായ്ക്കു സാധ്യതകളുണ്ടായിരുന്നുവെന്നതു തീർച്ചയാണ്. എന്നാൽ അവയെക്കാളെല്ലാമുപരി ക്രൂശിതനെക്കുറിച്ചുള്ള അറിവിൽ ആഴപ്പെടുകവഴി കുരിശിന്റെ ഭോഷത്തം എന്ന അത്യുദാത്തമായ വിജ്ഞാനം തന്റെ സഹോദരങ്ങൾക്കു പങ്കുവയ്ക്കാൻ കഴിയുമെന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു.

അതോടൊപ്പം മാനുഷികമായ പരിമിതികളും ദൗർബല്യങ്ങളും പൗലോസ് ശ്ലീഹായ്ക്കുണ്ടായിരുന്നു. എന്നാൽ അവയൊന്നും കുരിശിന്റെ ഭോഷത്തം പങ്കുവയ്ക്കുന്നതിന്റെ ശക്തി കുറയ്ക്കുകയല്ല, വർദ്ധിപ്പിക്കുകയാണു ചെയ്തത്. അജപാലകരുടെ അജപാലനശുശ്രൂഷയുടെ പ്രവർത്തനക്ഷമത അടങ്ങിയിരിക്കുന്നത് സുവിശേഷത്തിന്റെ പ്രസക്തിയിലും അരൂപിയുടെ ശക്തിയിലുമാണ്.

### 3. സുവിശേഷം മാനുഷികവിജ്ഞാനമല്ല

*''എന്നാൽ, പക്വമതികളോടു ഞങ്ങൾ വിജ്ഞാനം പ്രസംഗിക്കുന്നു. പക്ഷേ, ലൗകികവിജ്ഞാനമല്ല; ഈ ലോകത്തിൻെറ നാശോന്മുഖരായ അധികാരികളുടെ വിജ്ഞാനവുമല്ല. രഹസ്യവും നിഗൂഢവുമായ ദൈവികജ്ഞാനമാണു ഞങ്ങൾ പ്രസംഗിക്കുന്നത്. അതു നമ്മുടെ മഹത്ത്വത്തിനായി യുഗങ്ങൾക്കു മുമ്പുതന്നെ ദൈവം നിശ്ചയിച്ചിട്ടുള്ളതുമാണ്. ഈ ലോകത്തിന്റെ അധികാരികളിൽ ആർക്കും അതു ഗ്രഹിക്കാൻ സാധിച്ചില്ല; സാധിച്ചിരുന്നെങ്കിൽ മഹത്ത്വത്തിൻെറ കർത്താവിനെ അവർ കുരിശിൽ തറയ്ക്കുമായിരുന്നില്ല. എഴുതപ്പെട്ടിരിക്കുന്നതുപോലെ, ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സു ഗ്രഹിക്കുകയോ ചെയ്തിട്ടില്ല''* (2,6–9).

ലൗകികവിജ്ഞാനവും സുവിശേഷവും പരസ്പരവിരുദ്ധമാണെന്നു സ്ഥാപിച്ച പൗലോസ്ശ്ലീഹാ, തുടർന്നു സുവിശേഷമാണ് യഥാർത്ഥ ജ്ഞാനമെന്നു വ്യക്തമാക്കുന്നു. ലോകത്തിലെ ജ്ഞാനികളും ശക്തരും സുവിശേഷസന്ദേശത്തെയും സന്ദേശവാഹകരെയും അപമാനിച്ചു. എന്നാൽ യഥാർത്ഥമായ ജ്ഞാനം ക്രൂശിതന്റേതാണ്. മിശിഹായുടെ കുരിശുമരണത്തിലൂടെ ദൈവത്തിന്റെ രക്ഷാകരപദ്ധതി യാഥാർത്ഥ്യമാക്കിത്തീർത്തുവെന്നതാണ് എല്ലാറ്റിലും മൂല്യവത്തായ അറിവ്. കുരിശിന്റെ സന്ദേശം സ്വീകരിച്ചവർ ലക്ഷ്യത്തിലെത്തിയിരിക്കുന്നു. നേരെമറിച്ച് ഈ ലോകത്തിന്റെ അറിവിലും വിശ്വാസത്തിലും ഇനിയും കഴിയുന്നവർ ലക്ഷ്യത്തിലെത്തുന്നില്ല. ദൈവം നല്കുന്നവ, അവ ലോകദൃഷ്ടിയിൽ ഭോഷത്തമെന്നു തോന്നിയാലും സ്വീകരിക്കുകയാണ് യഥാർത്ഥ പക്വത. അതുമാത്രമേ ജീവിതത്തിനു ലക്ഷ്യം നല്കുകയുള്ളൂ.

സുവിശേഷപ്രഘോഷകൻ പ്രസംഗിക്കുന്ന ദൈവത്തിന്റെ വിജ്ഞാനം രഹസ്യവും നിഗൂഢവുമാണ്. മിശിഹായിലൂടെ വെളിവാക്കപ്പെട്ട സുവിശേഷമാണത്. ലോകത്തിന്റെ വിജ്ഞാനത്തിനു ഗ്രഹിക്കാൻ കഴിയാത്ത യാഥാർത്ഥ്യമെന്നതിനാലാണ് രഹസ്യമെന്ന് അതിനെ വിശേഷിപ്പിക്കുന്നത്. ദൈവം ഇതു നമുക്കു വെളിപ്പെടുത്തിയിരിക്കുന്നു. തന്റെ ആത്മാവുമുഖേനയാണ് ദൈവം ഇതു വെളിവാക്കുന്നത്. യുഗങ്ങൾക്കുമുമ്പേതന്നെ ദൈവം നിശ്ചയിച്ച കാര്യമാണിത്. യുഗാരംഭത്തിനുമുമ്പേ ദൈവം നിശ്ചയിച്ച പദ്ധതിയാണ് നമ്മുടെ മഹത്ത്വത്തിനായുള്ള സുവിശേഷം. ഈ സുവിശേഷം സ്വീകരിച്ചവരെന്ന നിലയിൽ അതു ജീവിക്കുവാനും പ്രഘോഷിക്കുവാനും എല്ലാ ക്രൈസ്തവരും അതേപ്പറ്റി വിശ്വാസികളെ ബോധവത്ക്കരിക്കുവാൻ അജപാലകരും കടപ്പെട്ടിരിക്കുന്നു.

## 4. സുവിശേഷപ്രബോധകൻ: ദൈവാത്മാവ്

*“എന്നാൽ, നമുക്കു ദൈവം അതെല്ലാം ആത്മാവുമുഖേന വെളിപ്പെടുത്തി ത്തന്നിരിക്കുന്നു. എന്തെന്നാൽ, ആത്മാവ് എല്ലാക്കാര്യങ്ങളും, ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങൾപോലും, അന്വേഷിച്ചു കണ്ടെത്തുന്നു. മനുഷ്യന്റെ അന്തർഗതങ്ങൾ അവന്റെ ആത്മാവല്ലാതെ മറ്റാരാണറിയുക? അതുപോലെ തന്നെ, ദൈവത്തിന്റെ ചിന്തകൾ ഗ്രഹിക്കുക ദൈവാത്മാവിനല്ലാതെ മറ്റാർക്കും സാധ്യമല്ല. നാം സ്വീകരിച്ചിരിക്കുന്നതു ലോകത്തിന്റെ ആത്മാവിനെയല്ല; പ്രത്യുത, ദൈവം നമുക്കായി വർഷിക്കുന്ന ദാനങ്ങൾ മനസ്സിലാക്കാൻവേണ്ടി ദൈവത്തിന്റെ ആത്മാവിനെയാണ്. തന്നിമിത്തം, ഞങ്ങൾ ഭൗതികവിജ്ഞാന ത്തിന്റെ വാക്കുകളിൽ പ്രസംഗിക്കുകയല്ല, ആത്മാവ് ഞങ്ങളെ പഠിപ്പിച്ചതനു സരിച്ച് ആത്മാവിന്റെ ദാനങ്ങൾ പ്രാപിച്ചവർക്കുവേണ്ടി ആത്മീയസത്യങ്ങൾ വ്യാഖ്യാനിക്കുകയാണു ചെയ്യുന്നത്”* (2,10-13).

ദൈവികപദ്ധതികൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതു ലൗകികജ്ഞാനി കൾക്കല്ല, നിസ്സാരരായ ക്രിസ്തീയവിശ്വാസികൾക്കാണ്. ഇവ വെളിപ്പെടുത്ത പ്പെട്ടവയാണെന്നതിനാൽ സ്വീകരിച്ചവർക്ക് അഭിമാനത്തിനുവകയില്ല. ദൈവ ത്തിന്റെ ആഴമായ രഹസ്യങ്ങൾ ദൈവാത്മാവിനുമാത്രമേ ഗ്രഹിക്കാനും വെളി പ്പെടുത്താനും കഴിയുകയുള്ളൂ. ദൈവത്തിന്റെ രഹസ്യങ്ങൾ എപ്രകാരമാണ് ദൈവാത്മാവ് വെളിപ്പെടുത്തുന്നതെന്നു വ്യക്തമാക്കാൻ മനുഷ്യനും അവന്റെ ആത്മാവും തമ്മിലുള്ള ബന്ധത്തിന്റെ ഉദാഹരണം ഉപയോഗിച്ചിരിക്കുന്നു. ഒരാളുടെ ചിന്തകളും മനസ്സിലുള്ളവയും അയാൾക്കുമാത്രമേ അറിയാവൂ. അതുപോലെ ദൈവികപദ്ധതികൾ അറിയാനും വെളിപ്പെടുത്താനും ദൈവാ ത്മാവിനുമാത്രമേ സാധിക്കുകയുള്ളൂ.

ക്രൈസ്തവരുടെ വിശ്വാസവും വിശ്വാസാടിസ്ഥാനത്തിലുള്ള ബോധ്യ ങ്ങളും ദൈവാത്മാവിന്റെ പ്രവർത്തനഫലമാണ്. അതുകൊണ്ട് പരിശുദ്ധാ ത്മാവിനോടു തുറവിയുള്ളവർക്കേ വിശ്വാസത്തിലും വിശ്വാസാധിഷ്ഠിതമായ ബോധ്യങ്ങളിലും വളരാൻ സാധിക്കുകയുള്ളൂ. അതുപോലെതന്നെ തങ്ങളുടെ വിശ്വാസവും ബോധ്യങ്ങളും മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ അതു കേൾ ക്കുവാനും സ്വീകരിക്കുവാനും അവരെ പ്രാപ്തരാക്കുന്നതും പരിശുദ്ധാത്മാവു തന്നെയാണ്. അതുകൊണ്ട് വിശ്വാസികളുടെ സമൂഹം പ്രഘോഷണശേഷി യുള്ള സമൂഹമാകണമെങ്കിൽ അവർ ദൈവാരൂപിയോടുള്ള തുറവിയിലും വിധേയത്വത്തിലും ജീവിക്കുന്നവരായിരിക്കണം. അപ്രകാരം ജീവിക്കുവാൻ അജപാലകർക്കും അജഗണങ്ങൾക്കും സാധിച്ചെങ്കിൽമാത്രമേ ക്രൈസ്തവ സമൂഹം സുവിശേഷപ്രഘോഷണശേഷിയുള്ള സമൂഹമാവുകയുള്ളൂ.

## 5. ആത്മാവ് നല്കുന്ന വിവേചനം

*“ലൗകികമനുഷ്യനു ദൈവാത്മാവിന്റെ ദാനങ്ങൾ ഭോഷത്തമാകയാൽ അവൻ അതു സ്വീകരിക്കുന്നില്ല. ഈ ദാനങ്ങൾ ആത്മീയമായി വിവേചിക്ക പ്പെടേണ്ടവയാകയാൽ അവ ഗ്രഹിക്കാനും അവനു സാധിക്കുന്നില്ല. ആത്മീയ മനുഷ്യൻ എല്ലാ കാര്യങ്ങളും വിവേചിച്ചറിയുന്നു. അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല. കർത്താവിനെ പഠിപ്പിക്കാൻ തക്കവിധം അവി*

*ടുത്തെ മനസ്സ് അറിഞ്ഞവൻ ആരുണ്ട്? ഞങ്ങളാകട്ടെ മിശിഹായുടെ മനസ്സ് അറിയുന്നു''* (2,14-16).


വിവേചനത്തിന്റെ ആവശ്യകതയാണ് ഈ വാക്യങ്ങളിൽ വ്യക്തമാക്കുന്നത്. ലൗകികമനുഷ്യരും ആത്മീയമനുഷ്യരും ദൈവികജ്ഞാനം ഗ്രഹിക്കുന്ന കാര്യത്തിൽ ഭിന്നരാണ്. ലൗകികമനുഷ്യനെന്നാൽ, ദൈവാത്മാവിനാൽ നയിക്കപ്പെടാതെ, പ്രകൃതിയുടെ വാസനങ്ങൾക്കനുസരിച്ചു ജീവിക്കുന്നയാളെന്നാണർത്ഥം. ദൈവാത്മാവിനാൽ നയിക്കപ്പെടാത്തവർക്ക് ആത്മാവിന്റെ കാര്യങ്ങൾ സ്വീകരിക്കാൻ കഴിയുകയില്ല. അവർ അവ തിരസ്ക്കരിക്കുന്നു. അവരെ സംബന്ധിച്ച് ആത്മാവിന്റെ കാര്യങ്ങൾ ഭോഷത്തമാണ്. ഈ ലോകത്തിന്റെ കാഴ്ചപ്പാടിൽമാത്രം കാണുന്നവർക്ക്, ആത്മീയകാര്യങ്ങളെ ആയിരിക്കുന്നതുപോലെ വിലയിരുത്താൻ കഴിയുകയില്ല. ആത്മീയരായി ജീവിക്കുന്നവർക്കുമാത്രമേ ആത്മീയകാര്യങ്ങൾ ഗ്രഹിക്കുവാനും സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ.

ദൈവികകാര്യങ്ങൾ വിവേചിച്ചറിയാൻ കഴിയുന്ന, ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന 'ഞങ്ങൾ' മിശിഹായുടെ മനസ്സറിയുന്നുവെന്നു പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. 'ഞങ്ങൾ' എന്നതിൽ എല്ലാ വിശ്വാസപ്രബോധകരെയും ശ്ലീഹാ ഉൾപ്പെടുത്തുന്നു. പൗലോസും പത്രോസും അപ്പോളോയുമെല്ലാം അപ്രകാരം ഏകമനസ്സോടും ഏകാത്മാവോടുംകൂടിയാണ് സുവിശേഷശുശ്രൂഷ ചെയ്യുന്നത്. ദൈവാരൂപിയാൽ നയിക്കപ്പെടുന്ന മനുഷ്യർ തങ്ങളെത്തന്നെ ഉയർത്തിക്കാട്ടി കക്ഷിമത്സരങ്ങൾ സൃഷ്ടിക്കില്ല. അത്തരം ചിന്തകൾ ലോകത്തിന്റെ കാഴ്ചപ്പാടുള്ളവരുടേതാണ്. അതു ക്രൂശിതന്റെ സുവിശേഷസന്ദേശത്തിനു വിരുദ്ധവുമാണ്. സുവിശേഷത്തിൽ വിശ്വസിക്കുന്നവരും സുവിശേഷപ്രഘോഷകരുമായ സഭാസമൂഹം ദൈവാത്മാവിനോടു തുറവിയുള്ളവരും ദൈവാത്മാവിലുള്ള ഐക്യത്തിൽ ജീവിക്കുന്നവരുമായിരിക്കണം.

## ജീവിതസൂചിക

1. ക്രൂശിതനെക്കുറിച്ചുള്ള സന്ദേശം എന്റെ ജീവിതത്തിന്റെയും പ്രഘോഷണത്തിന്റെയും അടിസ്ഥാനമാണോ?
2. സുവിശേഷത്തിന്റെ ചൈതന്യത്തിലും അരൂപിയുടെ ശക്തിയിലും അജപാലനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
3. സുവിശേഷം ജീവിക്കുവാനും പ്രഘോഷിക്കുവാനും ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
4. ദൈവാരൂപിയോടുള്ള തുറവിയിലും വിധേയത്വത്തിലും ജീവിക്കാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. ഏകാത്മാവോടും ഏകമനസ്സോടുംകൂടെ സുവിശേഷശുശ്രൂഷ ചെയ്യുവാൻ ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?

■



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ജൂലൈ 2023**

26 വൈകുന്നേരം ചങ്ങനാശേരി ഹോളി ക്യൂൻസ് പ്രൊവിൻഷ്യൽ ഹൗസിൽ CMC സന്യാസിനിസമൂഹത്തിന്റെ പ്രൊവിൻഷ്യൽ സി. ആനി പ്രസന്ന CMC യുടെ നാമഹേതുകതിരുനാളിന്റെ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

27 രാവിലെ അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ സഞ്ജു-ആൻ ട്രീസ ദമ്പതികളുടെ കുട്ടിക്കു പ്രവേശകകൂദാശകൾ നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ഫൊറോനാ വികാരിമാരുടെയും ഫൊറോനാ സെക്രട്ടറിമാരുടെയും സമ്മേളനത്തിൽ പങ്കെടുത്തു. പുതുപ്പള്ളിയിൽ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ കബറിടത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ഭവനം സന്ദർശിക്കുകയും ചെയ്തു.

28 ബൈബിൾ അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട സമ്പൂർണ ബൈബിൾ എഴുതിയവരെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ചേപ്പുംപാറ (ചേന്നാമറ്റം) സി. അൽഫോൻസാ UP സ്കൂളിലെ 75-ാം വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ഫാത്തിമാപുരം അൽഫോൻസാ സ്നേഹനിവാസിന്റെ പുതിയ ചാപ്പൽ കൂദാശ ചെയ്തു.

29 രാവിലെ കുറിച്ചി SABS ജീവൻ ജ്യോതി മഠത്തിൽ ജൂബിലിയുടെ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയുടെ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ആർപ്പൂക്കര ചെറുപുഷ്പം ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകാംഗത്തിനു നിർമിച്ചു നൽകിയ വീട് വെഞ്ചരിച്ചു. പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ ആഘോഷമായ പരി. കുർബാന സ്വീകരണത്തിനു കാർമികത്വം വഹിച്ചു. പുന്നത്തുറ കരിങ്ങോട്ടിൽ ബിജുവിന്റെ ഭവനം വെഞ്ചരിച്ചു.

30 പെരുന്ന ഈസ്റ്റ് സെന്റ് ആന്റണീസ് ഇടവകദൈവാലയത്തിൽ അജപാലന സന്ദർശനത്തിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു; തുടർന്നു ഇടവകയിലെ സംഘടനകളുടെ പ്രതിനിധികളെയും സൺഡേസ്കൂൾ കുട്ടികളെയും അധ്യാപകരെയും കണ്ടു സംസാരിച്ചു; രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് മുഹമ്മ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട യുവദീപ്തി-SMYM സംഘടിപ്പിച്ച യുവജനദിനാഘോഷത്തിൽ (എസ്പെരൻസാ 2K23) പങ്കെടുത്തു.

വൈകുന്നേരം റോമിലെ സാന്താ ക്രോച്ചേ സെമിനാരി പ്രൊഫസേഴ്സിനെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു.

**ഓഗസ്റ്റ് 2023**

01 രാവിലെ അരുവിക്കുഴി കൊച്ചുപറമ്പിൽ ബഹു. ജോസച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷയുടെ വീട്ടിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് KCBC ധ്യാനത്തിൽ പങ്കെടുത്തു.

02-04 KCBC ധ്യാനത്തിൽ പങ്കെടുത്തു.

05 കുടമാളൂരിൽ വി. അൽഫോൻസാ ജന്മഗൃഹത്തിൽ തീർത്ഥാടനത്തോടനുബന്ധിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം പാലമറ്റം ബേത്-തോമാ ദയറായിൽ ആഘോഷമായ റംശാ പ്രാർത്ഥനയ്ക്കു മുഖ്യകാർമികത്വം വഹിച്ചു വചനസന്ദേശം നൽകി. ഉജ്ജൈൻ രൂപതാംഗമായ വാരിക്കാട്ട് ബഹു. സെബാസ്റ്റ്യനച്ചന്റെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

06 അരുവിക്കുഴി ലൂർദുമാതാ ദൈവാലയത്തിൽ അജപാലനസന്ദർശനത്തിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്നു സിമിത്തേരിസന്ദർശനം നടത്തി. ഇടവകയിലെ സംഘടനകളുടെ പ്രതിനിധികളെയും സൺഡേസ്കൂൾ കുട്ടികളെയും അധ്യാപകരെയും കണ്ടു സംസാരിച്ചു; രോഗികളുടെ ഭവനങ്ങളും ലൂർദ് ഭവൻ, LSDP ദൈവ പരിപാലനാ ഭവൻ, CST ആശ്രമം എന്നിവയും സന്ദർശിച്ചു.

07 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. പെരുന്നയിൽ 'മാലിന്യമുക്തം നവകേരളം' എന്ന ആപ്തവാക്യവുമായി നടത്തപ്പെട്ട കൺവൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ചെത്തിപ്പുഴ SD മേഴ്സി ഹോമിന്റെ ജൂബിലിയാഘോഷങ്ങൾക്കു പ്രാരംഭംകുറിച്ച സമ്മേളനം ഉദ്ഘാടനം ചെയ്തു.

08 രാവിലെ അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട കുടുംബക്കൂട്ടായ്മ ഫൊറോനാ ഡയറക്ടേഴ്സിന്റെയും ദീപിക ഫ്രണ്ട്സ് ക്ലബ് ഡയറക്ടേഴ്സിന്റെയും സമ്മേളനത്തിൽ പങ്കെടുത്തു. കോട്ടയം നഗരസഭ തിരുനക്കര പഴയ പോലീസ് സ്റ്റേഷൻ മൈതാനത്ത് അതിരമ്പുഴ, കോട്ടയം, കുടമാളൂർ ഫൊറോനകളുടെ മാതൃ-പിതൃവേദി സംഘടിപ്പിച്ച മണിപ്പൂർ ഐക്യദാർഢ്യം സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ഇന്റർഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

09 കൈനകരി സെന്റ് മേരീസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. പുതുതായി നിർമിച്ച വൈദികമന്ദിരം വെഞ്ചരിച്ചു.

10 അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട പുന്നപ്ര സെന്റ് ജോസഫ്സ് പുവർ ഹോമിന്റെ ജനറൽ ബോഡി സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പുന്നവേലി FDSHJ സന്യാസിനിസമൂഹത്തിന്റെ സേക്രഡ് ഹാർട്ട് ഹോമിൽ പുതിയ ചാപ്പൽ കൂദാശ ചെയ്തു. തുടർന്ന് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

11 അതിരൂപതാകേന്ദ്രത്തിലെ ചാപ്പലിൽ നടത്തപ്പെട്ട പ്രയർ ഫെലോഷിപ്പ് ഓഫ് ലെയ്റ്റി കൂട്ടായ്മയിൽ സന്ദേശം നൽകി. ചങ്ങനാശേരി സെന്റ് ബർക്മൻസ് കോളേജ് കാവുകാട്ടു ഹാളിൽ കോളേജ് വിദ്യാർത്ഥികൾക്കായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് നവീകരിച്ച ലൈബ്രറി വെഞ്ചരിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ഹയർ എജ്യുക്കേഷൻ സമ്മേളനത്തിൽ പങ്കെടുത്തു. നിരണം മാർ തോമാശ്ലീഹാ സെമിനാരിയിലെ വൈദികാർഥികളുമായി സംവദിച്ചു.

12 രാവിലെ മാടപ്പള്ളി ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ആഘോഷമായ വി. കുർബാന സ്വീകരണത്തിനു കാർമികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട PSC ട്രെയിനിങ് കോഴ്സിന്റെ ഉദ്ഘാടനം നിർവഹിച്ചു; മാങ്ങാനം MOC യുടെ ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട അതിരൂപതയിലെ കെയർഹോമുകളുടെ ഡയറക്ടേഴ്സിന്റെയും സുപ്പീരിയേഴ്സിന്റെയും സമ്മേളനത്തിലും വൈകുന്നേരം വടവാതൂർ സെന്റ് തോമസ് ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട കോട്ടയം ഫൊറോന മാതൃ-പിതൃവേദിയുടെ കുടുംബസംഗമത്തിലും പങ്കെടുത്തു.

13 രാവിലെ ആറുമാനൂർ മംഗളവാർത്ത ദൈവാലയത്തിൽ അജപാലന സന്ദർശനത്തിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി; സിമിത്തേരി സന്ദർശനം നടത്തി. ഇടവകയിലെ സംഘടനകളുടെ പ്രതിനിധികളെയും സൺഡേസ്കൂൾ കുട്ടികളെയും അധ്യാപകരെയും കണ്ടു സംസാരിച്ചു; രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. ബഹു. ജലസേചനവകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, ജോസ് കെ. മാണി MP, ജോബ് മൈക്കിൾ MLA എന്നിവരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. ചങ്ങനാശേരി സെന്റ് ബർക്മൻസ് കോളേജ് കാവുകാട്ടു ഹാളിൽ നടത്തപ്പെട്ട ബർക്മൻസ് ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. സന്ദേശനിലയം മാർ ജയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെട്ട ക്രിസ്ത്യൻ അസോസിയേഷൻ ഓഫ് ബിസിനസ്മെൻ (CAB) അതിരൂപതാതല ആദ്യസമ്മേളനം ഉദ്ഘാടനം ചെയ്തു.

14 രാവിലെ അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട മാർ ജോസഫ് പവ്വത്തിൽ പിതാവിനെക്കുറിച്ചുള്ള സ്മരണിക പ്രസിദ്ധീകരണം ചെയ്തു. സന്ദേശനിലയം കെട്ടിടത്തിൽ മാർ ജോസഫ് പവ്വത്തിൽ ലിറ്റർജിക്കൽ റിസർച്ച് സെന്ററിൽ ക്രമീകരിച്ചിരിക്കുന്ന മ്യൂസിയം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പാസ്റ്ററൽ സെന്ററിൽ DCMSന്റെ നവീകരിച്ച കേന്ദ്രഓഫീസ് വെഞ്ചരിച്ചു. ഉച്ചകഴിഞ്ഞ് പുന്നപ്ര മാർ ഗ്രിഗോറിയോസ് ദൈവാലയത്തിന്റെ നവീകരിച്ച പാരീഷ് ഹാൾ വെഞ്ചരിക്കുകയും മാർ ജോസഫ് പവ്വത്തിൽ ഭവനനിർമാണപദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. പടഹാരം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ ഇടവകദിനത്തിന്റെ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് നടന്ന സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്തു.

15 സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് അതിരൂപതാകേന്ദ്രത്തിൽ ദേശീയ പതാക ഉയർത്തി. രാവിലെ പാലാ സെന്റ് തോമസ് കത്തീഡ്രലിൽ

നടത്തപ്പെട്ട മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക സുവർണജൂബിലി പരി. കുർബാനയിൽ സഹകാർമികനായി. ശേഷം നടന്ന സമ്മേളനത്തിൽ ആശംസകളർപ്പിച്ചു സംസാരിച്ചു. വൈകുന്നേരം കിടങ്ങറ സെന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിന്റെ നവീകരിച്ച സിമിത്തേരിയുടെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. ആലപ്പുഴ തത്തംപള്ളി സഹൃദയ ഹോസ്പിറ്റലിന്റെ ഹോംഡേയിലും ഡയറക്ടർ മാളിയേക്കൽ ബഹു. തോമസച്ചന്റെ പൗരോഹിത്യ രജതജൂബിലിയാഘോഷത്തിലും പങ്കെടുത്തു.

16 സീറോമലബാർ എക്യുമെനിക്കൽ കൗൺസിലിന്റെ രൂപതാ ഡയറക്ടേഴ്സിന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

17 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയുടെ സുവർണ ജൂബിലി സമാപനസമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു സംസാരിച്ചു.

18 വൈകുന്നേരം കുടമാളൂർ വി. അൽഫോൻസാ ജന്മഗൃഹത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. കുമരകം നവനസ്രത്ത് തിരുകുടുംബ ദൈവാലയത്തിന്റെ പുതുതായി നിർമിച്ച ഗ്രോട്ടോയുടെ വെഞ്ചരിപ്പുകർമം നിർവഹിച്ചു.

19 രാവിലെ അതിരൂപതാകേന്ദ്രത്തിൽ കോർപ്പറേറ്റ് മാനേജുമെന്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട DISHA (Archdiocesean Initiative for Skill updation, Habit formation and Attitude generation) സമ്മേളനം ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി അസംപ്ഷൻ കോളേജ് മാർ ജോസഫ് പവ്വത്തിൽ ഹാളിൽ നടത്തപ്പെട്ട സിവിൽ സർവീസ് കോഴ്സിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

20 പുന്നവേലി ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ അജപാലനസന്ദർശനത്തിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി; സിമിത്തേരി സന്ദർശനം നടത്തി; ഇടവകയിലുള്ള സംഘടനകളുടെ പ്രതിനിധികളെയും സൺഡേസ്കൂൾ കുട്ടികളെയും അധ്യാപകരെയും കണ്ടു സംസാരിച്ചു; ഇടവകയിലെ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. വൈകുന്നേരം ചങ്ങനാശേരി സെന്റ് ബർക്മൻസ് ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ നീതി ഞായറിന്റെ ഭാഗമായി DCMS സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്തു.

■

**ജൂലൈ 2023**

24 അതിരൂപതയിലെ വൈദികർക്കായി കുന്നന്താനം സീയോൻ ധ്യാന കേന്ദ്രത്തിൽ നടത്തപ്പെട്ട വാർഷികധ്യാനത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

25 മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ കല്ലറയിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ജൂലൈ 26 മുതൽ ഓഗസ്റ്റ് 07 വരെ പോർച്ചുഗൽ ലിസ്ബണിൽ നടന്ന വേൾഡ് യൂത്ത് ഡേയിൽ പങ്കെടുക്കാൻ യാത്രയായി.

**ഓഗസ്റ്റ് 2023**

08 അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

10 ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. തിരുവനന്തപുരം വൈ.എം.സി.എ. യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഉമ്മൻ ചാണ്ടി അനുസ്മരണസമ്മേളനത്തിൽ പങ്കെടുത്തു സന്ദേശംനൽകി.

11 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ജോസഫ് മണക്കളം അച്ചനെ സന്ദർശിച്ചു.

12 മാമ്മൂട് ലൂർദുമാതാ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. തുടർന്ന് ഇടവകയിലെ പാലിയേറ്റീവ് കെയറിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഇത്തിത്താനം സെന്റ് മേരീസ് ദൈവാലയത്തിൽ വിവാഹ വാഗ്ദാനം ആശീർവദിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട കെയർ ഹോം ഡയറക്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു സംസാരിച്ചു.

13 മല്ലപ്പള്ളി പുതുശ്ശേരി ലൂർദുമാതാ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ബഹു. ജലസേചനവകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, ജോസ് കെ. മാണി MP, ജോബ് മൈക്കിൾ MLA എന്നിവരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. തെക്കേക്കര സെന്റ് ജോൺസ് ദൈവാലയത്തിൽ നടത്തപ്പെട്ട യൂത്ത് മീറ്റിൽ പങ്കെടുത്തു. ക്രിസ്ത്യൻ അസോസിയേഷൻ ഓഫ് ബിസിനസ്മെൻ (CAB) അതിരൂപതാതല ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. നിരണം ഭദ്രാസനാധിപൻ മാർ ക്രിസോസ്തമോസ് തിരുമേനിയുടെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

14 മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ച് ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു. അദേഹത്തിന്റെ ജീവിതത്തെ ആധാരമാക്കിയുള്ള സുവനീർ പ്രസിദ്ധീകരണത്തിലും മ്യൂസിയം ഉദ്ഘാടനത്തിലും പങ്കെടുത്തു. അതിരൂപതാ യുവദീപ്തി-SMYM വൈദികർക്കായി നടത്തിയ മാർ

ജോസഫ് പവ്വത്തിൽ മെമ്മോറിയൽ ബാഡ്മിന്റൻ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു.

15 സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ദേശീയപതാക വന്ദനത്തിൽ പങ്കെടുത്തു. അഭി. ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക സുവർണജൂബിലിയാഘോഷത്തിനു പാലാ സെന്റ് തോമസ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന പരി. കുർബാനയിലും തുടർന്നുള്ള സമ്മേളനത്തിലും പങ്കെടുത്തു. ആറുമാനൂരിൽ DSJ സിസ്റ്റേഴ്സ് പുതുതായി നിർമിച്ച മഠത്തിന്റെ വെഞ്ചരിപ്പും കപ്പേളയുടെ കൂദാശാകർമവും നിർവഹിച്ചു. ആലപ്പുഴ തത്തംപള്ളി സഹൃദയ ഹോസ്പിറ്റലിന്റെ ഹോംഡേയിലും ഡയറക്ടർ തോമസ് മാളിയേക്കൽ അച്ചന്റെ പൗരോഹിത്യ രജതജൂബിലിയാഘോഷത്തിലും പങ്കെടുത്തു.

16 ചെത്തിപ്പുഴ SD മേഴ്സി ഹോമിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. മല്ലപ്പള്ളിയിൽ നടന്ന ഖാദി മീറ്റിങ്ങിൽ പങ്കെടുത്തു. വൈകുന്നേരം നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ വൈദികാർഥികൾക്കു ക്ലാസ് നയിച്ചു.

17 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയുടെ സുവർണജൂബിലിയാഘോഷങ്ങളുടെ സമാപനസമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. വൈകുന്നേരം കുടമാളൂർ വി. അൽഫോൻസായുടെ ജന്മഗൃഹത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തിരുവല്ലയിൽ നടത്തപ്പെട്ട നിറപറ പാപ്പച്ചന്റെ സപ്തതിയാഘോഷത്തിൽ പങ്കെടുത്തു സംസാരിച്ചു


18 വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് ഡീക്കന്മാർക്കു ക്ലാസ് നയിച്ചു. ഇല്ലിമൂട് തൂമ്പുങ്കൽ മറിയാമ്മ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. മുട്ടാർ സെന്റ് ജോർജ് ദൈവാലയത്തിൽ നടന്ന ഖാദി യൂണിറ്റിന്റെ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു.

19 പൊടിപ്പാറ ഹോളി ഫാമിലി ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. തുടർന്ന് പാലിയേറ്റീവ് കെയറിന്റെയും ഡയാലിസിസ് യൂണിറ്റിന്റെയും ഉദ്ഘാടനകർമം നിർവഹിച്ചു. കോർപ്പറേറ്റ് മാനേജുമെന്റിന്റെ നേതൃത്വത്തിൽ അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട DISHA (Archdiocesean Initiative for Skill updation, Habit formation and Attitude generation) സമ്മേളനത്തിൽ പങ്കെടുത്തു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിവാഹമാശീർവദിച്ചു. കരവാളൂർ നിത്യസഹായമാതാ ദൈവാലയത്തിൽ അജപാലനസന്ദർശനത്തിന്റെ ഭാഗമായി രോഗീസന്ദർശനം നടത്തി. തുടർന്ന് യുവജനങ്ങളോടൊപ്പം സായാഹ്നപ്രാർത്ഥനയിൽ പങ്കെടുക്കുകയും സംവദിക്കുകയും ചെയ്തു

20 കരവാളൂർ നിത്യസഹായമാതാ ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. അരുവിക്കുഴി ലൂർദുമാതാ ദൈവാലയത്തിൽ നടന്ന യൂത്ത് മീറ്റിൽ യുവജനങ്ങളോടു സംസാരിച്ചു.

■





# ENGAGEMENTS

## SEPTEMBER 2023

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 09:15 am | *Curia* |
| | 11:00 am | NEST Core Team Visit |
| | 04:30 pm | Holy *Qurbana* @ St. Mary's Forane, Pulincunnoo |
| 02 | 09:30 am | പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം @ തൃക്കൊടിത്താനം ഫൊറോന |
| | 02:30 pm | Advocates' Forum @ Archbishop House, Changanacherry |
| 03 | 07:00 am | Pastoral Visit @ St. Antony's, Paduvapuram |
| | 02:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം @ കുറുമ്പനാടം ഫൊറോന |
| 04 | 09:30 am | South Indian Bank Inauguration @ Changanacherry |
| | 11:00 pm | Yuvadeepti-SMYM Forane Directors Meeting @ Archbishop House, Changanacherry |
| | 06:00 pm | Sanjivani Board Meeting @ Archbishop House, Changanacherry |
| 05 | 07:00 am | Josephine Formation House Silver Jubilee @ Ithithanam |
| | 11:00 am | Teachers' Day Celebration @ Mar Gregorios College, Punnapra |
| 06 | 06.30 am | Baptism @ St. Mary's, Vazhappally West (Parekadav) |
| | 10:00 am | Teachers' Mega Convention @ St. Berchmans College Kavukattu Hall, Changanacherry |
| 07 | 11.00 am | Indoor Stadium Blessing @ Lourdes Forane, Kottayam |
| | 02:30-5:00 pm | Visitors |
| 08 | 07:30 am | Holy *Qurbana* @ St. Mary's, Parel |
| | 09:15 am | *Curia* |
| | 10:30 am | CSM Directors Meeting @ Archbishop Hourse, Changanacherry |
| | 05:30 pm | Centenary Meeting @ St. Mary's, Ithithanam |
| 09 | 11:00 am | Marriage @ St. Mary's Metropolitan, Changanacherry |
| | 03:00 pm | ദൈവാലയകൂദാശ @ ദനഹാപ്പള്ളി, പന്തളം |
| 10 | 06:30 am | Pastoral Visit @ St. George, Thottackad |
| | 02:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം @ ചമ്പക്കുളം ഫൊറോന |

| | | |
|---|---|---|
| 11-13 | | Engaged |
| 14 | 10:30 am | CSM Directors Meeting @ Archbishop House, Changanacherry |
| | 02:30-5:00 pm | Visitors |
| 15 | 09:15 am | *Curia* |
| | 06:00 pm | Regional Bishops' Retreat @ Archbishop House, Changanacherry |
| 16 | 02:30 pm | Inter Eparchial Meeting @ Archbishop House, Changanacherry |
| 17 | 08:30 am | Church Blessing & Holy *Qurbana* @ St. Sebastian's, Ayarkunnam |
| | 02:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം @ കുടമാളൂർ ഫൊറോന |
| 18 | 12:00 noon | Betrothal @ Lourdes Forane, Kottayam |
| 19 | 10:30 am | Center for Higher Education Meeting @ Archbishop House, Changanacherry |
| | 02:30-5:00 pm | Visitors |
| 20 | 10:30 am | Presbyteral Council @ Archbishop House, Changanacherry |
| 21 | 05:00 pm | Holy *Qurbana* & Inauguration of Golden Jubilee @ ASMI Convent, Amboori |
| 22-24 | | CBCI Standing Committee |
| 25 | 06:00 pm | Inter Department Meeting @ Archbishop House, Changanacherry |
| 26 | | Visitors |
| 27 | 09:15 am | *Curia* |
| | 03:00 pm | മാതൃ- പിതൃവേദി 'കുടുംബസംഗമം' @ എടത്വാ ഫൊറോന |
| 28 | 11:00 am | Jubilee & First Profession of Apostolic Oblates Sisters @ Spirituality Centre, Manganam |
| 30 | 09:00 am | Holy *Qurbana* & Golden Jubilee Meeting @ Little Flower, Aryad |
| | 04:00 pm | Holy *Qurbana* @ Orslem Chapel, Champakulam |

**FR. SECRETARY - 9447507393**

■



**Mar Thomas Tharayil**
Auxiliary Bishop of Changanacherry

# ENGAGEMENTS
## SEPTEMBER 2023

| | | |
|---|---|---|
| 01 | 09:00-11:30 am | *Curia* |
| | 02:30-04:30 pm | Visitors |
| | 07:00 pm | Holy *Qurbana* @ Kudamaloor, St. Mary's Major Archiepiscopal |
| 02 | 06:30 am | Holy *Qurbana* @ Kottackupuram, St. Mathew's |
| | 01:30 pm | Holy *Qurbana* @ Rajakumari, Daivamatha |
| 03 | 07:00 am | Holy *Qurbana* @ Alappuzha Vandanam, Mother Teresa Care Home |
| | 06:00 pm | സാംസ്കാരികസമ്മേളനം @ മണർകാട്, സെന്റ് മേരീസ് കത്തീഡ്രൽ |
| 04 | 06:00 pm | Sanjivani Charitable Trust Board Meeting @ Changanacherry, Archbishop House |
| 05 | 06:30 am | Holy *Qurbana* @ Changanacherry, Pastoral Centre |
| | 02:30 pm | Talk @ Ithithanam, Asha Bhavan |
| 06 | 10:00 am | Teachers' Mega Convention @ Changanacherry, St. Berchmans College, Kavukattu Hall |
| | 02:00 pm | കുടുംബസംഗമം @ ചമ്പക്കുളം, സെന്റ് മേരീസ് ബസിലിക്ക |
| 07 | 10:00 am | Induction Program @ Chengannur, Providence College of Engineering |
| | 03:00 pm | Chapel Consecration @ Mallapally, St. Antony's Adoration Convent |
| 08 | 10:30 am | Holy *Qurbana* @ Pulincunnoo, St. Mary's Forane |
| | 04:30 pm | Holy *Qurbana* @ Parel, St. Mary's |
| 09 | 10:00 am | Holy *Qurbana* @ Arpookara, Little Flower (Cherupushpam) |
| | 03:00 pm | Forane Council Inauguration @ Thrickodithanam, St. Xavier's Forane |
| | 07:00 pm | CML Forane Camp @ Champakulam, BKM Public School |
| 10 | 07:30 am | Holy *Qurbana* @ Pandalam, Danahapally |
| | 12:00 Noon | Parish Day @ Kooroppada, Mar Sleeva |
| | 02:30-04:30 pm | Visitors |

| | | |
|---|---|---|
| 11-15 | | Priests' Retreat @ Ramanathapuram Eparchy |
| 15-16 | | Regional Bishops' Retreat @ Changanacherry, Archbishop House |
| 16 | 02:00 pm | Inter Diocesean Meet |
| | 05:00 pm | Holy *Qurbana* @ Kilimala, SMMI Convent |
| 17 | | Pastoral Visit @ Dalumughom, St. Mary's |
| 18-19 | | Class @ Kakkanad, Mount St. Thomas |
| 20 | 10:00 am | Presbyteral Council @ Changanacherry, Archbishop House |
| | 02:30-04:30 pm | Visitors |
| 21 | 09.00-03:00pm | KCBC Vocation Promoters' Meet @ Palarivattom, POC |
| 22 | 10:00 am | CML അതിരൂപതാ കൗൺസിൽ @ ചങ്ങനാശേരി, സെന്റ് ബർക്ക്മൻസ് കോളേജ് കാവുകാട്ടു ഹാൾ |
| | 03:00 pm | കുടുംബസംഗമം @ പുളിങ്കുന്ന്, സെന്റ് മേരീസ് ഫൊറോന |
| 23-24 | | Pastoral Visit @ Kuchapuram, St. Joseph's |
| 25-29 | | Priests' Retreat @ Kanjirappally Eparchy |
| 30 | 11:45 am | Baptism @ Thrickodithanam, St. Xavier's Forane |
| | 02:30-04:30 pm | Visitors |

**FR. SECRETARY - 8078088468**

## ഐക്കൺ വിവരണം
**(കവർ ബാക്ക്)**

## വി. കുരിശിന്റെ മാറോണൈറ്റ് ഐക്കൺ

ഈശോമിശിഹായെ തറച്ച വി. കുരിശ് കണ്ടെത്തിയ ഹെലേന രാജ്ഞിയെയും മകനും റോമൻ ചക്രവർത്തിയും ക്രിസ്തുമതം റോമൻ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതവുമാക്കിയ കോൺസ്റ്റന്റൈൻ ദി ഗ്രേറ്റിനെയും ഐക്കണിൽ വരച്ചിരിക്കുന്നു. **സെപ്റ്റംബർ 14 നു മാർ സ്ലീവായുടെ പുകഴ്ച** തിരുസഭയിൽ ആഘോഷിക്കുന്നു.

# മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ




## സ്മരണിക പ്രസിദ്ധീകരണം





14 ഓഗസ്റ്റ് 2023

## ഗോൾഡൻ ജൂബിലി സമാപനം (17 ഓഗസ്റ്റ് 2023)

1973



2023

സെന്റ് തോമസ് മൈനർ സെമിനാരി, കുറിച്ചി

**VEDAPRACHARA MADHYASTAN VOL.96 No.03 2023 SEPTEMBER**
Date of Publication: 31-08-2023
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month



## പാവനസ്ലീവായിൽ രക്ഷ നുകർന്നവരാം
## നമ്മുടെയഭിമാനം നിത്യം സ്ലീവായിൽ

**(ഓനീസാ ദ്സപ്രാ, സ്ലീവാക്കാലം ഒന്നാം വെള്ളി)**

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org